KOTTAYAM PUBLIC LIBRARY

Call No. M294.592 Acc. No. 7…19

Author: രാമചന്ദ്രൻ സി നാ

Title: ഗീതയും ആത്മവിദ്യ

To

Kottayam Public Library.

# ഗീതയും

# അറേറാമിക്

# എനർജിയും

MANICKOM

# Gita and Atomic Energy

*By*

**C. K. RAMACHANDRAN,**
B. E. (Mech.), A. M. I E. (Indi
"CHERTHEDATH" ANTIKAD.

*Published by*

SUPERINTENDENT,
KOODALMANICKOM DEVASWOM,
IRINJALAKUDA.

*Printed by*

St. George's Press, Irinjalakuda.

FIRST EDITION APRIL 1968
NO. OF COPIES 1000
PRICE RS. 1-50

Copyright reserved by
C. K. RAMACHANDRAN, Author.

# ഗീതയും അറ്റോമിക് എനർജിയും

75519

ഗ്രന്ഥകർത്താവ്:

**സി. കെ. രാമചന്ദ്രൻ,** ബി. ഇ., എ. എം. ഐ. ഇ.,

ചേർത്തേടത്ത്, അന്തിക്കാട്ട്.

75519

പ്രസാധകൻ:

സൂപ്രണ്ട്, കൂടൽമാണിക്യം ദേവസ്വം,

ഇരിങ്ങാലക്കുട.

അച്ചടി:

സെൻറ് ജോർജ്ജസ് പ്രസ്സ്, ഇരിങ്ങാലക്കുട.

കോപ്പി: 1000. വില: 1 ക. 50 ന. പ.

---

പകർപ്പവകാശം — ഗ്രന്ഥകർത്താവിന്.

അവതാരിക :

കെ. എസ്സ്. കെ. തളിക്കുളം.

M294.592

ഉപോദ്ഘാതം :

പുത്തേഴത്ത് രാമമേനോൻ,

തൃശ്ശൂർ.

ആശംസ :

സ്വാമി ഈശ്വരാനന്ദൻ,

പ്രസിഡൻറ്, ശ്രീ രാമകൃഷ്ണാശ്രമം,

വിലങ്ങൻ, പുറനാട്ടുകര, തൃശ്ശൂർ.

അഭിപ്രായം :

ഡോക്ടർ എം. ജി. മേനോൻ,

എം. ബി. ബി. എസ്സ്., (EX.), ഐ. എം. എസ്സ്.,

ഇലപ്പുള്ളി, പാലക്കാട്ട്.

# അവതാരിക.

ഈ പുസ്തകത്തിൻെറ കർത്താവായ ശ്രീ. സി. കെ. രാമചന്ദ്രൻ എൻെറ ശിഷ്യനാണ്. ഉദ്ദേശം മുപ്പതു വർഷങ്ങൾക്കു മുമ്പ്, അന്നു് പത്തുവയസ്സ് തികഞ്ഞിട്ടില്ലാത്ത രാമചന്ദ്രനെ ഇംഗ്ലീഷുഭാഷയിലെ ആദ്യപാഠങ്ങൾ പഠിപ്പിച്ചതു് ഞാനാണ്. തൻെറ ഈ ആദ്യകൃതിക്കു് ഞാൻ അവതാരിക എഴുതണമെന്നാണ് അദ്ദേഹത്തിൻെറ ആഗ്രഹം. ഈ പുസ്തകത്തിൽ കൈകാര്യം ചെയ്തിട്ടുള്ള വിഷയങ്ങളിൽ എനിക്കു വലിയ പിടിപ്പൊന്നുമില്ലെങ്കിലും അദ്ദേഹത്തിൻെറ ആദരപൂർവ്വമായ നിർബ്ബന്ധത്തിനു് ഞാൻ വഴങ്ങിക്കൊടുക്കുകയാണ്. എങ്കിലും, "ദൈവദൂതന്മാർ ചവിട്ടാൻ ഭയപ്പെടുന്ന ദിക്കിലേക്കു വിഡ്ഢികൾ ഓടിക്കയറുന്നു", എന്നുള്ള പഴഞ്ചൊല്ല് ഓർമ്മയിൽ വരുന്നുണ്ട്.

ചെറുതാണെങ്കിലും വിജ്ഞാനംകൊണ്ടു കനപ്പെട്ട ഈ പുസ്തകം വായിച്ചു തീർന്നപ്പോൾ ഞാൻ അത്ഭുതപ്പെട്ടു, സന്തോഷിച്ചു, അഭിമാനം കൊണ്ടു. ഞാൻ അങ്ങോട്ടു ശിഷ്യപ്പെട്ടതുപോലെ തോന്നിത്തുടങ്ങി. അദ്ദേഹം ഇതിനെത്തുടർന്ന് എഴുതിയ മററു ചില ലേഖനങ്ങളും ഞാൻ സകൌതുകം വായിച്ചുനോക്കി. ഏതാദൃശപരിശ്രമങ്ങളിൽ അദ്ദേഹം ഉപര്യുപരി വിജയിക്കുമെന്നാണ് എൻെറ ദൃഢവിശ്വാസം.

ഒരു സാധാരണ വായനക്കാരൻെറ നിലയിൽ ഞാൻ ഗീതപാരായണം ചെയ്യാറുണ്ട്. പക്ഷെ അതിൻെറ ആഴങ്ങളിലേയ്ക്കൊന്നും മുങ്ങി നോക്കുവാൻ ഇതേ വരെ സാധിച്ചിട്ടില്ല. ശ്രീ. രാമചന്ദ്രനാകട്ടെ സയൻസിൻെറ ടോർച്ചടിച്ചു കൊണ്ടു ഗീതാരഹസ്യം കണ്ടെത്താൻ നടത്തിയ പരിശ്രമങ്ങൾ അത്യന്തം അഭിനന്ദനാർഹം തന്നെയാണ്. ഓരോ നിഗമനങ്ങളിലും എത്തിച്ചേരാൻ അദ്ദേഹത്തിൻെറ ഗവേഷണോത്സുകമായ ബുദ്ധി എത്ര

ഊർജ്ജിതമായിട്ടാണ് പ്രവർത്തിച്ചിട്ടുള്ളതെന്നും എത്ര മഹത് ഗ്രന്ഥങ്ങളിൽ കൂടിയാണ് സഞ്ചരിച്ചിട്ടുള്ളതെന്നും ഈ പുസ്തകത്തിന്റെ ഓരോ ഭാഗവും വിളിച്ചു പറയുന്നുണ്ട്.

ഗഹനങ്ങളായ വിഷയങ്ങൾ പ്രതിപാദിക്കുന്നതു് എളുപ്പത്തിൽ മനസ്സിലാവുന്ന ഭാഷയിലായിരിക്കണം. ശ്രീ. രാമചന്ദ്രന് വളരെ ലളിതവും അവക്രവുമായ ഒരു ഭാഷാരീതി സ്വാധീനമുണ്ട്. ആശയങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്തു് ഒതുക്കിപ്പറയാനുമറിയാം അദ്ദേഹത്തിന്.

അവസാനമായി, ജിജ്ഞാസുക്കളായ വായനക്കാരോടു് എനിക്കു പറയാനുള്ളതു് ഇതാണ്. ഭഗവദ് ഗീതയിലെ തത്വരത്നങ്ങൾക്കു വിലയിരുത്താൻ പല മഹാന്മാരും ശ്രമിച്ചിട്ടുണ്ട്. ഇതാ ശാസ്ത്രജ്ഞനായ മറ്റൊരു ചിന്തകൻ! ആധുനികശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ഗീതയെ അപഗ്രഥിക്കുന്നു! ഒന്നു വായിച്ചു നോക്കൂ.

തളിക്കുളം,
12—4—1968.

(Sd.)
കെ. എസ്സ്. കെ.

# "ഉപോദ്ഘാതം"

അസാധാരണവും അത്യന്തം ചിന്താസുന്ദരവുമായ ഒരു കൊച്ചു ഗ്രന്ഥമാണിതു്. "ഗീതയും അറേറാമിക്ക് എനർജിയും." അതിൻെറ ഗ്രന്ഥകാരൻ "എൻജിനീറിംഗിൽ" എല്ലാ ബിരുദുകളും കരസ്ഥമാക്കീട്ടുള്ള ഒരു സർക്കാർ ഉദ്യോഗസ്ഥൻ! ഉദ്യോഗം മണലിഷ്ടികയുണ്ടാക്കുന്ന പ്രഖ്യാതമായ ഒരു നിർമ്മാണശാലയിലെ മാനേജർ! പ്രവൃത്തിസ്ഥലമോ, മന്ദതക്കും, മന്തിനും കുപ്രസിദ്ധിയാർജ്ജിച്ച ചേർത്തല താലൂക്കിലെ 'പള്ളിപ്പുറം' എന്ന 'മണലാരണ്യം'? ഗ്രന്ഥവിഷയമോ, "ഗീതയും ആറേറാമിക്ക് എനർജിയും!" "ഇതിലധികം പുനരെന്തൊരു കൗതുകം!"

ഇതിലും വലിയ ഒരു കൗതുകം കൂടിയുണ്ടു്. തമ്മിൽ ഒരു പരിചയവുമില്ലാത്തവനും വരുന്ന നവമ്പറിൽ "ശതാഭിഷിക്ത"നാകുന്നതായി പത്രപ്രഖ്യാപനം കാണുന്ന ഈ എന്നെ ഇതിൻെറ 'ഉപോദ്ഘാത'ത്തിന്നു തിരഞ്ഞെടുത്തതു്: ആകെ ഒരു ഐക്യം കാണുന്നതു് ഗ്രന്ഥകർത്താവും ഞാനും അന്യോന്യം അറിയാതെ അന്തിക്കാട്ടും മണലൂരുമായ അയൽഗ്രാമങ്ങളിൽ ജനിച്ചു വളർന്നു എന്നതും, രണ്ടാളുടേയും പേരിൽ "രാമൻ" കടന്നു കൂടീട്ടുള്ളതുമാത്രം! എന്നിട്ടും ഉപോദ്ഘാതം ഞാൻ നിർവ്വഹിക്കണം. ആവാം, അഭിമാനാനന്ദപുരസ്സരം തന്നെ ആവാം.

അഞ്ചുവർഷത്തിലധികമായി, വേമ്പനാട്ടുകായൽതീരത്തുള്ള മണലാരണ്യമായ ചേർത്തലപള്ളിപ്പുറത്തു് ഇഷ്ടികനിർമ്മാണശാലയുടെ വിസ്തൃതമായ മതിൽക്കെട്ടിന്നുള്ളിൽ സ്വന്തമായി ഒരു "ഋഷീകേശം" സൃഷ്ടിച്ചു്,. അതിനകത്തിരുന്നു, ഗീതാവിചിന്തനവും, മണലിഷ്ടികനിർമ്മാണവും ഒരു പോലെ നിഷ്കർഷം നിർവ്വഹിച്ചുപോരുന്ന അനന്യസാധാരണനും, ആദ്ധ്യാത്മികചിന്തകനുമായ ശ്രീ സി. കെ. രാമചന്ദ്രൻെറ ആജ്ഞാബലമുള്ള അപേക്ഷ

യെ ആക്ഷതന്നെ നിരസിക്കുവാൻ കഴിയും. എനിക്കതിനു കഴിഞ്ഞില്ലെങ്കിലെന്താണത്ഭുതം!

ആ ആദ്ധ്യാത്മിക നികേതനത്തിലിരുന്നുകൊണ്ട് “പ്രപഞ്ചരഹസ്യങ്ങൾ” പലതും പഠിക്കുകയും പഠിക്കുംതോറും പലതും പാകപ്പെടുകയും, പലക്കും ഫലപ്രദമാകുമാറ് സ്വാനുഭവങ്ങളെ ‘നെയ്ത്തിരികൾ’ നീട്ടിക്കാണിക്കുവാൻ ഒരു ഉൾപ്രേരണ ലഭിക്കുകയും ചെയ്തു! ആ തിരികളെ അവ അർഹിക്കുന്ന കാഞ്ചനക്കൈവിളക്കുകളിൽ പ്രതിഷ്ഠിച്ചുകഴിഞ്ഞു എന്നു പറയാൻ വയ്യ. ഇനിയും കുറേക്കൂടി പറഞ്ഞാലേ ആ ദീപസൃഷ്ടി മുഴുവനാകുകയുള്ളു എന്ന്, കയ്യിലിരുന്ന് വിറക്കുന്ന ആ തിരി കണ്ടാലറിയാം. എന്നാൽ അത് കെടാൻ പോകുന്ന തിരിയല്ല—നെയ്മയം മങ്ങുന്ന തിരിയല്ല. പ്രകാശപ്പൊലിമ പൊലിഞ്ഞുപോകുന്ന തിരിയുമല്ല—ക്രമേണ വർദ്ധമാനമായ, ജാജ്വല്യമായ, ഒരു വെളിച്ചം പരത്തുവാൻ പര്യാപ്തമായ ഒന്നാണ്!

‘ഗീത’ ഒരു പഴയ ശബ്ദമാണ്, ഒരു ‘പഴഞ്ചൻ’ പ്രസ്ഥാനമാണ്; ഇന്നത്തെ ശാസ്ത്രീയയുഗത്തിൽ, പ്രത്യേകിച്ചും “മണലിഷ്ടിക” പിടിക്കുന്ന ഒരു രംഗത്തിൽ നിന്ന്, പാടി കേൾക്കാവുന്ന ഒരു ശബ്ദമല്ല! അങ്ങിനെയല്ല, ഒട്ടുമല്ല, “ആറ്റോമിക്ക് എനർജി”യുടെ കാര്യം! ബഹിരാകാശ ഗമനത്തിന്റേയും, പണ്ടത്തെ ‘മനോനായക’നായ ചന്ദ്രന്റെ പുറംതൊലി പൊളിച്ചുകാട്ടുകയും മററും ചെയ്യുന്ന ഈ ആധുനിക ശാസ്ത്രയുഗത്തിൽ, നിത്യം കേൾക്കുന്നതും, നിരുപാധികം ആദരിക്കപ്പെടുന്നതുമായ ഒരു “രാക്ഷസീയ” ശബ്ദകോലാഹലമാണ് “അറ്റോമിക്ക് എനർജി”! ആ സ്ഥിതിക്കു രണ്ടിനേയും കൂട്ടി ചേർത്ത്,—ഗീതയേയും ആ എനർജിയേയും—ചിന്തിക്കുന്നതു തന്നെ, ഒരു ആശ്ചര്യമാണ്! ആ ചിന്താവിഷയങ്ങളെ സംയോജിപ്പിക്കുന്നത്, അതിലും വലിയ ആശ്ചര്യമാണ്! രണ്ടിനേയും കൂട്ടിയിണക്കുന്നതോ, പറയാനുമില്ല! അതാണീ ചെറിയ പുസ്തകത്തിൽ, പുത്തനായി നിർവ്വഹിച്ചിരിക്കുന്നത്.

"വേദങ്ങളെ കടലിൽ എറിയണ''മെന്നു് വേദാന്തികളല്ല, പല അസംപ്രേക്ഷ്യകാരികളും, മുറവിളി കൂട്ടുമ്പോൾ, വേദങ്ങൾ എന്നുണ്ടായി എന്നും, ആരുണ്ടാക്കിയെന്നും, അറിയാത്തതുകൊണ്ടു് അതിലെ പ്രതിപാദ്യങ്ങൾ അനശ്വരങ്ങളും അപ്രമേയങ്ങളുമാകയാലും അവയെ അനാദിയെന്നും, അപൌരുഷേയമെന്നും, വേദവിത്തുക്കളായ പാശ്ചാത്യന്മാർ പോലും തമ്പോറടിക്കുമ്പോൾ, വേദങ്ങളിലെ ജ്ഞാനകാണ്ഡമായ ഉപനിഷത്തുക്കളുടെ—വേദാന്തമതത്തിന്റെ തന്നെ—സാരസംഗ്രഹമായ ഭഗവത്ഗീത, കടലിൽ എറിയേണ്ടതല്ല, കടഞ്ഞുനോക്കേണ്ടതാണെന്നു് ശ്രീമാൻ രാമചന്ദ്രനുണ്ടായ ഒരു ഭൂതോദയത്തിന്റെ ചെറിയ ഒരു അലയടി മാത്രമാണു് നാം ഈ ഗ്രന്ഥത്തിൽ കാണുന്നതു്. അതു പൂർണ്ണമായിട്ടില്ലായിരിക്കാം. അതിന്റെ പശ്ചാത്തലവർണ്ണന വളരെ വിസ്തരിച്ചിട്ടില്ലായിരിക്കാം, അതിലെ നിഗമനങ്ങൾ വഴിക്കുവഴിയല്ലാത്തതുകൊണ്ടു് ചിന്താശീലന്മാരല്ലാത്തവൎക്കു് പക്ഷെ, എളുപ്പം ഗ്രഹിക്കാവുന്നതല്ലായിരിക്കാം. എന്നാലും അതു വളർത്തുന്ന ചിന്താമണ്ഡലം, അഭൌമവും അത്യന്തം സൂക്ഷ്മസുന്ദരവും തന്നെയാകുന്നു!

ഗീതയെ എല്ലാവരും പഠിച്ചിട്ടുണ്ടു്. പലരും വ്യാഖ്യാനിച്ചിട്ടുണ്ടു്. ശ്രീശങ്കരനു മുമ്പും വളരെ വ്യാഖ്യാനങ്ങളുണ്ടത്രെ. എല്ലാവരും, പക്ഷെ, വ്യാഖ്യാനിച്ചിട്ടുള്ളതു്, ഗീതയെയല്ല, അവരവരെയാണു്!! ദ്വൈതം, അദ്വൈതം, വിശിഷ്ടാദ്വൈതം, ജ്ഞാനം, സാംഖ്യം, കൎമ്മം, യോഗം എന്നിങ്ങനെ അവരവൎക്കിഷ്ടപ്പെട്ടതു് ഏതോ അതിലേക്കു് ഗീതയെ പിടിച്ചുവലിക്കുകയല്ലാതെ, അവരിൽ ആരെങ്കിലുമുണ്ടോ, വാസ്തവത്തിൽ, ഗീതയെ ഗീതയായി വ്യാഖ്യാനിച്ചിട്ടു്?

അങ്ങിനെയൊന്നു ചെയ്യാനാണു് ഗ്രന്ഥകർത്താവു ശ്രമിച്ചിട്ടുള്ളതു്. ഗീത ശ്രീകൃഷ്ണഭഗവാൻ ഉപദേശിച്ചതെങ്കിൽ, അതു് ഉപനിഷത്തുക്കളുടെ സാരസൎവ്വസ്വമാണെങ്കിൽ, ഉപനിഷത്തുക്കൾ വേദാന്തവിജ്ഞാനമെങ്കിൽ, വേദങ്ങൾ അപൌരുഷേയങ്ങളാ

ണെങ്കിൽ, തീർച്ചയായും ഏതുകാലത്തേക്കും, ഏതു രാഷ്ട്രത്തിന്നും, ഏതു വർഗ്ഗത്തിന്നും, ഏതു പുതിയ പുതിയ ശാസ്ത്രീയ പുരോഗതികൾക്കും, അതു് അനുസാരമായും, ആസ്പദമായും വരണം. വരാതെ നിർവ്വാഹമില്ല. അറോമിക്ക് എനർജിയും ശൂന്യാകാശ പ്രദക്ഷിണവും മററും മററും അതിൽ അന്തർഭവിച്ചിരിക്കണം. അതു പുത്തൻ കണ്ടുപിടുത്തങ്ങൾക്ക വിരുദ്ധമല്ല, നേരെമറിച്ച് അവലംബമായിരിക്കണം. അതാണു് മൌലികമായ, ശുദ്ധമൂലമായ, ചിന്ത! അതിൻെറ വികാസ വ്യവസായമാണീ കൊച്ചുപുസ്തകം.

ഗീതയിലെ ത്രിഗുണങ്ങളായ സത്വരജസ്തമോഗുണങ്ങളെ അവയെ നെഹറുജിയെ പോലെ ചിലരൊക്കെ നിഷേധിച്ചാലും, ആധുനികശാസ്ത്രത്തിലെ എലക്ട്രോൺ, ന്യൂട്രോൺ, പ്രോട്ടോൺ, എന്നീ മൂന്നു ശക്തികളോടുകൂടി തട്ടിച്ചുനോക്കുമ്പോൾ നമുക്കു തന്നെ അത്യത്ഭുതം തോന്നും. "എല്ലാംകൂടി ഒന്നേയുള്ള അവസാനത്തെ പരിച്ഛേദനത്തിൽ" എന്നു് ഇന്നു് എല്ലാ ശാസ്ത്രജ്ഞന്മാരും സമ്മതിച്ചിരിക്കുന്നു! അവർ "നാനാത്വത്തിലെ ഏകത്വത്തെ" അങ്ങിനെ അനുവദിച്ചിരിക്കുന്നു! ഒന്നിൽ നിന്നു് എല്ലാം ഉണ്ടായി എന്ന നിഗമനത്തിൽ എത്തിയിരിക്കുന്നു! അതിനെ ബ്രഹ്മമെന്നോ, മുക്തിയെന്നോ, മോക്ഷാവസ്ഥയെന്നോ എന്തു പറഞ്ഞാലും!

അതിനെയാണു്, ആ പരമതത്വത്തേയും, രഹസ്യത്തേയുമാണു്, വേദോപനിഷത്തുക്കളും ഗീതയും സ്ഥാപിച്ചിരിക്കുന്നതെന്നാണു്, ചുരുക്കത്തിൽ ശ്രീ. രാമചന്ദ്രൻെറ നിഗമനം. അതു സത്യനിഷ്ഠവും, ശ്രദ്ധേയവും ആകുന്നു. അങ്ങിനെ ആരും ഇതുവരെ ഉറപ്പിച്ചു പറഞ്ഞിട്ടില്ല. കാരണം, എല്ലാവരും "മൊയലിൻെറ കൊമ്പെണ്ണുകയാണു്" ഗീതാവ്യാഖ്യാനത്തിൽ ചെയ്തിട്ടുള്ളതു്!

മുമ്പു് സൂചിപ്പിച്ചതുപോലെ പറയാനുള്ളതു് മുഴുവനും പറഞ്ഞിട്ടില്ലെന്നും ചിലഭാഗം കുറെക്കൂടി സ്പഷ്ടീകരിക്കാനുണ്ടെന്നും,

സമ്മതിക്കുന്നതിന്നു്, ശ്രീരാമചന്ദ്രനും വിരോധമുണ്ടാകയില്ല. എല്ലാം പറഞ്ഞും ചിന്തിച്ചും വിവരിച്ചും വരുമ്പോൾ, "ഗീതാനുസാരികളാണു്" ഇന്നത്തെ കണ്ടുപിടുത്തങ്ങളെല്ലാമെന്നും, ഇനി കണ്ടുപിടിക്കപ്പെടുവാനിരിക്കുന്നവയെന്നും സംശയാതീതമാംവണ്ണം, തീൎച്ചപ്പെടുന്നതാണു്!

ഇത്രയും സുധീരവും, സുന്ദരവുമായ ഒരു ചിന്താഗതിയെ, സ്വാന്തമായി സ്വരൂപിച്ചു്, പ്രസിദ്ധീകരിച്ചു്, ചിന്തകന്മാരുടെ ചിന്തകളെ ഉദ്ദീപിപ്പിക്കുന്ന ഗ്രന്ഥകർത്താവിൻെറ ഈ സഹൃദ്യമത്തിൻെറ "ഉപോൽഘാത"ത്തിന്നു്, എങ്ങാനും കിടക്കുന്ന എന്നെ കണ്ടുപിടിച്ചു്, ഏല്പിച്ചതിൽ ഞാൻ അതീവ സന്തുഷ്ടനായിരിക്കുന്നു എന്നു് സമ്മതിക്കട്ടെ! അതിൽ എനിക്കുള്ള ഹൃദയംഗമമായ കൃതജ്ഞതയെ ഞാൻ പ്രദൎശിപ്പിക്കുകയും, ഈ പുസ്തകത്തിന്നു സകല പ്രചാരവും വിജയവും സിദ്ധിക്കുമാറാകട്ടെ എന്നു പ്രാൎത്ഥിക്കുന്നതോടുകൂടി, മേലാൽ ഈ വഴിക്കുള്ള വിചിന്തനങ്ങളെ വിപുലപ്പെടുത്തുവാനുള്ള ശക്തിയും സന്മനസ്സും ശ്രീ. സി. കെ. രാമചന്ദ്രനുണ്ടാകട്ടെ എന്നു് ആശംസിക്കുകയും ചെയ്യുന്നു! ഇത്രയും, തീരെ അപര്യാപ്തമായ വിധത്തിലെങ്കിലും, പറഞ്ഞുകൊണ്ടു, ഈ അനഘമായ നൂതനഗ്രന്ഥത്തിൻെറ ഉപോദ്ഘാതം ഞാൻ സാദരം, സവിനയം നിൎവ്വഹിച്ചുകൊള്ളുന്നു.

തൃശ്ശൂർ,
24-3-1968.

(Sd.)
പുത്തേഴത്തു രാമമേനോൻ.

# ആശംസ.

ശ്രീമാൻ സി. കെ. രാമചന്ദ്രന്റെ ലേഖനങ്ങൾ മലയാളത്തിൽ ഒരു പുതിയ ചിന്താസരണിയെയാണ് വെട്ടിത്തുറക്കുന്നത്. ശാസ്ത്രവും മതവും തമ്മിൽ വളരെ അധികം വാദകോലാഹലങ്ങൾ നടക്കുന്ന ഒരു കാലമാണല്ലോ ഇതു്. ശാസ്ത്രത്തിന്റെ പുതിയ കണ്ടുപിടുത്തങ്ങളോടു് അന്ധമായ ഭക്തി പുലർത്തുന്ന ആളുകൾ പറയുന്നു: "ഇതു് ശാസ്ത്രത്തിന്റെ യുഗമാണ്. മതത്തിന്റെ സിദ്ധാന്തങ്ങളെല്ലാം ഇന്നു് പഴഞ്ചനായിപ്പോയിരിക്കുന്നു. ഓരോ കാര്യങ്ങളും പരീക്ഷണങ്ങളെക്കൊണ്ടു് യുക്തിപൂർവ്വം ശാസ്ത്രം തെളിയിച്ചു തരുമ്പോൾ മതത്തിൽ കാണുന്ന അന്ധവിശ്വാസങ്ങളെ അതേപടി പിന്തുടരണമെന്നു് പറയുന്നതു് അജ്ഞതയുടെ വിലാസം മാത്രമാണ്. അതു നമ്മെ അധഃപതനത്തിലേയ്ക്കു മാത്രമേ നയിക്കു. അതുകൊണ്ടു് മതത്തിന്റെ ചട്ടക്കൂട്ടിൽ കിടന്നു ശ്വാസം മുട്ടിച്ചാകാതെ, ശാസ്ത്രം കാണിച്ചു തരുന്ന സ്വതന്ത്രമായ അന്തരീക്ഷത്തിലേയ്ക്കു വരിക. ജീവിതം സാർത്ഥകമാക്കിത്തീർക്കുക." അതേ സമയത്തു് മതാനുയായികൾ പറയുന്നു: "ശാസ്ത്രത്തിന്റെ അഭിവൃദ്ധികൊണ്ടൊന്നും മനുഷ്യനു് സമാധാനമായി ജീവിക്കാൻ സാധിക്കയില്ല. ശാസ്ത്രം വളരെ അധികം പുരോഗമിച്ചിട്ടുള്ള പാശ്ചാത്യരാജ്യങ്ങളിൽ ഇന്നു കാണുന്ന അശാന്തിയും അസ്വസ്ഥതയും അതിനു് തെളിവാണ്. അതുകൊണ്ടു് സുഖമായും സമാധാനമായും ജീവിച്ചു് ജന്മം സഫലമാക്കിത്തീർക്കുവാനാഗ്രഹിക്കുന്ന മനുഷ്യരെല്ലാം, ശാസ്ത്രത്തിന്റെ പിന്നാലെയുള്ള വിവേചനമില്ലാത്ത പരക്കംപാച്ചിൽ നിർത്തി മതാദർശങ്ങളിൽ വിശ്വസിക്കുകയും മതസിദ്ധാന്തങ്ങൾക്കനുസരിച്ചു് ജീവിക്കയുമാണ് വേണ്ടതു്". ഇങ്ങനെ ശാസ്ത്രീയമായും ധാർമ്മികമായും രണ്ടു ചേരികളിൽ നിന്നു് ജനങ്ങൾ പരസ്പരം വെല്ലുവിളിക്കുകയാണ് ചെയ്യുന്നതു്.

എന്നാൽ സൂക്ഷ്മമായി ചിന്തിക്കുമ്പോൾ ഈ കലഹം അനാവശ്യവും അസ്ഥാനവുമാണ്. ശാസ്ത്രവും മതവും ഒരുപോലെ സത്യാന്വേഷണത്തിലേർപ്പെട്ടിരിക്കയാണ്. പക്ഷെ, വിഭിന്ന മാർഗ്ഗങ്ങളിൽകൂടിയാണെന്നു മാത്രം. ഒന്നു ഭൌതികങ്ങളായ കാര്യങ്ങളെ വിശകലനം ചെയ്തു് യാഥാർത്ഥ്യം കണ്ടുപിടിക്കുവാൻ ശ്രമിക്കുമ്പോൾ മറെറാന്നു് ആദ്ധ്യാത്മികമാർഗ്ഗത്തിൽ പരീക്ഷണങ്ങൾ നടത്തി യാഥാർത്ഥ്യം കണ്ടുപിടിക്കുന്നു. മനുഷ്യജീവിതത്തിന്റെ പുരോഗതിക്കു് രണ്ടും ഒരുപോലെ ആവശ്യമാണ്. രണ്ടിന്റേയും പാര്യന്തികമായ ദർശനം ഒന്നേ ആവുകയുള്ളു. പക്ഷേ മതാചാര്യന്മാർ എത്തിയ ലക്ഷ്യങ്ങളിൽ ഇനിയും ശാസ്ത്രകാരന്മാർ എത്തിയിട്ടില്ലെന്നേയുള്ളു. ശാസ്ത്രകാരന്മാരുടെ ഇതഃപര്യന്തമുള്ള കണ്ടുപിടുത്തങ്ങളേയും വേദാന്തതത്വങ്ങളേയും താരതമ്യപ്പെടുത്തി അവയെ കൂട്ടിയിണക്കി കൊണ്ടുപോകുവാനുള്ള ഒരു പരിശ്രമമാണ് ശ്രീമാൻ രാമചന്ദ്രൻ ചെയ്യുന്നതു്. പ്രപഞ്ചാന്തർഗ്ഗതമായ കാര്യങ്ങളെ വിവരിക്കുന്ന ശാസ്ത്രവും പ്രപഞ്ചാതീതമായ കാര്യങ്ങളെ വിവരിക്കുന്ന മതവും തമ്മിൽ കൂട്ടി യോജിപ്പിക്കുവാനുള്ള ശ്രമം ഒരു സാഹസമല്ലേ എന്നു പലക്കും തോന്നാം. എങ്കിലും ശാസ്ത്രവും മതവും അന്യോന്യവിരുദ്ധങ്ങളല്ല, പരസ്പരം പൂരകങ്ങളാണ് എന്ന തത്വം വ്യക്തമാക്കി ശാസ്ത്രകാരന്മാരും മതാനുയായികളും തമ്മിലുള്ള കലഹം അവസാനിപ്പിച്ചു് അന്യോന്യ സഹകരണത്തോടുകൂടി ജീവിതപുരോഗതിക്കുള്ള അവരുടെ പരിശ്രമം തുടരുവാൻ ഈ ലേഖനങ്ങൾ സഹായകങ്ങളാകുമെന്നു് ഞാനാശിക്കുന്നു. പ്രസ്തുത ഗ്രന്ഥകാരന്റെ ഈ നിലയിലുള്ള പരിശ്രമം വിജയപ്രദമാക്കുവാൻ ഭഗവാൻ അനുഗ്രഹിക്കട്ടെ!

എന്നു്,

ശുഭാശംസി,

(Sd)

ഈശ്വരാനന്ദസ്വാമി,

ശ്രീരാമകൃഷ്ണാശ്രമം,
തൃശ്ശൂർ,
3—4—1968.

# അഭിപ്രായം.

ഈ പുസ്തകത്തിലെ ഉള്ളടക്കം മുമ്പ് മലയാള മനോരമ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധം ചെയ്തിരുന്നതാണ്. യാദൃശ്ചികമായിട്ടാണ് അന്ന് എനിക്ക് അതു വായിക്കാൻ സാധിച്ചതു്. ലേഖനം തൽക്കർത്താവിനെപ്പററി എന്നിൽ വലിയ മതിപ്പുളവാക്കി. അതിനുശേഷം കത്തുകൾ വഴി പരിചയപ്പെട്ടതിനെത്തുടർന്ന് ഇന്നും അഭിപ്രായങ്ങൾ പരസ്പരം എഴുതി അറിയിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഈ പുസ്തകത്തിനു് ഒരഭിപ്രായം എഴുതേണ്ട ഭാരം എന്നിൽ അർപ്പിക്കുമെന്നു് ഞാൻ ഒട്ടും കരുതിയതല്ല. ഏതായാലും ശ്രീ. രാമചന്ദ്രൻ ആവശ്യപ്പെട്ട സ്ഥിതിക്ക് അതു് ഉപേക്ഷിക്കാനും വയ്യല്ലോ.

വിഷയത്തിൻെറ കാഠിന്യം നോക്കുമ്പോൾ ശ്രീ. രാമചന്ദ്രൻെറ ഉദ്യമം ഒരു സാഹസം തന്നെയല്ലേ! അതെന്തെന്നാൽ ഇതുവരേക്കും ആരുംതന്നെ ഈ വിഷയത്തിൽ ഈ ഒരു പുതിയ സമീപനരീതി അവലംബിച്ചിട്ടില്ല. വേദാന്തവും ശാസ്ത്രവും കൂടി പൊരുത്തപ്പെടുത്തുകയെന്നതു് പ്രയാസമേറിയ ഒരു പണിയാണ്. ആദ്ധ്യാത്മികവും ഭൌതികവും കൂട്ടിഘടിപ്പിക്കുന്ന ഒരു കണ്ണി നിർമ്മിക്കുക — രചിക്കുക എന്നതു് ചിന്തിക്കാൻപോലും പ്രയാസമാണ്. കാരണം അതു് അത്രകണ്ടു് വൈരുദ്ധ്യങ്ങൾ നിറഞ്ഞിരുന്നതാണെന്നാണ് നാം ഇതുവരെ അറിഞ്ഞിരുന്നതു്. ഏതായാലും വിഷയം വളരെ ഗഹനം തന്നെ. രണ്ടു വിഷയങ്ങളിലും ഒരുപോലെ പാണ്ഡിത്യവും ഗ്രന്ഥങ്ങളിൽ അങ്ങുമിങ്ങും ചിതറിക്കിടക്കുന്ന വാക്യങ്ങളെ യഥാവിധി കൂട്ടിയിണക്കി ശാസ്ത്രസിദ്ധാന്തമായി പുറത്തിറക്കാനുള്ള കഴിവും എല്ലാററിനും പുറമെ അതിരററ ക്ഷമയും വേണ്ടിവരുന്നു. അതിനാൽ വളരെ ശ്രമപ്പെട്ടിട്ടുള്ള ശ്രീ രാമചന്ദ്രൻെറ ഈ "കണ്ടുപിടുത്തം" തികച്ചും അഭിനന്ദനാർഹമാണ്.

ഗ്രന്ഥകർത്താവ് സ്ഥാപിക്കുന്നത് ജീവാത്മാവ് ന്യൂട്രോണും ഈശ്വരൻ എനർജിയും ആണെന്നാണ്. ന്യൂട്രോൺ എനർജിയിൽ ലയിക്കുന്നതിനെയാണ് മോക്ഷം എന്നു പറയുന്നത്. ഈ വീക്ഷണഗതി ഏററവും യോജിച്ചതാണെന്നതിന്നു് ഉപനിഷത്തുകളിൽതന്നെ തെളിവുകളുണ്ട്. "അണോരണീയം മഹതോമഹീയം" അതായതു് വ്യഷ്ടിയും സമഷ്ടിയും ഒന്നെന്നു സൂചിപ്പിക്കുന്നു. "അഹംബ്രഹ്മാസ്മി" എന്നതിൻെറ അർത്ഥവും അതുതന്നെ. പൂർണ്ണത്വമുള്ള പരമാത്മാവും ഉപാധികളാൽ ബന്ധനായ ജീവാത്മാവും യഥാർത്ഥത്തിൽ ഒന്നുതന്നെ. ന്യൂട്രോൺ ജീവാത്മാവിൻെറ അവിനാശിത്വത്തേയും എനർജി ഈശ്വരൻെറ അനന്തതയേയും വെളിവാക്കുന്നുണ്ട്. അങ്ങിനെ ഭാവനയിൽ മാത്രം സ്ഥിതിചെയ്യുന്ന ജീവാത്മാവും ഈശ്വരനും ഭൌതികലോകത്തിലെ 'ശക്തി'യുടെ ഘടകങ്ങളാണെന്നു് വരുന്നു. ഈ വീക്ഷണഗതി കുറെകൂടി പരിപുഷ്ടിപ്പെടുമ്പോൾ ആദ്ധ്യാത്മികത്തിന്നുള്ള വില കുറഞ്ഞുപോയേക്കാമെങ്കിലും പരിഭവിക്കേണ്ടതില്ല. സത്യാന്വേഷണമാണ് തത്വശാസ്ത്രമുൾപ്പെടെ എല്ലാ ശാസ്ത്രങ്ങളുടേയും ലക്ഷ്യം. ചൈതന്യം ചലനാത്മകത്വം എന്നു തുടങ്ങിയ ഭാവങ്ങൾ പരാശക്തിയുടെ അടിസ്ഥാനത്തിലാണെന്നു പറയുന്നതിന്നു പകരം ഊർജ്ജതന്ത്രപ്രകാരം ഇവ എനർജിയുടെ പ്രകടിതഭാവങ്ങളാണെന്നു പറഞ്ഞാൽ നിരീശ്വരവാദമാണെന്നു് തോന്നിയേക്കാമെങ്കിലും വസ്തുതയുടെ യാഥാർത്ഥ്യത്തിനു് ഹാനി തട്ടില്ല. അതേ നമുക്കു് വേണ്ടതാനും.

ശ്രീ. രാമചന്ദ്രൻെറ ഈ ഉദ്യമം ഏതു നിലക്കും സഫലമായിട്ടുണ്ട്. തത്വശാസ്ത്ര ഗ്രന്ഥങ്ങളിലേക്കു് വെളിച്ചം വീശുന്നതിന്നു പുറമെ ഭൌതിക ശാസ്ത്രങ്ങൾ മാത്രം പഠിച്ചിട്ടുള്ള ഇന്നുള്ളവർക്കു വൈദികകാലത്തെ ഋഷികൾ ലാബറട്ടറിയുടേയും മററും സഹായം കൂടാതെ പലതും കണ്ടുപിടിച്ചെന്നും മനസ്സിലാക്കാം. ഇക്കാര്യത്തിൽ ശ്രീ. രാമചന്ദ്രനെപ്പോലുള്ളവരുടെ ശ്രമം സ്തുത്യർഹമാണ്. ആ വഴിക്കു് അഹല്യയെപ്പോലെ ഇന്നു് ശിഥിലീകരിച്ചിരിക്കുന്ന

ഹൈന്ദവ തത്വശാസ്ത്രങ്ങളെ പുനർജീവിപ്പിച്ച് ആർഷസംസ്കാരത്തിലെ ചിന്താസരണി ലോകോപകാരാർത്ഥം വെളിപ്പെടുത്താനും സാധിക്കുമെന്നുള്ളതിൽ തർക്കമില്ല. ശ്രീ. രാമചന്ദ്രൻെറ ഉദ്യമങ്ങൾക്ക് സകല വിജയവും ഈ കൊച്ചു ഗ്രന്ഥത്തിനു് അതർഹിക്കുന്ന പ്രശസ്തിയും ആശംസിച്ചുകൊണ്ടും എന്നെ ആധുനിക ശാസ്ത്രവും വേദാന്തവും അടങ്ങിയ ഈ കൊച്ചു ഗ്രന്ഥത്തിൻെറ ഒരഭിപ്രായമെഴുതുന്നതിന്നു് ചുമതലപ്പെടുത്തി ബഹുമാനിച്ചതിന്നുള്ള കൃതജ്ഞതയെ പറഞ്ഞുകൊണ്ടും ഞാനിവിടെ നിറുത്തട്ടെ.

ഇലപ്പുള്ളി,
21—2—1968.

(Sd)
ഡോക്ടർ എം. ജി. മേനോൻ,
M. B B. S. (Ex) I. M. S.

# മുഖവുര

ആദ്ധ്യാത്മീകം എന്നു കേൾക്കുമ്പോൾ ഭൌതികവാദവും യുക്തിവാദവും 'ഫേഷ'നാക്കീട്ടുള്ള ഇക്കാലത്തു് അഭ്യസ്തവിദ്യരെന്നു് അറിയപ്പെടുന്ന പലരും അവരുടെ മനസ്സാക്ഷിയെ വഞ്ചിച്ചാണെങ്കിൽപോലും ഒരു പുച്ഛഭാവം പുറപ്പെടുവിക്കുന്നതു് സാധാരണയാണു്. സാധാരണക്കാരായ ആദ്ധ്യാത്മിക ചിന്തകന്മാരിലും ഭൌതികമെന്നു കേൾക്കുമ്പോൾ ഇതേ അനുഭവം തന്നെയാണു് കണ്ടുവരുന്നതു്. എന്നാൽ പരമാത്മാവും ജീവാത്മാവും പോലെ ബന്ധപ്പെട്ടുകിടക്കുന്നതാണു് ഈ രണ്ടു വാദങ്ങളുടേയും സത്തയെന്നു രണ്ടു കൂട്ടരും അറിയുന്നില്ല. ഈ മഹത്തായ രഹസ്യം അറിഞ്ഞിരുന്നവനാണു് ഗീതാകാരൻ എന്ന സത്യത്തെ വെളിപ്പെടുത്താനാണു് ഞാൻ ഗീതയും അറ്റോമിക്കു് എനർജിയും എന്ന കൊച്ചു പുസ്തകത്തിൽ ഉദ്യമിച്ചിട്ടുള്ളതു്.

ഗീതക്കു അനേകം ഭാഷ്യങ്ങൾ ഇന്നു് നിലവിലുണ്ടു്. പലതും പുത്തനായി വന്നുകൊണ്ടിരിക്കുന്നുമുണ്ടു്. അതുമല്ല സാക്ഷാൽ കുരുക്ഷേത്രത്തിൽ (കൌരവപാണ്ഡവയുദ്ധം നടന്ന സ്ഥലം) സമർപ്പിക്കപ്പെട്ടിരുന്ന ഒരു ക്ഷേത്രം അടുത്ത അവസരം കാണപ്പെടുകയും ആ ക്ഷേത്രത്തിൽ മുന്നൂറോളം ഗീതാഭാഷ്യങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതും ലോകം കണ്ടുകഴിഞ്ഞിട്ടുണ്ടു്. ശ്രീ ശങ്കരാചാര്യർ, മഹർഷി മധ്വൻ, മഹർഷി രാമാനുജൻ, ശ്രീധരാചാര്യർ, ശ്രീ ശങ്കരാനന്ദസരസ്വതി എന്നിവർ ഭാഷ്യകാരന്മാരിൽ പ്രമുഖരാണു്. അവരിൽ തന്നെ പലരും അന്യോന്യം വിമർശിക്കപ്പെട്ടിട്ടുണ്ടു്. ശങ്കരാചാര്യർ തന്നെ അദ്ദേഹത്തിന്റെ ഗീതാഭാഷ്യത്തിന്റെ തുടക്കത്തിൽ പറയുന്നതു് "തദിദം ഗീതാശാസ്ത്രം സമസ്തവേദാർത്ഥസാരസംഗ്രഹഭൂതം ദുർവ്വിജ്ഞേയാർത്ഥം, തദർത്ഥാവിഷ്കരണായാനേകൈർവ്വിവൃതപദപദാർത്ഥവാക്യാർത്ഥന്യായമപ്യത്യന്തവിരുദ്ധാനേകാർത്ഥത്വേന ലൌകികൈർഗൃഹ്യ

മാണമുപലഭ്യാഹം വിവേകതൊത്ഥനിദ്ധാരണാത്ഥം സംക്ഷേപതൊ വിവരണം കരിഷ്യാമി " എന്നാണ്. അതായതു് സമസ്തവേദാത്ഥസാരസംഗ്രഹമായും ദുർവ്വിജ്ഞേയവുമായുള്ളഈ ഗീതാശാസ്ത്രത്തിൻെറ അത്ഥം വെളിപ്പെടുത്തുവാൻ വേണ്ടി പലരും പദം, പദാത്ഥം, വാക്യാത്ഥം, യുക്തി എന്നിതുകളെ വിസ്തരിച്ചെഴുതിയിട്ടുണ്ടു്. എന്നാൽ ആ എല്ലാ വിവരങ്ങളേയും ജനങ്ങാം പലവിധ വിരുദ്ധാത്ഥത്തോടുകൂടി ഗ്രഹിക്കുന്നതായി കണ്ടിട്ടു്, ജനങ്ങാംക്കു് എങ്ങിനെയായാൽ വിചാരത്തോടുകൂടി സദത്ഥത്തെ എടുക്കുന്നതിന്നു് കഴിയുന്നതാണൊ, അതിന്നു വേണ്ടി ഞാൻ (ശങ്കരാചാര്യർ) ഈ ശാസ്ത്രത്തിൻെറ നിശ്ചയമായും സംക്ഷിപ്തമായുമുള്ള വിവരണത്തെ ചെയ്യുന്നു. ഇതിൽ നിന്നു വ്യക്തമാകുന്നതു് ശങ്കരാചാര്യക്കു മുമ്പുണ്ടായിരുന്ന ഭാഷ്യങ്ങാം എല്ലാം തന്നെ പരമാത്ഥസത്യത്തെ വെളിവാക്കുന്നവയല്ലായിരുന്നു എന്നാണു് ശങ്കരാചാര്യർ വിശ്വസിച്ചിരുന്നതെന്നാണല്ലൊ. ശങ്കരാചാര്യർ മുതൽക്കുള്ള ഭാഷ്യകാരന്മാരെയാണു് നാം ഇന്നു് അറിയുന്നതുതന്നെ. ഇവരുടെയെല്ലാം ഭാഷ്യങ്ങാം ഉണ്ടായിട്ടും ഗീതയിലെ തത്ത്വഭാഗങ്ങാം ഇനയും വിമർശനീയമായിട്ടാണു് കിടക്കുന്നതെന്നു് പൂർണ്ണബോദ്ധ്യം എനിക്കും വന്നതിനാലാണു് ഞാൻ ഈ പുസ്തകം രചിക്കാൻ പ്രേരിതനായതു്. ഇതിന്നു പ്രേരിപ്പിച്ച ചില സംഗതികളും ഇവിടെ എഴുതാം.

ഞാൻ സാധാരണ എൻെറ ചുററുപാടും സംഭവിക്കുന്ന ഏതൊരു സംഭവത്തേയും അറിയുന്നതിന്നു് ഉത്സുകനാകാറുണ്ടായിരുന്നു. ഓരോ സംഭവങ്ങളേയും ഗൌരവമായി വീക്ഷിക്കുകയും അഗാധമായി ചിന്തിക്കുകയും പതിവായിരുന്നു. അങ്ങിനെ ജീവിതം സുഖദുഃഖങ്ങളുടെ ഒരു വിളനിലമാണെന്നു് മനസ്സിലായി. ചിരിച്ചാൽ തീർച്ചയായും കരയേണ്ടിവരും എന്നു് പല അനുഭവങ്ങളും തെളിയിച്ചു. പലപ്പോഴും പാപികാംക്കു് ജയവും പാപഹീനന്മാരായവക്കു ദുഃഖവും സംഭവിച്ചുകൊണ്ടിരിക്കുന്നതു് കാണ

പ്പെട്ടു. മററ അനേക വിഷയങ്ങളിലും ഈ വിധമുള്ള വിപരീത ഭാവം എൻെറ നയനപഥത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. അതിനിടയിൽ വ്യത്യസ്തസ്വഭാവമുള്ള മൂന്നു മരണങ്ങളും കണ്ടു. ഇവകളെല്ലാം ചിന്താമണ്ഡലത്തിൽ നിരത്തിവെച്ചുകൊണ്ട് പ്രപഞ്ചരഹസ്യം എന്ത്? ജീവാത്മാവെന്നതൊന്നുണ്ടോ? മരണാനന്തരം അതിൻെറ അവസ്ഥയെന്ത്? ഈശ്വരനെന്നൊന്നുണ്ടോ? നീതിയും സത്യവും ധർമ്മവും എപ്രകാരം പ്രപഞ്ചത്തിൽ പ്രവർത്തിക്കുന്നു? എന്നീ ചോദ്യങ്ങൾ സദാ സ്വയം ചോദിച്ചുകൊണ്ടിരുന്നു. വളരെ ചെറുപ്പം മുതൽക്കുതന്നെ ഏക ദൈവത്തിൽ വിശ്വസിക്കുന്നവനുമായിരുന്നു. എന്നാൽ ചിന്തകൾ മൂർദ്ധന്യദശയിൽ എത്തിയപ്പോൾ ആ ഏക ഈശ്വരനെപ്പോലും ചോദ്യം ചെയ്തു. അവസാനം വ്യവസായാത്മീകബുദ്ധി ഒന്നേ വേണ്ടു എന്ന ഗീതാവാക്യം മനസ്സിലാക്കിക്കൊണ്ടുതന്നെ സർവ്വ ചുററുപാടുകളേയും മറന്ന് ഈശ്വരൻ ആരാണ് എന്ന ചോദ്യം ചോദിച്ചുകൊണ്ടിരിക്കാൻ പരിശീലിച്ചു. അതേ യോഗം തന്നെ അനുഭവിച്ചു. അപ്പോഴാണ് 1966 ജനുവരി 6–ാനു- ഗീതയിലെ

"മത്ത: പരതരം നാന്യത്
കിഞ്ചിദസ്തി ധനഞ്ജയ!
മയി സർവ്വമിദം പ്രോതം
സൂത്രേ മണിഗണാ ഇവ" — എന്ന ശ്ലോകത്തിൻെറ

പൊരുൾ അതായത് ഈശ്വരൻ സർവ്വവ്യാപിയായി നിലകൊള്ളുന്നുണ്ടെന്നും എല്ലാം ഈശ്വരനിൽ നിലകൊള്ളുകയാണെന്നും ദർശിച്ചത്. ഐൻസ്റ്റീൻ പറയുന്ന എനർജി തന്നെയാണ് ഈ ദർശിച്ച ഈശ്വരനെന്ന ബോദ്ധ്യവും ഉണ്ടായി. അതുപോലെ തന്നെ ജീവാത്മാവിൻെറ അമരത്വത്തെ സ്വീകരിക്കാഞ്ഞാൽ പ്രപഞ്ചത്തിൽ കാണുന്ന ദ്വന്ദ്വഭാവങ്ങൾ എന്ന വൈഷമ്യത്തിൻെറ നിഗൂഢതത്വത്തെ ധരിപ്പാൻ കഴിയുന്നതല്ലെന്നും ബോദ്ധ്യപ്പെട്ടു. അതോടൊപ്പം ഗീതാവചനങ്ങൾക്ക് 'ന്യൂക്ലിയർ ഫിസിക്സി'ലെ മൂലവാക്യകളോടുള്ള ബന്ധവും മനസ്സിലായി.

ഉടൻ തന്നെ ചില തത്വങ്ങളെല്ലാം എഴുതി. അതു് ഇനിയും വെളിച്ചത്തു് വന്നിട്ടില്ല. എങ്കിലും അതിലെ സത്ത എടുത്തുകൊണ്ടു തന്നെയാണു് ഗീതയെ ഈ പുസ്തകത്തിൽ അപഗ്രഥിച്ചിട്ടുള്ളതു്. ഗീത പുരാണത്തിലെ ഒരു കഥയേക്കാൾ എത്രയോ മഹത്തരമായതാണു്. അതിൽ അടങ്ങാത്ത രഹസ്യങ്ങൾ ഒന്നും പ്രപഞ്ചത്തിലില്ല. പ്രപഞ്ച തത്വങ്ങളെ വിശദീകരിക്കുന്ന *Scientific Laws* —ശാസ്ത്രതത്വങ്ങളാണു് ഗീതാകാരൻ വെളിപ്പെടുത്തുന്നതു്.

ഗീതയിലെ 'ആത്മാ' എന്ന സംസ്കൃതവാക്കു് ന്യൂക്ലിയർ ഫിസിക്സിലെ എനർജിയായി കണക്കാക്കിയാൽ, ഓരോ ചരാചരങ്ങളിലേയും ജീവൻ 'ആത്മാ' ആണെന്നു കണക്കാക്കിയാൽ പ്രപഞ്ചത്തിലെ ആകെ എനർജിയെ പരമാത്മാവായി കണക്കാക്കിയാൽ ഗീതക്കു ഭാഷ്യങ്ങളൊന്നും തന്നെ ആവശ്യമില്ല. ഈ 'ആത്മാ' എന്നതുതന്നെയാണു് 'പരാ' എന്നും ക്ഷേത്രജ്ഞനെന്നും പറയുന്നതു്. 'അപരാ' എന്നതു് 'മേററർ' (*matter*) എന്ന അർത്ഥത്തേയും തരുന്നതാണു്. കാഠകോപനിഷത്തിൽ പറയുന്ന ശ്രേയസ്സും പ്രേയസ്സും, അതു പോലെ പ്രശ്നോപനിഷത്തിൽ പറയുന്ന പ്രാണനും രയിയും, മുണ്ഡകോപനിഷത്തിൽ പറയുന്ന പരയും അപരയും ഈ എനർജിയും മേററും തന്നെയാണു്. ഇനി ഞാൻ അധികം ഈ വിഷയത്തെ നീട്ടുന്നില്ല. ആദ്ധ്യാത്മികവാദികൾക്കും ഭൗതികവാദികൾക്കും ഈ സത്യം മനസ്സിലാക്കുവാനും അങ്ങിനെ നിലവിലുള്ള—കേട്ടുകേൾവിയിലുള്ള ആയിരക്കണക്കിനുള്ള അന്ധവിശ്വാസങ്ങളെ എന്നന്നേക്കുമായി ഉന്മൂലനാശം ചെയ്‌വാനും എൻെറ ഈ കൊച്ചുപുസ്തകം പ്രയോജനപ്പെട്ടുമെങ്കിൽ ഞാൻ കൃതകൃത്യനായി.

ഈ പുസ്തകത്തിലെ മിക്ക ഭാഗവും 1967 ജനുവരിയിലെ നാലാഴ്ചകളിലെ "മലയാളമനോരമ" ആഴ്ച്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചിരുന്നതാണു്. ഇപ്പോൾ 'എനർജി തന്നെ അറിവു്'; 'അവതാരങ്ങൾ' എന്നീ രണ്ടു ഖണ്ഡികകൾ പുതുതായി ചേർക്കപ്പെ

ട്ടിട്ടുണ്ടു്. മനോരമയിൽ വന്ന ലേഖനം പുസ്തകമാക്കുന്നതിന്നു് എന്നെ പ്രേരിപ്പിച്ചതു് കൂടൽമാണിക്യം ദേവസ്വത്തിലെ തച്ചുടയ കയ്മാം തിരുമനസ്സിൽ നിന്നാണു്. പുസ്തകത്തിൻെറ പ്രസാധകന്മാരും കൂടൽമാണിക്യം ദേവസ്വം തന്നെയാണു്. ആദ്ധ്യാത്മിക ചിന്തകനും യോഗാനുഭൂതികാം സ്വയം മനസ്സിലാക്കി അനുഭവിച്ചുകൊണ്ടിരിക്കുന്നവനുമായ ശ്രീ തച്ചുടയ കയ്മാം തിരുമനസ്സിനു് അളവററ കൃതജ്ഞത രേഖപ്പെടുത്തികൊള്ളുന്നു. മലയാളമനോരമ ആഴ്ചപ്പതിപ്പിൽ ഇതു് പ്രസിദ്ധീകരിക്കുന്നതിന്നു് മുൻകൈ എടുത്തു് സഹായിച്ച വർഗ്ഗീസ്സ് കളത്തിൽ അവർകളോടും ഈ കൊച്ചുപുസ്തകത്തിനു് അതർഹിക്കുന്ന വിധത്തിലുള്ളതും ആത്മാർത്ഥത കോരിച്ചൊരിയുന്നതുമായ ഒരു വിശിഷ്ട അവതാരിക എഴുതി ഇതിനെ ബഹുമാനിച്ചു് ബഹുജനസമക്ഷം അവതരിപ്പിച്ച കവിയും ശാന്തിധീയും എന്നെ ഇംഗ്ലീഷിലെ പ്രാഥമിക പാഠങ്ങാം സ്കൂളിൽ വെച്ചും സ്വന്തം. വീട്ടിൽ താമസിപ്പിച്ചും പഠിപ്പിച്ചു തന്ന എൻെറ ഗുരുനാഥനും കൂടിയായ കെ. എസ്സ്. കെ. തളിക്കുളം അവർകളോടും പ്രത്യേകിച്ച് ഇതിന്നു് 'എടവും വലവും' നോക്കാതെ ഒരു ഉപോദ്ഘാതമെഴുതിത്തനു് എന്നെ പ്രോത്സാഹിപ്പിച്ച ആദ്ധ്യാത്മികചിന്തകനും പണ്ഡിതനും ഇനിയും നേരിൽ കണ്ടിട്ടില്ലെങ്കിലും ആത്മാർത്ഥസുഹൃത്തായി തന്നെ വർത്തിക്കുന്ന ശ്രീ പുത്തേഴത്തു് രാമമേനോൻ അവർകാംക്കും, ഈ കൊച്ചുപുസ്തകത്തിനു് ഒരു ആശംസ എഴുതി എന്നെ അനുഗ്രഹിച്ച ശ്രീരാമകൃഷ്ണാശ്രമം പ്രസിഡൻറു് ഈശ്വരാനന്ദസ്വാമിജിയോടും, ഈ പുസ്തകത്തിനു് ഒരു അഭിപ്രായമെഴുതി ബഹുമാനിച്ച ആദ്ധ്യാത്മിക ചിന്തകനും പണ്ഡിതനുമായ ഡോക്ടർ എം. ജി. മേനോൻ എം. ബി. ബി. എസ്സ്. അവർകളോടും എൻെറ അകൈതവമായ നന്ദി രേഖപ്പെടുത്തുവാൻ ഈ സമയം വിനിയോഗിക്കുന്നു.

എല്ലാററിനും പുറമെ ഈ കൊച്ചുപുസ്തകം ഇത്രയും ഭംഗിയായി അച്ചടിച്ചു തന്ന ഇരിങ്ങാലക്കുട സെൻറ് ജോർജ്ജസ് പ്രസ്സിൻെറ ഭാരവാഹികളോടും എൻെറ കൃതജ്ഞതയെ അറിയിച്ചുകൊള്ളട്ടെ.

ഈ ഗ്രന്ഥം ആദ്ധ്യാത്മികമണ്ഡലത്തിലും ഭൌതികമണ്ഡലത്തിലും ഒരു പുതിയ വെളിച്ചം വീശട്ടെ എന്നു് ആഗ്രഹിച്ചുകൊണ്ടു് ഇതിനെ സർവ്വവ്യാപിയായ അക്ഷരനിൽ തന്നെ അർപ്പിക്കുന്നു.

അന്തിക്കാട്ടു്,
13–4–1968.

ഓം തത് സത് ഓം

എന്നു്,

*എന്നും നിങ്ങളുടേതായ,*

**രാമചന്ദ്രൻ.**

# ഗീതയും അറോമിക് എനർജിയും

"അഥ പരാ യയാ തദക്ഷരമധിഗമ്യതേ"—"മാററമില്ലാത്തതിനെപ്പററി നമുക്ക് അറിവു തരുന്ന വിദ്യയാണ് ഏററവും മഹത്തായിട്ടുള്ളതു്." (മുണ്ഡകോപനിഷത്തു് 1.5). ഈ വിദ്യയെ പ്രതിപാദിച്ചിട്ടുള്ളതു വേദരാശിയുടെ ജ്ഞാനകാണ്ഡത്തിലാണു്. വേദരാശി വ്യക്തികളുടെ വചനങ്ങളല്ല. അതിൻെറ കാലം തിട്ടപ്പെട്ടിട്ടില്ല, തിട്ടപ്പെടുത്താവുന്നതുമല്ല. എക്കാലത്തും അവ ഉണ്ടായിരുന്നു. അവ എഴുതപ്പെട്ടതോ രചിക്കപ്പെട്ടതോ അല്ല. ഈ ജ്ഞാനകാണ്ഡത്തിലെ രഹസ്യം ഇവിടെ വിശകലനം ചെയ്യാം.

## ഉപനിഷത്തുകൾ

വേദരാശിയെ രണ്ടായി തരം തിരിക്കാം—കർമ്മകാണ്ഡമെന്നും ജ്ഞാനകാണ്ഡമെന്നും. കർമ്മകാണ്ഡത്തിൻെറ ഉള്ളടക്കം പല തരത്തിലുള്ള യാഗങ്ങളാണു്. അതിൽ മനുഷ്യൻെറ കടമകൾ—പല ആശ്രമങ്ങളോടനുബന്ധിച്ച കർത്തവ്യങ്ങൾ—മുതലായവയാണു്. ഇവയെല്ലാം ഒരുതരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ മിക്കവരും ഇന്നു് അനുഷ്ഠിച്ചുവരുന്നുണ്ടു്. എന്നാൽ അറിയപ്പെടേണ്ട രഹസ്യം അടങ്ങിയിട്ടുള്ളതു ജ്ഞാനകാണ്ഡത്തിലാണു്. ഇതിലാണു് ഉപനിഷത്തുകൾ. ഈ ഉപനിഷദ്ദർശനങ്ങൾ ഉടലെടുത്തതു തീർച്ചയായും സത്യയുഗത്തിൽ മനുഷ്യവർഗ്ഗത്തിൻെറ ആരംഭത്തോടുകൂടി തന്നെയാകണം.

ഋഷീശ്വരന്മാർ അദ്ധ്യാത്മിക സംസ്കാരത്തിൻെറ ഉച്ചകോടിയിലെത്തി "സോഹം" ഭാവരൂപമായ സത്യാനുഭൂതിയുടെ ആന

ദമേഖലയിൽ വിശ്രമിക്കുമ്പോൾ ആ ജ്ഞാനേശ്വരന്മാരുടെ ഭൂതാനുകമ്പാ തരളിതമായ ഹൃദയങ്ങളിൽനിന്നു സ്വയം വിനിർഗ്ഗളിച്ച ആത്മഗീതങ്ങളാണ് ഇവ. ഉപനിഷത്തുകൾ രചിക്കപ്പെടുകയോ എഴുതപ്പെടുകയോ ഉണ്ടായിട്ടില്ല. വെറും ശ്രുതികൾ മാത്രം. അതായതു കേൾക്കപ്പെട്ടതു് എന്തു്, അതുതന്നെ ശ്രുതി. ഋഷി–മന്ത്രദ്രഷ്ടാവു് ലോകസൃഷ്ടിയുടെ പരമാർത്ഥംകണ്ടു തന്റെ ശിഷ്യന്മാർക്കു് ഉപദേശിച്ചു. ഇപ്രകാരം കേട്ടതു് എന്തോ അതുതന്നെ ശ്രുതികൾ. ഈ ശ്രുതികളെല്ലാം തന്നെയാണ് ഉപനിഷത്തുകളായതു്. ഇവ പ്രതിപാദിക്കുന്നതുതന്നെ ബ്രഹ്മസൂത്രങ്ങൾ അഥവാ വേദാന്തസൂത്രങ്ങൾ. ഉപനിഷത്തുകളിൽ പ്രധാനമായവ നൂറെറട്ടുണ്ടെന്നാണു പറയുന്നതു്. കാഠകോപനിഷത്തു്, മുണ്ഡകോപനിഷത്തു്, പ്രശ്നോപനിഷത്തു്, ഛാന്ദോഗ്യോപനിഷത്തു്, ഈശാവാസ്യോപനിഷത്തു്, കേനോപനിഷത്തു്–ഇങ്ങനെ പോകുന്നു അവ.

## സ്മൃതികൾ

ഉപനിഷത്തുകൾ കഴിഞ്ഞാൽ അടുത്ത സ്ഥാനം സ്മൃതികൾക്കാണ്. ഇവയും ഋഷിമാർ ഗ്രഹിച്ച ഗ്രന്ഥങ്ങൾതന്നെ. ഇവ സത്യയുഗത്തിലോ, ത്രേതായുഗത്തിലോ, അല്ലെങ്കിൽ ദ്വാപരയുഗത്തിന്റെ ആരംഭത്തിലോ ആയിരിക്കണം നിലവിൽ വന്നതു്. 'സ്മൃതി' എന്ന പദത്തിന്റെ അർത്ഥം ഓർമ്മിക്കപ്പെട്ടതു് എന്തു്, അതു് എന്നാണ്. അതായതു കീഴ്‌വഴക്കസമ്പ്രദായങ്ങളെ ഓർമ്മിച്ചു് എഴുതപ്പെട്ടതാണു സ്മൃതികൾ. ജനങ്ങളുടെ ജീവിതരീതി ക്രമപ്പെടുത്തുന്നതിനുവേണ്ടി കീഴ്‌വഴക്കസമ്പ്രദായങ്ങളെ കണക്കിലെടുത്തു് എഴുതപ്പെട്ട നിയമാവലി(constitution)യാണിതു്. ഇവയ്ക്കെല്ലാം പരമപ്രാമാണ്യം ഉപനിഷത്തുകളാണ്. ഉപനിഷദ്ദർശനങ്ങൾക്കു വിരുദ്ധമായി വല്ലതും ഒരു സ്മൃതിയിൽ പറയുന്നുണ്ടെങ്കിൽ, ആ സ്മൃതിയെ തള്ളേണ്ടതാണ്. അതുമല്ല പ്രകൃതി മാറുന്നതനുസരിച്ചു ജീവിതക്രമവും മാറേണ്ടതുണ്ടു്.

അതനുസരിച്ച ഭരണഘടനയിലും മാററങ്ങാം വരേണ്ടതാണ്. ഇന്നത്തെ ഇന്ത്യൻഭരണഘടന തന്നെ പലപ്പോഴും പുതുക്കിക്കൊണ്ടിരിക്കുകയാണല്ലോ. എന്നതു പോലെ സത്യയുഗത്തിലെ സ്മൃതികാം കലിയുഗത്തിലെ സ്മൃതികളായി കണക്കാക്കപ്പെട്ടുകൂടാത്തതാണ്. പുരാതനകാലത്തെ രാജാക്കന്മാരായ മനുക്കളുടെ കാലത്താണ സ്മൃതികാം ഉദ്ഭവിച്ചതെന്നാണ പറയുന്നതു്.

## പുരാണങ്ങാം

സ്മൃതികാംക്കു ശേഷം നിലവിൽ വന്നതാകണം പുരാണങ്ങാം. വംശചരിത്രം, പ്രപഞ്ചോല്പത്തി, ദാർശിനികതത്വങ്ങളുടെ പ്രതീകങ്ങാം വഴിയായുള്ള വിശദീകരണം തുടങ്ങിയവയെ പ്രതിപാദിക്കുന്നവയാണ പുരാണങ്ങാം. വേദഭാഷ അത്യന്തം പ്രാചീനമായിരുന്നതുകൊണ്ടു് ഉപനിഷത്തുകളിലെ സാരവും ലക്ഷ്യവും സാധാരണ ജനങ്ങാംക്കു മനസ്സിലാകാൻ എളുപ്പമല്ലായിരുന്നു. അതുകൊണ്ടു് അന്നത്തെ പണ്ഡിതന്മാർ—അക്കാലത്തെ ആളുകളുടെ ഭാഷയിൽ—ആധുനികസംസ്കൃതത്തിൽ—മനുഷ്യസമുദായത്തിനു മനസ്സിലാകത്തക്കവിധത്തിൽ എഴുതപ്പെട്ട കരുണാനിധികളായ കഥകളാണ പുരാണങ്ങാം. വാല്മീകി രചിച്ച രാമായണവും വേദവ്യാസൻ രചിച്ച മഹാഭാരതവും ഇതിൽ ഉാംപ്പെടുന്നു. ഈ ഗ്രന്ഥങ്ങാം എല്ലാംതന്നെ ഗ്രാഹ്യങ്ങളാകുക അവ ഉപനിഷത്തുകളുടെ പ്രാമാണ്യത്തിനു് അനുഗുണമാകുന്നിടത്തോളമേ ഉള്ളൂ. അനുഗുണമല്ലെങ്കിൽ അവയൊക്കെ നിർദ്ദയം കൈവെടിയേണ്ടതാണ്.

## വേദങ്ങാം

ഉപനിഷദ്ദർശനങ്ങാം—ഋഷികാം പറയപ്പെട്ടതു പരമ്പരയായി കീഴോട്ടു വന്നതാണെന്നു നാം കണ്ടല്ലോ. ഗീതയും വ്യക്തമാക്കീട്ടുള്ളതാണ് ഇതു്. (ഗീത 4–2). എന്നാൽ വേദവ്യാ

സൻ ജനിച്ച ദ്വാപരയുഗത്തിൽ ഈ ദാർശിനികാദർശങ്ങൾ ഛിന്നഭിന്നമായി കിടക്കുന്ന കാലഘട്ടമായിരുന്നു. (ഗീത 4-3). ചുരുക്കി പറഞ്ഞാൽ മനുഷ്യസമുദായത്തിന്ന് ഉപയോഗപ്പെടുത്താനൊക്കാത്ത വണ്ണമായിരുന്നു ആ വിജ്ഞാനസമുദ്രത്തിൻെറ കിടപ്പ്. ഈ ദുർദശ പരിഹരിച്ചു ജനസമൂഹത്തിൻെറ ഉൽകൃഷ്ടമായ ഭാവിക്കുവേണ്ടി ഭഗവാൻ ബാദരായനമഹർഷി മുതിർന്നു. ആ ധന്യാത്മാവ് വേദമാകുന്ന ഉപനിഷദ്ദർശനങ്ങളെ നാലായി തരംതിരിച്ചു തൻെറ നാലു ശിഷ്യന്മാർക്ക് ഉപദേശിക്കപ്പെട്ടതാണ് ഋക്ക്, യജുസ്, സാമം, അഥർവം എന്ന നാലു വേദങ്ങൾ. ഋഗ്വേദത്തിന്ന് 21 ശാഖകളും യജുർവേദത്തിന്ന് 109 ശാഖകളും സാമവേദത്തിന്ന് 1000 ശാഖകളും അഥർവണവേദത്തിന്ന് 50 ശാഖകളും ഉള്ളതായും ഓരോ വേദശാഖയ്ക്കും ഓരോ ഉപനിഷത്തു വീതം ഉള്ളതായും മുക്തികോപനിഷത്തിൽ പറഞ്ഞുകാണുന്നുണ്ട്.

ശ്രീമദ് ഭഗവദ്ഗീത അടങ്ങിയിരിക്കുന്ന മഹാഭാരതത്തെ അഞ്ചാം വേദമെന്നും പറഞ്ഞു വരുന്നു. ബാദരായണമഹർഷി വേദത്തെ നാലായി തരംതിരിച്ചതിന്നു ശേഷമാണ്, അദ്ദേഹത്തിന്നു വേദവ്യാസൻ എന്ന പേർ ഉണ്ടായതത്രേ. വേദാന്തം വ്യാസോപജ്ഞമായതുകൊണ്ട്, വേദാന്തത്തെ "വൈയാസിക" ദർശനമെന്നും പറയുന്നുണ്ട്.

## ശ്രീമഹാഭാരതം

വൈദികജ്ഞാനത്തിൻെറ സാരം വേദാന്തമാണ്. ഇതിലാണ് ഉപനിഷത്തുകൾ ഇവയിലെ തത്വങ്ങൾ മനസ്സിലാക്കുവാൻ വളരെ പ്രയാസമുള്ളവയാണ്. ജ്ഞാനമണ്ഡലത്തിൽ എത്തിച്ചേർന്നേ അടങ്ങുകയുള്ളൂ എന്നു ത്യാഗശീലന്മാർക്കല്ലാതെ ഇവ മനസ്സിലാക്കുക എളുപ്പമല്ല. വേദവ്യാസൻ അതു് അറിഞ്ഞുകൊണ്ടു തന്നെ വൈദികതത്വങ്ങളെ സാമാന്യമനുഷ്യസമുദായത്തിന്നു വിശദീകരിച്ചുകൊടുക്കുവാൻ എഴുതിയ കരുണാനിധിയായ

കഥയാണ് ശ്രീമഹാഭാരതം. ഇതിനെപ്പോലെ മഹത്തരവും ബൃഹത്തരവും ആയ മറെറാരു ഗ്രന്ഥം വിശ്വസാഹിത്യത്തിൽ ഇന്നോളം ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകാനും പ്രയാസം. ഇത്ര കണ്ട മാഹാത്മ്യം ഈ ഗ്രന്ഥത്തിനു സിദ്ധിച്ചതു മറെറാന്നുകൊണ്ടല്ല, അതിൽ ശ്രീമദ്ഭഗവദ്ഗീത ഉൾപ്പെട്ടിട്ടുള്ളതുകൊണ്ട തന്നെയാണ്.

മഹാഭാരതം പല പർവങ്ങളും ഉപപർവങ്ങളുമായി തിരിച്ചിട്ടുണ്ട്. ആറാമത്തെതിൽ പ്രധാനപർവം ഭീഷ്മമാണ്. അതിൽ മൂന്നാമത്തെ ഉപപർവം ഗീതാപർവം മുപ്പതദ്ധ്യായമുണ്ട്. ഗീതാപർവത്തിൽ, പതിമൂന്നു മുതൽ നാല്പത്തിരണ്ടുവരെ—അവയിൽ ഇരുപത്തഞ്ചുമുതൽ നാല്പത്തിരണ്ട വരെ–പതിനെട്ടു് അദ്ധ്യായം അടങ്ങുന്നതാണ് ഭഗവദ്ഗീത. ആകെ എഴുനൂറു ശ്ലോകങ്ങളും ഗീതയിലുണ്ട്.

ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിൽ പാണ്ഡവന്മാരും ദുര്യോധനാദികളും യുദ്ധസന്നദ്ധരായി അണിനിരന്നു ശംഖുകളും ഭേരികളും മുഴക്കപ്പെട്ടപ്പോൾ, നാലു വെള്ളക്കുതിരകളെയും കെട്ടിയതേരിൽ നില്ക്കുന്ന അർജ്ജുനൻ തേരാളിയായ ശ്രീകൃഷ്ണനോടു് തേരിനെ രണ്ടു സേനകളുടേയും മദ്ധ്യത്തിലേയ്ക്കു കൊണ്ടുപോകുവാൻ ആവശ്യപ്പെട്ടതനുസരിച്ചു കൊണ്ടുപോകുകയും അർജ്ജുനൻ, രണ്ടു സേനകളെയും കണ്ടപ്പോൾ അവയവങ്ങൾ തളർന്നു വില്ലു് ഊന്നു പോകുകയും തൻെറ ബന്ധുമിത്രാദികളെ കൊന്നു രാജ്യം സമ്പാദിക്കുന്നതിനേക്കാൾ ഭിക്ഷാടനമാണു നല്ലതെന്നു ശ്രീകൃഷ്ണനോടു പറയുകയും ചെയ്തപ്പോൾ, ശ്രീകൃഷ്ണൻ സാംഖ്യദർശനവും കർമ്മയോഗവും ഭക്തിയോഗവും പറഞ്ഞുകൊടുത്തുകൊണ്ടു നിഷ്ക്കാമകർമ്മത്തിൻെറ മഹത്വത്തെ മനസ്സിലാക്കിയപ്പോൾ, അർജ്ജുനനു ജ്ഞാനബോധം ഉദിക്കുകയും താൻ യുദ്ധം ചെയ്യുവാൻ ഒരുക്കമാണെന്നു ശ്രീകൃഷ്ണനോടു് പറഞ്ഞിട്ടുള്ളതുമായ ഒരു കഥ വിശദീകരിച്ചിട്ടുള്ളതാണ് ഗീതയിലെ എഴുനൂറു ശ്ലോകങ്ങൾ. ഇതു

ധൃതരാഷ്ട്രർക്കു സഞ്ജയൻ പറഞ്ഞുകേൾപ്പിക്കുന്നതായിട്ടാണു വേദവ്യാസൻ എഴുതീട്ടുള്ളതു്. ഒരു രണാങ്കണത്തിൽ ഈ ഗീതോപദേശം സാദ്ധ്യമാണോ—അതു് സഞ്ജയനും വേദവ്യാസനും കേൾക്കപ്പെട്ടതു് എങ്ങിനെ, എന്നൊക്കെയുള്ള ചോദ്യങ്ങൾ സാധാരണയാണു്. പക്ഷെ മഹത്തായ ഗീതാരഹസ്യം മനസ്സിലാക്കിയാൽ ആ ചോദ്യങ്ങൾക്കുള്ള ഉത്തരം എളുപ്പത്തിൽ കിട്ടുന്നതാണു്.

ഗീത ഉൽകൃഷ്ടമായ ഒരു ശാസ്ത്രഗ്രന്ഥംതന്നെയാണു്. അതിലെ തത്വങ്ങൾ ജീവിതത്തിൻെറ ഏടുകൾ ഓരോന്നായി ശാസ്ത്രത്തിൻെറ മുമ്പിൽ വെച്ച മതത്തിൻെറ ഭാഷയിൽ വിശദമായി വ്യാഖ്യാനിച്ചിരിക്കുന്നവയാണു്. അതിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളതെല്ലാം അതിരഹസ്യമായശാസ്ത്രം—"ഗുഹ്യതമം ശാസ്ത്രം" (ഗീത 15–20), രഹസ്യത്തേക്കാൾ ഏററവും രഹസ്യമായ ജ്ഞാനം—"ഗുഹ്യാത്ഗുഹ്യതരം ജ്ഞാനം"—ഗീത 18–63 തന്നെ.

ഗീത എഴുതിയിരിക്കുന്നതു സംസ്കൃതഭാഷയിലാണു്. രണ്ടായിരത്തിഅഞ്ഞൂറു കൊല്ലങ്ങൾക്കു മുമ്പു് ഗൌതമബുദ്ധൻെറ കാലത്തു പോലും സംസ്കൃതം സംസാരഭാഷയല്ലാതായിത്തീർന്നിരുന്നു. അതുകൊണ്ടു ഗീതാരഹസ്യം മനസ്സിലാക്കാൻ വളരെ പ്രയാസമായിത്തീർന്നു. അതുമല്ല, ഈ ഗ്രന്ഥവും സംസ്കൃതവും കൈകാര്യം ചെയ്തിരുന്നതു് അടുത്ത കാലഘട്ടം വരെ ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ടവരായിരുന്നു. അവർക്കേ അതിനു് അധികാരവും ഉണ്ടായിരുന്നുള്ളു. ഈ പരിതഃസ്ഥിതിയിൽ ഗീതയ്ക്കു വ്യാഖ്യാനങ്ങളും ഭാഷ്യകാരന്മാരും ഉടലെടുത്തു. അതേ, നൂറുകണക്കിനുണ്ടു് വ്യാഖ്യാനങ്ങൾ. ഇത്രയും വ്യാഖ്യാനങ്ങൾ ഗീതയ്ക്കു ആവശ്യമുണ്ടോ എന്നതു ചിന്തിക്കേണ്ട ഒന്നാണു്.

മുനീശ്വരനായ വേദവ്യാസൻ (ഗീത 10–37) സാധാരണ ജനസമൂഹത്തിനെ ഉദ്ദേശിച്ചുകൊണ്ടു എഴുതിയ ഗീതാതത്വ

ങ്ങാം മതാചാര്യന്മാർ എന്നറിയുന്ന ശങ്കരാചാര്യരേയും, രാമാനുജനേയും, മധ്വമഹർഷിയെയും പോലുള്ള തത്ത്വജ്ഞാനികാംക്കു മാത്രം മനസ്സിലാക്കാവുന്നതായിരിക്കുകയില്ലല്ലോ. ഭാഷ്യകാരന്മാരുടെ വ്യാഖ്യാനങ്ങാം ഒന്നും ഇല്ലാതെ സംസ്കൃതശ്ലോകങ്ങളുടെ അത്ഥം മനസ്സിലാക്കിയാൽ ഗീതാരഹസ്യം ഗ്രാഹ്യമാകണം. നൂറു കണക്കിനു വ്യാഖ്യാനങ്ങാം ഉണ്ടായതു പല തരത്തിലും ഗീതാരഹസ്യത്തെ തെററിദ്ധരിപ്പിക്കുവാൻ കാരണമായിട്ടില്ലെന്നു പറഞ്ഞു കൂടാ. ഗീത പ്രതിബിംബിക്കുന്ന പരിശുദ്ധമായ ഒരു കണ്ണാടിയായിത്തീർന്നിരിക്കുകയാണു്. ആർ ആ കണ്ണാടി എടുത്തു നോക്കുന്നുവോ—തൻെറ ഛായ അതിൽനിന്നു പ്രതിബിംബിക്കുന്നുണ്ടു്. അതേ—ഓരോ ചിന്താഗതിക്കാരനും അവൻെറ ചിന്താഗതിക്കു് അനുകൂലമായ തരത്തിൽ ഗീതാവാക്യങ്ങളെ വ്യാഖ്യാനിച്ചിട്ടുണ്ടു്. അങ്ങനെ വളച്ചൊടിച്ചു പല ആശയങ്ങളും പ്രചരിപ്പിക്കത്തക്ക വിധത്തിലായിരിക്കുകയില്ല വേദവ്യാസൻെറ ചിന്താഗതി. ഉള്ളതു ഒന്നു മാത്രം, പ്രാജ്ഞന്മാർ അതിനു പല പേരുകാം പറയുന്നു. "ഏകം സദ് വിപ്രാ ബഹുധാ വദന്തി"—(ഋഗ്വേദം 1. 164. 46) ഇതായിരിക്കണം പരമാത്ഥം.

## ഭാഷ്യകാരന്മാർ

ഗീതയ്ക്കു് അനേകം ഭാഷ്യങ്ങാം ഉണ്ടെങ്കിലും അവ ഓരോന്നും ദ്വൈതം, വിശിഷ്ടാദ്വൈതം, അദ്വൈതം എന്ന ആദർശങ്ങളിൽ ഏതെങ്കിലും ഒന്നിനോടു് അനുകൂലിക്കുന്നതായി കാണുന്നുണ്ടു്. ദ്വൈതസിദ്ധാന്തത്തിൻെറ പ്രധാനി മധ്വമഹർഷിയും വിശിഷ്ടാദ്വൈതികളുടേതു രാമാനുജനും അദ്വൈതികളുടേതു ശങ്കരാചാര്യരുമാണു്. പലപ്പോഴും ഓരോ സമ്പ്രദായത്തിലുള്ള ഭാഷ്യകാരന്മാർ തന്നെ അന്യോന്യം വ്യത്യാസപ്പെട്ട അഭിപ്രായങ്ങളും രേഖപ്പെടുത്തീട്ടുണ്ടു്. അദ്വൈതിയായ വിജ്ഞാനഭിക്ഷു തൻെറ ഭാഷ്യത്തിൽ ശങ്കരാചാര്യർക്കു എതിരായി തന്നെ കുത്തു

വാക്കുകൾ ഉപയോഗിച്ചിരുന്നതായി കാണാവുന്നതാണ്. അദ്ദേഹം ശ്രീശങ്കരൻെറ മായാവാദത്തെ തകിടം മറിക്കാനും ശ്രമിച്ചിട്ടുണ്ട്. എന്നിരുന്നാലും ശങ്കരാചാര്യരും അദ്ദേഹത്തിൻെറ ശിഷ്യന്മാരും തന്നെയാണ ഭാരതത്തിൽ അദ്വൈതത്തിൻെറ ഏററവും വലിയ പ്രചാരകന്മാരായിട്ടുള്ളതു്.

## ദ്വൈതസിദ്ധാന്തം

ദ്വൈതസിദ്ധാന്തമനുസരിച്ചു പ്രപഞ്ചം, ആത്മാക്കൾ, ഈശ്വരൻ, ഇവ മൂന്നും വ്യത്യാസപ്പെട്ടതും ഒരു കാലത്തും നശിക്കപ്പെടാത്തതുമാണ്. ഈശ്വരൻ പ്രപഞ്ചത്തേയും ആത്മാക്കളെയും ഭരിക്കുന്നു. ആത്മാക്കൾ അജ്ഞാനം കൊണ്ടു പ്രപഞ്ചത്തിൽ ചുററിക്കറങ്ങുന്നു. ഈശ്വരനെ ആരാധിച്ചു കിട്ടുന്ന കൃപ കൊണ്ടു ആത്മാക്കൾ സംസാരബന്ധത്തിൽനിന്നു രക്ഷപ്പെടുകയും ഈശ്വരമണ്ഡലത്തിൽ എത്തുകയും ചെയ്യുന്നു. ഇപ്രകാരം സ്വർഗ്ഗത്തിൽ ഈശ്വരനോടുകൂടി താമസിക്കുന്നതാണ മുക്തി—മോക്ഷം.

## വിശിഷ്ടാദ്വൈതസിദ്ധാന്തം

പരമാത്മത്തിൽ ഉള്ളതു് ഈശ്വരൻ ഒന്നുമാത്രം. വിശ്വം ഈശ്വരൻെറ ശരീരമാണ്. ആ ശരീരത്തിലെ എണ്ണമററ ജീവനുള്ള പരമാണുക്കളാണ ജീവങ്ങൾ—ആത്മാവുകൾ. അനന്തകാലം മുഴുവനും അവ വ്യക്തിത്വം പൂണ്ടു നിത്യമായി നിലകൊള്ളുന്നവയാണ്. എല്ലാക്കാലത്തും ആത്മാക്കൾ ഭിന്നമായിരിക്കുന്നതാണ്. ഇതു പോലെ പ്രകൃതിയും എല്ലായ്പ്പോഴും ഭിന്നമായി നിലകൊള്ളുന്നു. സൂര്യരശ്മികളെ എപ്രകാരം സൂര്യനിൽ നിന്നു വേർതിരിക്കുവാൻ കഴിയുന്നില്ലയൊ അപ്രകാരം തന്നെ ജീവാത്മാക്കളെ ഈശ്വരനിൽ നിന്നും വേർപ്പെടുത്തുവാനും സാദ്ധ്യമല്ല. ജീവാത്മാക്കൾക്കു പരമാത്മജ്ഞാനം സിദ്ധിക്കുമ്പോൾ പ്രപഞ്ചം മുഴുവനും ഈശ്വരമയമാണെന്നും താൻ അതിലെ നിസ്സാരമായ ഒരു

പരമാണുവാണെന്നും അനുഭവപ്പെടുന്നതാണ്. ഈ ആത്മബോധം സംസാരസാഗരത്തിൽ നിന്നു മോചനം നേടുന്നതാണ്. എല്ലാ ധർമ്മങ്ങളേയും ഉപേക്ഷിച്ച് ഈശ്വരനെ ശരണം പ്രാപിക്കുകയാണു മോക്ഷത്തിനുള്ള ഏകമാർഗ്ഗം—(സർവധർമ്മാൻ പരിത്യജ്യമാമേകം ശരണം വ്റജ!–ഗീത 18–66) മോക്ഷാവസ്ഥയിൽ ജീവാത്മാവു താൻ ഈശ്വരൻെറ ഒരു അവയവമാണെന്നു എല്ലായ്പ്പോഴും അറിഞ്ഞുകൊണ്ടിരിക്കുന്നതാണ്.

## അദ്വൈതസിദ്ധാന്തം

ഉള്ളതു് ഒന്നുമാത്രം. അതു രണ്ടാകാൻ സാദ്ധ്യമല്ല. പ്രകൃതിയും ജീവാത്മാവും ബ്രഹ്മവും വാസ്തവത്തിൽ ഒന്നു തന്നെയാണ്. അതു് വിഭുവാണ്—സർവ്വവ്യാപിയാണ്. (ഗീത 13–13) അതിനു പ്രകൃതിയേയും ആത്മാക്കളേയും പ്രകാശിപ്പിക്കാൻ ശക്തിയുണ്ടു്. ഈ ശക്തിയാണ് മായ. ബ്രഹ്മത്തെയും മായയേയും വേർതിരിക്കത്തക്കതല്ല. അജ്ഞാനം കൊണ്ടാണു ജീവാത്മാക്കൾ താൻ പ്രകൃതിയിൽ നിന്നും ബ്രഹ്മത്തിൽ നിന്നും ഭിന്നമാണെന്നു തോന്നിക്കുന്നതു്. ജ്ഞാനോദയം ഉണ്ടാകുമ്പോൾ ഈ തെററായ ബോധം അപ്രത്യക്ഷപ്പെടുന്നതാണ്. പരമാർത്ഥത്തിൽ ഉള്ളതു് ഒന്നു മാത്രം–(ഗീത 13–30). അതിൻെറ മായാശക്തി കൊണ്ടു ജീവാത്മാവും പ്രകൃതിയും പ്രകാശിക്കുന്നു. ഇവ ശക്തിയിലേയ്ക്കു ലയിക്കുമ്പോൾ പ്രകാശമില്ലാത്തതായിത്തീരുന്നു. ശക്തി ഭൂതങ്ങളിൽ ഇരിക്കുമ്പോൾ സഗുണനും പൂർണ്ണഭാവത്തിലാകുമ്പോൾ നിർഗ്ഗുണനുമാണ്. തിരമാലകൾ സമുദ്രത്തിൽ ലയിക്കുന്നതു പോലെ ഓരോ ആത്മാവും നിത്യമായതിൽ (Absolute) ലയിക്കുന്നു. ഇതുതന്നെ സംസാരസാഗരത്തിൽ നിന്നുള്ള മോചനം—മോക്ഷം.

## ഗീതാരഹസ്യം എന്തു്?

മുകളിൽ പറഞ്ഞ മൂന്നു സിദ്ധാന്തങ്ങൾക്കും അടിസ്ഥാനം ഗീത തന്നെ. ഗീതാരഹസ്യം ചൂണ്ടിക്കാണിച്ചുകൊണ്ടു തന്നെ

യാണ മധ്വമഹർഷിയും രാമാനുജനും ശങ്കരാചാര്യരും മൂന്ന് ആശയങ്ങൾ പ്രചരിപ്പിച്ചിട്ടുള്ളത്. അവർ അവരുടേതായി—പുത്തനായി—ഒന്നും കൊണ്ടുവന്നിട്ടില്ല. അവരുടെ സിദ്ധാന്തങ്ങൾക്കെല്ലാം അടിസ്ഥാനം ഒരേ ഗീത തന്നെ. പക്ഷേ ഇപ്രകാരം ഭിന്നാഭിപ്രായത്തിനു കളം ഒരുക്കിക്കൊണ്ടായിരിക്കുകയല്ല ശ്രീകൃഷ്ണൻ അർജ്ജുനനു പറഞ്ഞു കൊടുത്തതും വേദവ്യാസൻ എഴുതപ്പെട്ടതുമായ ഗീതാരഹസ്യം. മുൻ പറഞ്ഞതു പോലെ ഉള്ളതു ഒന്ന്, പ്രാജ്ഞന്മാർ പല വിധത്തിൽ പറയുകയാണ്. വാസ്തവത്തിൽ ഈ മൂന്നു ചിന്താഗതികളും ഒന്നിൽ ചെന്നു ചേരേണ്ടതാണ്. ഇവ മൂന്നിനേയും ഘടിപ്പിക്കുന്ന തത്വമാണ ഗീതാരഹസ്യം. വേദവ്യാസൻ എഴുതിയ ആ രഹസ്യം ഇനിയും ഗീതയിൽ രഹസ്യമായി കിടക്കുകയാണ്. അതു് ഇന്നല്ലെങ്കിൽ നാളെ പുറത്തു വരുക തന്നെ ചെയ്യും ! ! !

## ഗീതയും സാംഖ്യവും

"പാർത്ഥ! തേ അഭിഹിതാ ഏഷാ, ബുദ്ധിഃ സാംഖ്യേ"—(ഗീത 2–39) യുദ്ധം ചെയ്തു രാജ്യം സമ്പാദിക്കുന്നതിലുള്ള വൈഷമ്യങ്ങളെ ഓർത്തു ദുഃഖിതനായ അർജ്ജുനൻ കുരുക്ഷേത്രത്തിൽ പാണ്ഡവന്മാരുടെയും കൌരവന്മാരുടെയും സേനയുടെ മദ്ധ്യത്തിൽ നിൽക്കുന്ന തേരിൽ അമ്പും വില്ലും താഴെ വെച്ചു യുദ്ധം ചെയ്യുവാൻ കഴിയുകയില്ലെന്നു പറഞ്ഞു നിൽക്കുമ്പോൾ, ശ്രീകൃഷ്ണൻ ജീവാത്മാവിനെക്കുറിച്ചും പ്രാപഞ്ചികജ്ഞാനത്തെക്കുറിച്ചും വിശദീകരിച്ചു കൊടുത്തതിനുശേഷം പറഞ്ഞ വാക്കുകളാണ മുകളിൽ കണ്ടതു്. അതായതു് "എടോ അർജ്ജുനാ, നിനക്കു ഉപദേശിക്കപ്പെട്ട ഈ ജ്ഞാനം സാംഖ്യത്തിലേതാണ്".

ശ്രീകൃഷ്ണൻ ഉപദേശിച്ചതായ ആത്മതത്വം—ആത്മാവു് ഒരിക്കലും ജനിക്കുകയോ മരിക്കുകയോ, ഉണ്ടായിട്ടു് പിന്നെ ഇല്ലാതാവുകയോ ചെയ്യുന്നില്ല. ശരീരം കൊല്ലപ്പെടുമ്പോൾ കൊല്ലപ്പെ

Good It is very good book



ടുന്നില്ല (ഗീത 2–20), ആയുധങ്ങൾ കൊണ്ടു മുറിക്കുവാനോ അഗ്നികൊണ്ടു ദഹിപ്പിക്കുവാനോ വെള്ളം കൊണ്ടു നനയ്ക്കുവാനോ കാററുകൊണ്ടു ഉണക്കുവാനോ സാധിക്കുന്നതല്ല–(ഗീത 2–23), സർവ്വവ്യാപിയും ആദ്യന്തമില്ലാത്തവനുമാണ്–(ഗീത 2–24), പ്രാപഞ്ചികജ്ഞാനം–"ഇല്ലാത്തതു് ഉണ്ടാകുന്നില്ല, ഉള്ളതു ഇല്ലാതാകുന്നില്ല". (ഗീത 2–16) — സാംഖ്യ സിദ്ധാന്തത്തിൽ അടങ്ങീട്ടുള്ളതാണെന്നാണു വിശദമാക്കിയതു്.

ആത്മാവിനെ ചിലർ ധ്യാനം കൊണ്ടും മററു ചിലർ സാംഖ്യയോഗം കൊണ്ടും വേറെ ചിലർ കർമ്മയോഗം കൊണ്ടും മനസ്സിലാക്കുന്നുണ്ടെന്നും ശ്രീകൃഷ്ണൻ പിന്നീടു് അർജ്ജുനനു് ഉപദേശിച്ചിട്ടുണ്ടു് (ഗീത 13–24). ഈ സാംഖ്യയോഗം, അതായതു് കാര്യകാരണവിചാരം ചെയ്തു ബോദ്ധ്യപ്പെടേണ്ട യോഗമാർഗ്ഗം തന്നെയാണു് ശ്രീകൃഷ്ണൻ പറഞ്ഞുകൊടുത്തതായി നാം മുകളിൽ കണ്ടതു്.

## സാംഖ്യസിദ്ധാന്തം

സാംഖ്യശബ്ദത്തെ "പരമാർത്ഥവസ്തുവിവേക"മെന്നാണു് ഭാഷ്യകാരനായ ശ്രീശങ്കരാചാര്യർ വ്യാഖ്യാനിച്ചിട്ടുള്ളതു്. മററു ഭാഷ്യകാരന്മാരിൽ പ്രധാനികളായ ശങ്കരാനന്ദസരസ്വതി "സമ്യക്ജ്ഞാന"മെന്നും ശ്രീധരാചാര്യർ "സമ്യക്ജ്ഞാനപ്രകാശക"മെന്നും സാംഖ്യത്തെ വ്യാഖ്യാനിച്ചിട്ടുണ്ടു്. ഏതൊന്നാണൊ ഉള്ളതു് അതിൻെറ പരമാർത്ഥാവസ്ഥയെ — സത്യാവസ്ഥയെ — വിശകലനംചെയ്തു മനസ്സിലാക്കുന്ന വിദ്യയാണു സാംഖ്യം. അതേ മൂലധാതു വിശകലനശാസ്ത്രം–(Nuclear Physics) അണുശാസ്ത്രം — തന്നെയാണു സാംഖ്യം. അതു തന്നെ വേദങ്ങളിൽ പറയുന്ന ബ്രഹ്മവിദ്യ, പരവിദ്യ. പരമാത്മാവിനെ മനസ്സിലാക്കിയാൽ പിന്നെ മനസ്സിലാകാത്തതു് — അറിയപ്പെടാത്തതു് ഒന്നും ശേഷിക്കുന്നില്ല. (ഗീത 7–2). അതിനെ പടിപടിയായി വിശകലനം ചെയ്തു മനസ്സിലാക്കുവാനുള്ള വിദ്യയാണു സാംഖ്യം.

ഈ വിദ്യ തന്നെയാണ് അർജ്ജുനനു പറഞ്ഞു കൊടുത്തതെന്നാണ ശ്രീകൃഷ്ണൻ തന്നെ വ്യക്തമാക്കിയതു്. (ഗീത 2_39) സാംഖ്യദർശനം ദർശനങ്ങളിൽ ഏററവും മഹത്തായ ഒന്നാണ്. കപിലമഹർഷിയാണ ഈ ദർശനത്തിൻെറ ഉപജ്ഞാതാവു്. "അഹം സിദ്ധാനാം കപിലഃ" (ഗീത 10_26) "സിദ്ധന്മാരിൽ കപിലൻ ഞാനാണ്." ഇതു വിഭൂതിയോഗത്തെ അർജ്ജുനനു പറഞ്ഞു കൊടുത്തപ്പോൾ ശ്രീകൃഷ്ണൻ തന്നെ പറഞ്ഞിട്ടുള്ളതാണെന്നാണ്. അതായതു് ഓരോ സൃഷ്ടിയിലും പ്രധാനമായവ പരമാത്മാവു തന്നെയാണ് എന്നു് വിഭൂതിയോഗത്തിൽ വിശദീകരിച്ചിട്ടുള്ളതു്. അപ്പോൾ സിദ്ധന്മാരിൽ ഏററവും പ്രധാനി കപിലമഹർഷിയാണെന്നാണ പറഞ്ഞതു്. ആ മഹർഷിയുടെ ദർശനമാണ സാംഖ്യദർശനം. പ്രസിദ്ധമായ ഷഡ്ദർശനങ്ങളിൽ ഏററവും പ്രാധാന്യമർഹിക്കുന്നതാണിതു്. പ്രപഞ്ചവസ്തുക്കളുടെ പരിണാമസിദ്ധാന്തത്തെയാണ ഇതിൽ പ്രതിപാദിച്ചിട്ടുള്ളതു്. ഡാർവിൻെറ പരിണാമ വാദത്തിനു എത്രയോ ആയിരം കൊല്ലങ്ങൾക്ക മുമ്പുതന്നെ കപിലമഹർഷി പരിണാമസിദ്ധാന്തത്തെ വിശദീകരിച്ചിട്ടുണ്ടായിരുന്നു. അതനുസരിച്ചു എല്ലാം പ്രകൃതിയിൽ നിന്നു് ഉണ്ടാകുന്നു. ഗീതയിലെ വിഭൂതിയോഗത്തിലും പ്രതിപാദിച്ചിരിക്കുന്നതു (ഗീത 10_21, 42) പരിണാമസിദ്ധാന്തത്തിലേക്കു വിരൽ ചൂണ്ടിക്കൊണ്ടു തന്നെയാണ്.

## സാംഖ്യദർശനതത്വങ്ങൾ

ഉള്ളതു പുരുഷനും പ്രകൃതിയും. അങ്ങിനെ മൂലതത്വങ്ങൾ രണ്ടു്. രണ്ടും അനാദികളാണ്, സർവ്വവ്യാപികളാണ്. (ഗീത 13_19). (ഇതു് ഖുർ ആനിലും പറഞ്ഞിട്ടുണ്ടു്). വിശ്വവും വിശ്വത്തിലെ ഭിന്നവസ്തുക്കളും പ്രകൃതി പരിണമിച്ചു് ഉണ്ടാകുന്നു. (ഗീത 13_20) സകല വസ്തുക്കളുടെയും സാമ്യാവസ്ഥ ഏതിൽ സ്ഥിതി ചെയ്യുന്നുവോ അല്ലെങ്കിൽ ഏതൊന്നിൽ സകലതും സാമ്യാവസ്ഥയിൽ സ്ഥിതി ചെയ്യുന്നുവോ അതുതന്നെയാണ് പ്രകൃതി

(ഗീത 13-27, 28). ആ പ്രകൃതി ഏകവും ത്രിഗുണാത്മകവുമാണ് (ഗീത 14-5) അതായത് സത്വം, രജസ്, തമസ് ഈ ഗുണങ്ങൾ മൂലപ്രകൃതിയിൽ പ്രകൃതിയുടെ ഘടകങ്ങളായി സാമ്യാവസ്ഥയിൽ സ്ഥിതി ചെയ്യുന്നു. പ്രകൃതിയിൽ മാത്രമല്ല, പ്രകൃതിയുടെ പരിണാമങ്ങളായ എല്ലാ വസ്തുക്കളിലും ത്രിഗുണങ്ങൾ ഉണ്ട്. (ഗീത 18-40) ഗുണവൈഷമ്യമാണ് വസ്തുക്കളുടെ വൈരുദ്ധ്യത്തിനു കാരണം.

പുരുഷൻ സർവ്വവ്യാപിയും, ചേതനനും, ജ്ഞാതാവും, ഗുണരഹിതനും, സാക്ഷിയും ആണ്. പുരുഷൻ യാതൊരു പ്രവർത്തിയും ചെയ്യുന്നില്ല. (ഗീത 13-29). പ്രകൃതി കാര്യം ആരോപിക്കുന്നതു നിമിത്തം പുരുഷൻ ബദ്ധനായി തോന്നപ്പെടുകയാണ്. എന്നാൽ പുരുഷൻെറ സാന്നിദ്ധ്യം കൂടാതെ പ്രകൃതിയിൽ ഒരു പരിണാമവും സംഭവിക്കുന്നതല്ല. (ഗീത 13-26). പ്രകൃതിയും പുരുഷനും ചേർന്നാണു സൃഷ്ടികാര്യങ്ങൾ നടത്തുന്നത്. (മുകളിൽ പറഞ്ഞതെല്ലാം കപിലമഹർഷിയുടെ സാംഖ്യദർശനത്തിലെ തത്വങ്ങളാണ്.) ഗീതാ സൂത്രങ്ങൾക്ക് അവയോടുള്ള ബന്ധം കാണിക്കുന്നതിനാണ് ഗീതാസൂത്രങ്ങൾ അവയുടെ നേരെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

അവ്യക്തമായ പ്രകൃതി വ്യക്തമായ സൃഷ്ടി നടത്തുന്നതിനു ആദ്യമായി നിശ്ചയിക്കുന്നു. ഇങ്ങനെ നിശ്ചയിക്കുന്നതു ബുദ്ധിയാണ്. അതു കൊണ്ട് പ്രകൃതിയിൽ നിന്നു നിശ്ചയരൂപമായ ബുദ്ധി ഉൽപ്പന്നമാകുന്നു. ബുദ്ധി പ്രകൃതിയെപ്പോലെ അവ്യക്തമല്ല. അതു വ്യക്തമാണ്. പിന്നീടുള്ള പരിണാമങ്ങളും വ്യക്തമാണ്. അനന്തരം ബുദ്ധിയിൽ നിന്നു് അഹങ്കാരം ഉൽഭവിക്കുകയാണ്. അതായത് ജീവികളെ വേർതിരിക്കുന്ന ഞാനെന്ന ബുദ്ധി ഉൽഭവിക്കുന്നു.

സൃഷ്ടി രണ്ടു തരം ഉണ്ട്. ഒന്നാമതായിട്ട് നിരിന്ദ്രിയ വസ്തുക്കൾ (Elements). രണ്ടാമതായി ഇന്ദ്രിയജീവികൾ. അതായത് വൃക്ഷം മൃഗം മനുഷ്യൻ എന്നിവ. സേന്ദ്രിയജീവികളുടെ

ആത്മാവു പുരുഷവിഭാഗത്തിൽ ഉൾപ്പെട്ടതാണ്. പുരുഷന്മാർ അനേകമുണ്ട്. ശരീരം തോറും ഭിന്നമായിട്ട്.

പുരുഷൻ സ്വതന്ത്രനും, ദ്രഷ്ടാവും, സാക്ഷിയും ആണ്. എന്നിരുന്നാലും അജ്ഞാനം കൊണ്ടു പ്രകൃതി ചെയ്യുന്ന പ്രവൃത്തികളുടെ കർതൃത്വം പുരുഷൻ തന്നിൽ തന്നെ ആരോപിക്കുന്നതുകൊണ്ട് സുഖദുഃഖദ്വന്ദ്വമോഹങ്ങളിൽ ബദ്ധനെന്നു സങ്കല്പിക്കുന്നു. യഥാർത്ഥത്തിൽ പുരുഷൻ കർത്താവല്ല. ഈ പരമാർത്ഥം അതായതു താൻ പ്രകൃതിയിൽ നിന്നു വ്യത്യസ്തനാണെന്നു അറിയുമ്പോൾ പുരുഷൻ മുക്തനായിത്തീരുന്നതാണ്. (ഗീത 13-29). അതുതന്നെ മോക്ഷം.

ബാഹ്യലോകം സത്യമായിട്ടുള്ളതാണ്. ഓരോരുത്തരുടെ ബുദ്ധിക്കനുസരിച്ച് ഓരോരുത്തരും അതിനെ ഭിന്നമായി കാണുകയാണ്. പ്രകൃതിയിലെ മൂലവസ്തുക്കൾ എന്നും ഉള്ളതാണ്. പരിണാമവസ്തുക്കൾ എല്ലാം സ്ഥലഭേദവും രൂപഭേദവും പ്രാപിക്കുന്ന പ്രളയകാലത്തുപോലും മൂലവസ്തുക്കളായി—പ്രകൃതിയായി പരിണമിച്ച നില കൊള്ളുന്നതാണ്. ഇതാണ് സാംഖ്യദർശനം. പ്രകൃതി പുരുഷൻ എന്നീ രണ്ടു മൂലതത്വങ്ങളെ അംഗീകരിച്ചിട്ടുള്ളതുകൊണ്ടു സാംഖ്യം അദ്വൈതസിദ്ധാന്തമല്ല. ദ്വൈതസിദ്ധാന്തമാണ്. ശ്രീകൃഷ്ണൻ അർജ്ജുനനു പറഞ്ഞു കൊടുത്ത ജ്ഞാനയോഗത്തിൽ വിശദീകരിച്ചിട്ടുള്ളത് എല്ലാം തന്നെ സാംഖ്യദർശനത്തിൻെറ വികാസങ്ങളാണ്.

മാധ്വമഹർഷിയുടെ ദ്വൈതവും രാമാനുജൻെറ വിശിഷ്ടാദ്വൈതവും ശങ്കരാചാര്യരുടെ അദ്വൈതവും മുൻ ലേഖനങ്ങളിൽ വിവരിച്ചിരുന്നതാണല്ലോ. ഈ ഭാഷ്യകാരന്മാരുടെ സിദ്ധാന്തങ്ങൾക്ക് അടിസ്ഥാനം ഗീതയാണ്. ഗീതയ്ക്കു ഭാഷ്യം രചിക്കാത്തവരാരും ഭാരതത്തിൽ പുതിയ ഒരു മതവിഭാഗം ഏർപ്പെടുത്തിയിട്ടില്ല.

## ഗീത ഉപനിഷത്തുക്കളുടെ സംഗ്രഹം

ശങ്കരനും രാമാനുജനും തങ്ങളുടെ മതങ്ങളെക്കുറിച്ച അപൂൎവ്വത അവകാശപ്പെടുന്നില്ല. താൻ ബോധായനന്റെ മഹത്തായ വൃത്തിയെ പിൻതുടരുന്നതേയുള്ളു എന്നു് രാമാനുജൻ ശ്രീഭാഷ്യമെന്ന ബ്രഹ്മസൂത്രവ്യാഖ്യയുടെ തുടക്കത്തിൽ പറഞ്ഞിട്ടുള്ളതു് തന്നെ "ഭഗവാൻ ബോധായനന്റെ വിസ്തരിച്ചുള്ള ബ്രഹ്മസൂത്ര വൃത്തിയെ പൂൎവ്വാചാൎയ്യന്മാർ സംക്ഷേപിച്ചു അദ്ദേഹത്തിന്റെ മതമനുസരിച്ചു് സൂത്രാക്ഷരങ്ങൾ വ്യാഖ്യാനിക്കാം" എന്നാണു്. ബോധായനന്റെ ബ്രഹ്മസൂത്രവാഖ്യയുടെ തുടക്കത്തിൽ പറഞ്ഞിട്ടുള്ളതു തന്നെ. ഭഗവാൻ ബോധായനന്റെ വിസ്തരിച്ചുള്ള ബ്രഹ്മസൂത്രവൃത്തിയൊഴിച്ചുള്ള ഭാഷ്യങ്ങളെല്ലാം തള്ളിക്കളയണമെന്നു സ്വാമി ദയാനന്ദസരസ്വതി ആഗ്രഹിച്ചിരുന്നുവെന്നു് സ്വാമി വിവേകാനന്ദൻ രേഖപ്പെടുത്തിയിട്ടുള്ളതു് ഇവിടെ ശ്രദ്ധേയമാണു്.

രാമാനുജനെ പോലെ തന്നെ ശങ്കരാചാൎയ്യരും പഴയ പല ഭാഷ്യകാരന്മാരെ തന്റെ ഭാഷ്യങ്ങളിൽ പരാമർശിച്ചിട്ടുണ്ടു്. ഈശ്വരകൃഷ്ണന്റെ സാംഖ്യാകാരികയിലെ ശ്ലോകങ്ങളും ശങ്കരൻ ഉദ്ധരിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ പരമാചാൎയ്യരായ ഗൌഡപാദർ സാംഖ്യാകാരികയെ വ്യാഖ്യാനിച്ചിട്ടുള്ളതാണു്. ശങ്കരൻ തന്നെ വേദാന്തകുടുംബത്തിലാണു പിറന്നിരുന്നതു്. അങ്ങനെ പരമ്പരയായി വന്ന വ്യാഖ്യാനങ്ങൾ ശങ്കരന്റെ അടിസ്ഥാനമായിരുന്നുവെന്നും ശങ്കരൻ വളരെ അപൂൎവ്വമായതൊന്നും അല്ല പ്രചരിപ്പിച്ചതെന്നും ഏറെക്കുറെ സ്പഷ്ടമാണു്. അദ്ദേഹം ഭാഷ്യത്തിൽ ചെയ്തതു് ബോധായനനു പററിയിടത്തോളം രാമാനുജൻ ചെയ്തതു തന്നെയാണെന്നു വ്യക്തമാകുന്നുണ്ടു്.

ചുരുക്കത്തിൽ ദ്വൈതികം, വിശിഷ്ടാദ്വൈതികം, അദ്വൈതികം അടിസ്ഥാനം ഗീത തന്നെയാണു്. ഗീതയാണെങ്കിൽ ഉപനിഷത്തുകളുടെ സംഗ്രഹവും പ്രാചീനമായ സാംഖ്യാദർശന

ത്തിൻെറ വികാസവും മാത്രമാണു്. എല്ലാ ചിന്തകന്മാർക്കും ഉത്തരം കണ്ടെത്താവുന്ന ഗ്രന്ഥവും അതു തന്നെയാണു്. ഗീതാ ധ്യാനത്തിൽ പറയുന്നതു്:

"സർവ്വോപനിഷദോ ഗാവോ
ദോഗ്ധാ ഗോപാലനന്ദനഃ
പാർത്ഥോ വത്സ സുധിർഭോക്താ
ദുഗ്ധം ഗീതാമൃതം മഹത്!"

ഇവിടെ ഉപനിഷത്തുക്കളെല്ലാം കറവപ്പശുക്കളായും ശ്രീകൃഷ്ണനെ കറവക്കാരനായും അർജ്ജുനനെ പശുക്കുട്ടിയായും ആ പശുക്കളിൽ നിന്നു് കറന്നെടുത്ത ധാരോഷ്ണമളമായ പാൽ ഭഗവദ്ഗീതയുമായിട്ടാണു് ഉപമിച്ചിരിക്കുന്നതു്. ഇതിൽനിന്നു് ഗീതയുടെ മാഹാത്മ്യം വ്യക്തമാകുന്നുണ്ടല്ലോ? ഗീതയിലെ സംസ്കൃതവാക്യങ്ങൾക്കു വൻകിടഭാഷ്യകാരന്മാർ നല്കിയിട്ടുള്ള അർത്ഥം അനുസരിച്ചു അവയുടെ പരമാർത്ഥം ഇന്നു് പലതായി തീർന്നിരിക്കുകയാണു്. അതുകൊണ്ടാണു് ദ്വൈതികും അദ്വൈതികും വലിയ അന്തരം വന്നിട്ടുള്ളതു്. ഏതു സമ്പ്രദായമായാലും ഉള്ളതു് ഒന്നാണു്. അതിനു് പണ്ഡിതന്മാർ പല പേരുകളും കൊടുത്തിരിക്കുന്നു.

## ശരിയും തെററും

വാസ്തവം ഇതാണു്. എന്നിരുന്നാലും ഭാരതത്തിൽ മഹത്തായ ഈ ആശയം അദ്ധ്യാത്മികചിത്തരായ ചുരുക്കം ചിലരല്ലാത്തവർ എപ്പോഴും മറക്കുന്നുണ്ടു്. മിക്കവരും പറയുന്നതു് ഒന്നുകിൽ ദ്വൈതി ശരിയാണു്, അല്ലെങ്കിൽ വിശിഷ്ടാദ്വൈതി ശരിയാണു്, അല്ലെങ്കിൽ അദ്വൈതി ശരിയാണു്. പക്ഷെ ഇതിൻെറ പരമാർത്ഥം എന്താണെന്നു ഗീതയിൽ ഒളിഞ്ഞുകിടക്കുന്നുണ്ടാകണം. ഗീത കേൾക്കപ്പെട്ട അർജ്ജുനനു് എല്ലാ സംശയവും തീർന്നുവെന്നു് അർജ്ജുനൻ തന്നെ പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ടു്.

അർജ്ജുനൻ പറഞ്ഞതു് ഇപ്രകാരമാണു്: "അല്ലയോ അച്യുത! അങ്ങയുടെ അനുഗ്രഹം കൊണ്ടു് മോഹം ഇല്ലാതായി, ഓർമ്മ എനിക്കു് ലഭിക്കപ്പെട്ടു; ഞാൻ സംശയം തീർന്നവനായി ദൃഢചിത്തനായിത്തീർന്നിരിക്കുന്നു. അങ്ങയുടെ വാക്കനുസരിച്ചു് ഞാൻ പ്രവർത്തിച്ചുകൊള്ളാം." (ഗീത 18-73). അതുകൊണ്ടു ഭാഷ്യകാരന്മാരുടെ ദ്വൈതവും വിശിഷ്ടാദ്വൈതവും അദ്വൈതവുമായ സിദ്ധാന്തങ്ങൾ അടങ്ങുന്ന നാലാമതൊരു തത്വം ഗീതയിൽ തന്നെ ഒളിഞ്ഞു കിടക്കുന്നുണ്ടാകണം. അതായിരിക്കും ഗീതാരഹസ്യവും. അതു സാംഖ്യദർശനത്തിനു വിരുദ്ധമല്ലാത്തതുമായിരിക്കേണ്ടതുണ്ടു്.

പ്രകൃതി, ആത്മാവു്, ഈശ്വരൻ ഇവ മൂന്നും ദ്വൈതിയും വിശിഷ്ടാദ്വൈതിയും അദ്വൈതിയും സമ്മതിച്ചിട്ടുള്ളതാണു്. എന്നാൽ ഇവ മൂന്നിൻെറയും ഘടനയും നിലനില്പും ചോദ്യം ചെയ്തിരിക്കുകയാണു്. ദ്വൈതിക്കു് ഇവ മൂന്നും ഒററപ്പെട്ടു് എന്നും നിലവിലുണ്ടു്. ആത്മാവു് ഈശ്വരനിൽ എത്തുന്നതാണു് അവരുടെ അഭിപ്രായത്തിൽ മോക്ഷം. വിശിഷ്ടാദ്വൈതിക്കു് ഇവ മൂന്നും എന്നും ഉള്ളതാണെങ്കിലും എന്നും ഒന്നായിതന്നെ നില്ക്കുന്നവയാണു്. ആത്മാവിനു് താൻ ഈശ്വരൻെറ ശരീരത്തിലെ ഒരു പരമാണുവാണെന്ന ബോധം ഉദിക്കുന്നതാണു മോക്ഷം. അദ്വൈതി പറയുന്നതു് എല്ലാം മായയാണെന്നാണു്. മായയെയും ഈശ്വരനെയും വേർതിരിക്കാവുന്നതല്ല. ആത്മാവു് മായയിൽ ലയിക്കുന്നതാണത്രെ മോക്ഷം.

## ഈശ്വരൻ

ആത്മാവിനു് ഈശ്വരനോടുള്ള ബന്ധം ഘടാകാശത്തിനു് മഹാകാശത്തിനോടുള്ള ബന്ധം തന്നെയാണു്.

"ആത്മാഹ്യാകാശവത് ജീവൈ
ർഘടാകാശൈരിവോദിതഃ
ഘടാദിവച്ച സംഘാതൈ-
ർജ്ജാതാവേതന്നിദർശനം" (ഗൌഡപാദകാരിക)

അതായതു് ഏതൊരു പ്രകാരം വിവിധങ്ങളായ ഘടാദികളിൽ

(കുടങ്ങളിൽ) ഒരേ ആകാശം വിവിധങ്ങളായ ആകാശമായി കാണുന്നുവോ അതു പോലെ എല്ലാ ജീവങ്ങളും ഈശ്വരചൈതന്യമാണെങ്കിലും വിവിധങ്ങളായ ഉപാധിനിമിത്തം പലതായി കാണുന്നു.

ഈ മൂന്നു സിദ്ധാന്തങ്ങൾക്കും അടിസ്ഥാനമായ ഗീതാതത്വങ്ങളെ വിശകലനം ചെയ്യാം. "അവ്യക്തമൂർത്തിനാ മയാ ഇദം, സർവ്വം ജഗത്തതം" (ഗീത 9–4) അതായതു് രൂപം ഒന്നും ഇല്ലാത്ത ഈശ്വരൻ ഈ എല്ലാ ലോകവും വ്യാപിച്ചിരിക്കുന്നു. (ഖുർ ആനും ഇതു സമ്മതിച്ചിട്ടുണ്ടു്). "അക്ഷരം പരമബ്രഹ്മ" (ഗീത 8–3) നാശമില്ലാതുള്ളതു് ഈശ്വരനാകുന്നു. "സ്വഭാവഃ അധ്യാത്മം ഉച്യതെ" (ഗീത 8–3). ഈശ്വരൻെറ സ്വഭാവമാണു ശരീരത്തിൽ ഇരിക്കുന്ന ആത്മാവു്. "അണോരണീയാംസ" (ഗീത 8–9). ഈശ്വരൻ അണുവിനേക്കാൾ അണുവാകുന്നു. ഈശ്വരൻ സർവ്വജ്ഞനും മുമ്പിലേയുള്ളവനും സകലനിയാമകനും എല്ലാററിൻേറയും പരമാശ്രയമായവനും അചിന്ത്യരൂപനും അജ്ഞാനത്തിൽ നിന്നു് അകന്നവനും സൂര്യതേജസ്വിയുമാണു്. ഈശ്വരനെ സൂര്യചന്ദ്രന്മാരും അഗ്നിയും ഇടിമിന്നലും പ്രകാശിപ്പിക്കുന്നതല്ല.

## നിത്യമായ ആത്മാവു്

ആത്മാവു് ഉണ്ടായിട്ടു് പിന്നെ ഇല്ലാതാകുന്നില്ല. ജന്മമില്ലാത്തതും നിത്യമായതും ശാശ്വതവും, പണ്ടേയുള്ളതും ജനനവും മരണവും ഇല്ലാത്തതും ആണു് (ഗീത 2–20). ഈശ്വരനു് രണ്ടു ഭാവങ്ങൾ—പ്രകൃതികൾ—ഉണ്ടു്. അതിൽ മാററമുള്ള ഭാവം അധിഭൂതമാകുന്നു. (ക്ഷരഭാവ: അധിഭൂത—ഗീത 8–4). അതാണു് അപരാപ്രകൃതി. അതിൽനിന്നു് വേറെയായി മാററമില്ലാതുള്ളതും ജീവസ്വരൂപമായിട്ടുള്ളതുമാണു് പരാപ്രകൃതി (ഗീത 7–5). ഈ പരയേയും അപരയേയും ക്ഷേത്രജ്ഞനെന്നും ക്ഷേത്രമെന്നും ഗീതയിൽ പറഞ്ഞിട്ടുണ്ടു്. ഈ രണ്ടു പ്രകൃതികൾകൊണ്ടാണു് സർവ്വചരാചര

ങ്ങളേയും സൃഷ്ടിച്ചിരിക്കുന്നതു് (ഗീത 13-26, 7-6). എല്ലാം പരാപരങ്ങളുടേയും ആത്മാവു് അക്ഷരഭാവത്തിൽ ഉൾപ്പെട്ടതാണു്. "കൂടസ്ഥഃ അക്ഷരഃ ഉച്യതേ" (ഗീത 15-16). എന്നാൽ മൂന്നു ലോകങ്ങളേയും ഭരിക്കുന്ന ഈശ്വരൻ മാററമില്ലാത്ത ആത്മാവിൽ നിന്നും മാററമുള്ള ശരീരങ്ങളിൽനിന്നും വേറെയാണു്(ഗീത 15-17). ഈ ഈശ്വരൻ തന്നെയാണു് പുരുഷോത്തമൻ. ഗീത പറയുന്നതു്: "യാതൊന്നുകൊണ്ടു് ഞാൻ (ഈശ്വരൻ) ക്ഷരപ്രകൃതിയെ അതിക്രമിച്ചവനും അക്ഷരത്തേക്കാളും ഉത്തമനുമായിരിക്കുന്നുവോ ഇതുകൊണ്ടു് ലോകത്തിലും വേദത്തിലും പുരുഷോത്തമനെന്നു് പ്രഖ്യാതനായിരിക്കുന്നു." (ഗീത 15-18).

## ദ്വൈതി പറയുന്നതിലെ സത്യം

പ്രപഞ്ച'ത്തിലെ പൂർണ്ണമായ ഓരോന്നും ഈശ്വരൻെറ ഒരു ഭാഗമാണു് (ഗീത 10-42). അതിൽ പുരുഷോത്തമനും ആത്മാവും മാററമുള്ള ശരീരവും ഉണ്ടു്. അങ്ങനെ പ്രപഞ്ചം മുഴുവൻ ഇപ്രകാരമുള്ള ഈശ്വരൻെറ അംശങ്ങൾകൊണ്ടു നിറഞ്ഞിട്ടുണ്ടു്. അതിൽ പുരുഷോത്തമൻ ഈശ്വരൻെറ സാക്ഷാൽ രൂപത്തിലും ആത്മാവും ശരീരവും ഈശ്വരൻെറ ഭാവങ്ങളുടെ വിവിധഘടകങ്ങളുമായി നില കൊള്ളുന്നു. ഈ ശരീരം മാത്രമാണു് മാററം സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രകൃതി. അപ്പോൾ ഈശ്വരനും ആത്മാവും പ്രകൃതിയും ഒന്നാണെങ്കിലും വ്യത്യസ്തമായി—ഭിന്നമായി നില്ക്കുന്നുണ്ടു്. അതു തന്നെയാണു ദ്വൈതസിദ്ധാന്തം പറയുന്നതു്.

## വിശിഷ്ടാദ്വൈതി പറയുന്നതിലെ സത്യം

ഈശ്വരഭാവവും ആത്മാക്കളും പ്രകൃതിയും ഭിന്നമായി നില കൊള്ളുന്നുണ്ടെങ്കിലും അവ ഈശ്വരൻെറ പര, അപര, അല്ലെങ്കിൽ, ക്ഷേത്രജ്ഞൻ ക്ഷേത്രം എന്ന രണ്ടു പ്രകൃതികൾ തന്നെയാണു്. പ്രപഞ്ചത്തിൽ കാണുന്ന ധാതുക്കളും (Elements), ചെടിക

ളും, പ്രാണികളും, മൃഗങ്ങളും, പക്ഷികളും, മനുഷ്യരും, സൂര്യചന്ദ്രന്മാരും, നക്ഷത്രങ്ങളും, മററ് ഉള്ളതുകളും എല്ലാം തന്നെ ക്ഷേത്രത്തിന്റേയും ക്ഷേത്രജ്ഞന്റേയും ചേർച്ചയിൽനിന്നു് ഉണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമാണു് (ഗീത 13_26). ക്ഷേത്രവും ക്ഷേത്രജ്ഞനും ഈശ്വരന്റെ ഘടകങ്ങൾ. അതേ പ്രപഞ്ചം മുഴുവൻ ഈശ്വരൻ ഒന്നു മാത്രം. വിശിഷ്ടാദ്വൈതിയായ രാമാനുജൻ പറഞ്ഞതു് ഗീത പറയുന്ന പരമാർത്ഥം തന്നെയാണു്.

## ദ്വൈതി പറയുന്നതിലെ സത്യം

"സത്, ച അസത്, ച അഹം ഏവ_" ഈശ്വരൻ സത്തും അസത്തും ആണു് (ഗീത 9_19). "തത് സത് അസത് ന, ഉച്യതെ." ഈശ്വരനെ സത്തെന്നും അസത്തെന്നും പറയപ്പെടാവുന്നതല്ല (ഗീത 13_12). "നാ സതോ വിദ്യതേ ഭാവോ നാഭാവോ വിദ്യതേ സതഃ ഉള്ളതിനു് അഭാവം ഇല്ലാതാകുന്നില്ല, ഇല്ലാത്തതിനു് ഭാവം ഉണ്ടാകുന്നില്ല (ഗീത 2_16).

ഉള്ള വസ്തുവിനെ "സത്" എന്നും അതു് ദൃശ്യമല്ലാതായിത്തീരുമ്പോൾ "അസത്" എന്നും പറയുക, സാധാരണയാണു്. ഉള്ളതു് ദൃശ്യമല്ലാതായി തീർന്നപ്പോൾ അതു് ഇല്ലാതായി എന്നും തത്വജ്ഞാനികളല്ലാത്തവർ പറയുന്നതാണു്. വാസ്തവത്തിൽ ഉള്ളതു് ഇല്ലാതാകുന്നില്ല. അതിനു മാററം സംഭവിക്കുന്നതേയുള്ളു. "സത്" എന്നതിൽ ഏതെല്ലാം അടങ്ങിയിരുന്നുവൊ അതെല്ലാം "അസത്" ആയപ്പോഴും പ്രപഞ്ചത്തിൽ തന്നെ മററു രൂപങ്ങളെടുത്തു നില്ക്കുന്നതാണു്. അതാണു പറഞ്ഞതു് സത്തിലും അസത്തിലും ഈശ്വരൻ ഉണ്ടെന്നു്. എന്നാൽ ഈശ്വരനെ സത്തെന്നും അസത്തെന്നും പറഞ്ഞുകൂടാത്തതാണു്. (Note:- ഖുർ ആൻ പറഞ്ഞിരിക്കുന്നതു്: ദൈവത്തിന്റെ സത്ത ഇതരവസ്തുക്കളിൽ നിന്നെല്ലാം മൌലികമായി തന്നെ വ്യത്യസ്തമാണു്.)

"സത്" ഈശ്വരന്റെ ഒരു അംശം മാത്രമാണല്ലൊ (ഗീത 10_42). ഒരു അംശത്തിനു്—അതു് ഏതൊരു വസ്തുവിന്റെ

അംശമാണൊ—ആ പൂർണ്ണവസ്തുവിൻെറ പേർ പറയാറില്ലല്ലോ. ഒരു പേനയിൽ ഇരിക്കുന്ന നിബ്ബിനെ മാത്രം പേനയെന്നു പറഞ്ഞാൽ ശരിയല്ലല്ലൊ. ഒരു കപ്പൽ ഉണ്ടാക്കിയിരിക്കുന്നതു് അനേകം "നട്ടും" "ബോൾട്ടും" മററു സാമഗ്രികൾകൊണ്ടും ആണല്ലോ. ഒരു "നട്ടി"നെ മാത്രം കപ്പൽ എന്നു പറയാറില്ല. "സത്" "അസത്" ഈശ്വരൻെറ അംശങ്ങൾ തന്നെ. പക്ഷെ "സത്" എന്നും "അസത്" എന്നും ഈശ്വരനെ പറഞ്ഞുകൂടാത്തതാണ്.

ഈശ്വരൻെറ അംശങ്ങൾകൊണ്ടാണ ചരാചരങ്ങളെ ഉണ്ടാക്കിയിരിക്കുന്നതെന്നു ഗീത വ്യക്തമാക്കിയിട്ടുണ്ട് (ഗീത 7–6). എന്നാൽ ചരാചരങ്ങളുടെ ശരീരങ്ങളിൽനിന്നു് അന്യമായ ഒന്നാണ് പുരുഷോത്തമനെന്നും ഈശ്വരനെന്നും പറഞ്ഞിട്ടുണ്ട് (ഗീത 15–18). ഉള്ളതെല്ലാം ഇല്ലാതാകുന്നില്ലെന്നും ഗീത പറഞ്ഞിട്ടുണ്ട് (ഗീത 2–16). ഇതു് ഇന്നത്തെ സയൻസ് പറയുന്ന "വസ്തു സംരക്ഷണവ്യവസ്ഥ" (Law of conservation of matter) അനുസരിച്ചുള്ള പരമാത്ഥം തന്നെയാണ്. അപ്പോൾ ശങ്കരാചാര്യർ പറഞ്ഞതു പോലെ ദൃശ്യപ്രപഞ്ചമെല്ലാം ഇല്ലാത്തതും ഈശ്വരൻ മാത്രം ഉള്ളതും ആകുന്നില്ല. ഈശ്വരനും ദൃശ്യപ്രപഞ്ചവും ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ എല്ലായ്പ്പോഴും ഉള്ളതാണ്. കാണുന്നതെല്ലാം—പ്രപഞ്ചത്തിൽ ഉള്ളതെല്ലാം—ഈശ്വരപ്രകൃതികളായ "പര"യുടേയും "അപര"യുടേയും നാനാ വിധത്തിലുള്ള സത്യവും സനാതനവുമായ സംഘങ്ങൾ ആണ്.

ഓരോരൊ ചരാചരങ്ങളിലും ശരീരവും ആത്മാവും പുരുഷോത്തമനും ഉണ്ട്. ഇതു് ഗീത വളരെ വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രളയകാലത്തിൽ മാത്രം എല്ലാ ചരാചരങ്ങളും ഈശ്വരൻെറ പ്രകൃതിയെ പ്രാപിക്കും (ഗീത 9–7). അപ്പോൾ കല്പാരംഭത്തിലും പ്രളയകാലത്തിലും ഈശ്വരൻ ഒന്നുമാത്രം. അതേ പ്രളയകാലത്തു് എല്ലാ ചരാചരങ്ങളും ഈശ്വരൻെറ ക്ഷരവും അക്ഷരവുമായ ഭാവങ്ങൾ പ്രാപിക്കുമെന്നു ചുരുക്കം.

അക്ഷരസ്വഭാവത്തിൽ ജീവാത്മാക്കളും പുരുഷോത്തമനുമാണല്ലോ ഉള്ളതു്. ക്ഷരഭാവം പ്രകൃതിയും. പ്രളയകാലത്തു്

എല്ലാം ഒന്നായി—ഈശ്വരനായി—നിലകൊള്ളുന്നു. കല്പാരംഭത്തിൽ വീണ്ടും ചരാചരങ്ങളെ പുറത്തേയ്ക്കു വിടുന്നു (ഗീത 9-7). അപ്പോൾ ചരാചരങ്ങൾ എല്ലാം ഈശ്വരൻെറ ഭിന്നമായ അംശങ്ങൾ തന്നെ. (Note:- ഖുർ ആൻ പറയുന്നു: സർവ്വവസ്തുക്കളും അവൻെറ സൃഷ്ടികളാണ്). ഉള്ളതു് ഒന്നു മാത്രം. പ്രകൃതിയും ആത്മാക്കളും ഈശ്വരൻെറ മായാരൂപങ്ങൾ. ഈ ആത്മാക്കൾക്കു് ഈശ്വരനിൽ ലയിക്കാവുന്നതാണ് (ഗീത 14-20, 18-55). അതായതു് ആത്മാവിനു് ഈശ്വരനാകാവുന്നതാണ്. അതു തന്നെ മോക്ഷവും. അദ്വൈതികളുടെ വിശ്വാസവും അതു തന്നെ. അതു പരമാൎത്ഥവും ഗീത പറഞ്ഞതാണെന്നും നാം കണ്ടു.

## പരമാൎത്ഥസത്യം

രാമാനുജൻെറ സിദ്ധാന്തമനുസരിച്ച് പ്രകൃതിയും ആത്മാവും എന്നും വ്യത്യസ്തരായി—ഈശ്വരൻെറ ഭാവങ്ങളായി—ഈശ്വരനിൽ നില കൊള്ളുന്നുണ്ടു്. ഈശ്വരനിൽ ലയിക്കാത്ത ആത്മാക്കൾ പ്രളയകാലം വരെ നില നില്ക്കുകയും വീണ്ടും കല്പാരംഭത്തിൽ ചരാചരങ്ങളായി പരിണമിക്കുകയും ചെയ്യുന്നതാണ്. ഇതു് ഗീത വ്യക്തമാക്കിയിട്ടുള്ളതാണ് (ഗീത 9-7). അതുകൊണ്ടു് രാമാനുജൻെറ ആശയം പരമാൎത്ഥം തന്നെ. മാധ്വമഹർഷിയും രാമാനുജനും പറഞ്ഞതു് ഗീതാകാരനു് ഉപേക്ഷിക്കത്തക്കതല്ല. ദ്വൈതവും വിശിഷ്ടാദ്വൈതവും ഒന്നു തന്നെയാണ്. ഇതു സ്വാമി വിവേകാനന്ദനും രേഖപ്പെടുത്തിയിട്ടുണ്ടു്. അദ്വൈതി പറയുന്ന എല്ലാം ഒന്നായ അവസ്ഥ—എല്ലാം മായയാകുന്നതു്—കല്പാരംഭത്തിൽ മാത്രം. ഈശ്വരൻ ചരാചരങ്ങളെ പുറത്തു വിടാൻ ആരംഭിച്ചതു മുതൽ ഈശ്വരൻ—പുരുഷോത്തമൻ, ആത്മാക്കൾ, പ്രകൃതി എന്നിവ മൂന്നും എല്ലായ്പ്പോഴും ഉള്ളതാണ്.

## ഈശ്വരൻ—എനർജി

എല്ലാ ചരാചരങ്ങളും ഉണ്ടാകുന്നതു് ക്ഷേത്രത്തിൻെറയും ക്ഷേത്രജ്ഞൻെറയും ചേർച്ചയിൽ നിന്നാണെന്നു ഗീത വ്യക്തമാ

ക്കിയിട്ടുണ്ടല്ലൊ (ഗീത 13_26). അവ തന്നെയാണ് പ്രകൃതിയും പുരുഷനും (ഗീത 13_19). സാംഖ്യദർശനവും ഈ പ്രകൃതിയെയും പുരുഷനെയും സമ്മതിച്ചിട്ടുള്ളതാണ്.

പ്രകൃതിക്കു മൂന്നു ഗുണങ്ങൾ ഉണ്ടെന്നാണു ഗീതയും (ഗീത 7_12, 13_19, 14_5, 18_40). സാംഖ്യദർശനവും പറയുന്നതു്. ഈ മൂന്നു ഗുണങ്ങളിൽ ഒന്നു ചരാചരങ്ങളിലെ അക്ഷരനായ ആത്മാവാണ് (ഗീത 15_16). അപ്പോൾ അപരാപ്രകൃതിയിലെ മൂന്നു ഗുണങ്ങളും ജീവസ്വരൂപമായ പരാപ്രകൃതിയും നിറഞ്ഞതാണ പ്രപഞ്ചം — അതുതന്നെ ഈശ്വരൻ.

## സത്വം — ജീവാത്മാവു്

ആ ജീവസ്വരൂപമായ പ്രകൃതിയാണ് — "പര"യാണ് — കല്പാരംഭത്തിൽ ഈശ്വരൻ. അതിനെ സത്തെന്നും അസത്തെന്നും പറയുന്നതു ശരിയല്ല (ഗീത 13_12). അതു് ദൃശ്യപ്രപഞ്ചം മുഴുവനും വ്യാപിക്കപ്പെട്ടിരിക്കുന്നതാണ് (ഗീത 8_22). അതു് മായയാണ് — ശക്തിയാണ് — എനേർജി(Energy)യാണ്. അതിൽനിന്നു "സത്വം" "രജ" "തമ" എന്നീ മൂന്നു ഗുണങ്ങൾ പുറപ്പെടുന്നു. സത്വം മാററമില്ലാത്ത ആത്മാവാണ്. രാജസതാമസഗുണങ്ങളാണ് ചരാചരങ്ങളുടെ ആത്മാവൊഴികെയുള്ള ശരീരങ്ങൾ. ആ ശരീരം മാററമുള്ളതും, ആത്മാവു് മാററമില്ലാത്തതും ആണ് (ഗീത 15_16). രാജസ താമസഗുണങ്ങളെയും ആത്മാവിനേയും കൂട്ടിച്ചേർക്കുന്നതു പരാപ്രകൃതിയാണ് — മായാശക്തിയാണ് — എനേർജിയാണ് (ഗീത 9_10).

## ന്യൂട്രോൺ, പ്രോട്ടോൺ, ഇലക്ട്രോൺ

ഈ രജോഗുണത്തിന്റെ സ്വഭാവം രാഗാത്മകമാണ് (ഗീത 14_7). അതായതു് വിഷയങ്ങളോടു് ഒട്ടിനില്ക്കുന്ന സ്വഭാവം. "തമഃ" എന്നതു് "നിശ്ചലത" (Inertia) എന്ന വാക്യാർത്ഥത്തെ തരുന്നുണ്ടു്. അതിന്റെ സ്വഭാവം ആത്മാവിനെ പ്രമാദം, ആലസ്യം, നിദ്ര ഇവ കൊണ്ടു നിബന്ധിക്കുകയാണ് (ഗീത 14_8).

ഈ "രജഃ" "തമഃ" എന്ന ഗീതാവാക്യങ്ങാം പരമാണുശാസ്ത്രത്തിൽ (Nuclear Energy) പറയുന്ന ഇലക്ട്രോൺ (Electron) പ്രോട്ടോൺ (Proton) തന്നെയാണ്. "സത്വം" എന്നതു ന്യൂട്രോണും (Neutron). ഇലക്ട്രോണിനു് "നെഗററീവ്" വൈദ്യുതശക്തിയും "പ്രോട്ടോണിനു്" "പോസിററീവ്" വൈദ്യുതശക്തിയും ഉണ്ട്. ന്യൂട്രോണിനു് ഈ രണ്ടു വൈദ്യുതശക്തികളും സമമാണ്. ഇവ മൂന്നും ഒരു അണുവിൻെറ ത്രിഗുണങ്ങളാണ്. ഇലക്ട്രോൺ പ്രോട്ടോണും ന്യൂട്രോണും യോജിച്ചു നില്ക്കുന്ന ബീജഃകന്ദ്ര (Nucleus)ത്തെ സദാ സമയവും ഒരു പ്രത്യേകഭ്രമണപഥത്തിൽ ചുററിക്കൊണ്ടിരിക്കുന്നുണ്ട്. അതായതു് സൂര്യനെ ഭൂമിയും മററു ഗ്രഹങ്ങളായ ചൊവ്വാ, ബുധൻ, വ്യാഴം, ശനി ഇവ ചുററുന്നതു പോലെതന്നെ. (Ref: Atoms and Energy By F. R. Elwell)

പരമാണുക്കളായ "ഇലക്ട്രോണി"ന്മേലും "പ്രോട്ടോണി"ന്മേലും വിപരീതസ്വഭാവമുള്ള വൈദ്യുതശക്തിയാണ് ഉള്ളതു്. ന്യൂട്രോണിഃന്മൽ "പോസിററീവ്" ശക്തിയും "നെഗററീവ്" ശക്തിയും തുല്യമാണ്. ഈ വിപരീതസ്വഭാവമുള്ള പ്രോട്ടോണും ഇലക്ട്രോണും ഒരു കാന്താന്തരീക്ഷം സൃഷ്ടിക്കുന്നുണ്ട്. ഈ കാന്താന്തരീക്ഷത്തിൽ — എനേർജിയിൽ — മായാശക്തിയിൽ — തന്നെയാണ് ഇലക്ട്രോണും പ്രോട്ടോണും ന്യൂട്രോണും ഇരിക്കുന്നതു്. മായാശക്തി അവയിൽ ഇരിക്കുന്നില്ല. അവ മായയിൽ ഇരിക്കുന്നു. ഇതു തന്നെയാണ് ഗീത വ്യക്തമാക്കിയിട്ടുള്ളതു്. മൂന്നു ഗുണങ്ങളായ സത്വം, രജസ്സ്, തമസ്സ് എന്നിവ ഈശ്വരനിൽ ഇരിക്കുന്നു. എന്നാൽ ഈശ്വരൻ അവയിൽ ഇരിക്കുന്നില്ല. ഗീത പറയുന്ന വാക്യം തന്നെ നോക്കുക "ഏതെല്ലാം സാത്വികങ്ങളും രാജസങ്ങളും താമസങ്ങളുമായ ഭാവങ്ങളുണ്ടോ, അവയെ എന്നിൽ നിന്നു് (ഈശ്വരനിൽനിന്നു്) ഉണ്ടായവയെന്നു് നീ അറിയണം. ഞാനാകട്ടെ (ഈശ്വരനാകട്ടെ) അവയിൽ ഇരിക്കുന്നില്ല; അവ എന്നിൽ (ഈശ്വരനിൽ) ഇരിക്കുന്നു." (ഗീത 7-12).

ഗീതയിൽ പറയുന്ന പുരുഷോത്തമൻ, സത്വം, രജസ്സ്, തമസ്സ് എന്നിവ തന്നെയാണ്. പരമാണുശാസ്ത്രത്തിൽ പ്രതിപാദിക്കുന്ന "എനേർജി" ന്യൂട്രോൺ, ഇലക്ട്രോൺ, പ്രോട്ടോൺ. ഇതു തന്നെയാണ് കപിലമഹർഷിയുടെ സാംഖ്യദർശനത്തിലും പറഞ്ഞിട്ടുള്ളതു്. സാംഖ്യദർശനം പരമാണുശാസ്ത്രത്തേക്കാൾ കൂടുതലായി പ്രപഞ്ചോല്പത്തിയെയും പരിണാമതത്വങ്ങളെയും വിശകലനം ചെയ്തിട്ടുണ്ട്. അതിൽ ഇന്ദ്രിയജീവികളെയും നിരിന്ദ്രിയവസ്തുക്കളെയും പ്രതിപാദിച്ചിട്ടുണ്ട്. 75519

## ഗീതാരഹസ്യം-പരമാണുശാസ്ത്രം

ഗീതാസൂത്രങ്ങളെ പരമാണുശാസ്ത്രത്തിന്റെ മുമ്പിൽ നിരത്തിവെച്ച് ഒന്നു കൂടി വിശകലനം ചെയ്യാം. ചരാചരങ്ങളെല്ലാം പുരുഷോത്തമനും കൂടസ്ഥനും മാററമുള്ള ക്ഷരഭാവമായ രജസ്സ്, തമസ്സ് എന്നീ ഗുണങ്ങളുടെയെല്ലാം വിവിധഘടകങ്ങളാണ്. പുരുഷോത്തമനും കൂടസ്ഥനും നാശമില്ലാത്തതാണ്. അതായതു് "എനേർജി"ക്കും ന്യൂട്രോണിനും നാശമില്ലെന്നു് ചുരുക്കം. ഇതു പരമാണുശാസ്ത്രത്തിൽ സമ്മതിച്ചിട്ടുള്ളതാണ്. മാററമുള്ളതായ "രാജസ"ങ്ങളും "താമസ"ങ്ങളും ഇലക്ട്രോണും പ്രോട്ടോണും ആണ്. ഏതൊരു വസ്തുവിൽ നിന്നും അതിലെ ഇലക്ട്രോണിനെയും പ്രോട്ടോണിനെയും വേർതിരിക്കാവുന്നതാണ്. അപ്രകാരം തന്നെ ഇലക്ട്രോണും പ്രോട്ടോണും അതിൽ കൂട്ടാവുന്നതാണ്. അതായതു് വസ്തുക്കൾക്കു പല മാററങ്ങളും സംഭവിക്കുന്നതു് പ്രോട്ടോൺ ഇലക്ട്രോൺ എന്നിവയുടെ കൂടുതൽ കുറവുകൊണ്ടാണ്. പ്രപഞ്ചത്തിലെ വസ്തുക്കൾ അന്യോന്യം വ്യത്യാസപ്പെട്ടുകാണുന്നതു് ഇതു കൊണ്ടു തന്നെ.

പുരുഷോത്തമനിൽ നിന്നു് എല്ലാം പുറപ്പെടുന്നു എന്നു് ഗീത പറഞ്ഞിട്ടുണ്ട്. അല്ലേ? (ഗീത 9-7, 8-14, 3-4). പുരുഷോത്തമൻ മായാശക്തി തന്നെയാണ്—എനേർജിയാണ്. എന്നും പറഞ്ഞിട്ടുണ്ടല്ലോ? ഇന്നത്തെ പരമാണുശാസ്ത്രം സമ്മ

തിച്ചിട്ടുണ്ട് പ്രകൃതിയിൽ "എനേർജി" ധാതുവായി മാറുന്നുണ്ടെന്നു്. ഗീതയിലെ ഏററവും മഹത്തായ രഹസ്യം അതുതന്നെയാണു്. ധാതുക്കളെ (Elements) എനേർജിയായി മാററാമെന്നും പരമാണുശാസ്ത്രം വെളിപ്പെടുത്തിയിട്ടുള്ളതാണു്. അതുതന്നെയാണു ഗീത പറയുന്നതു്. ത്രിഗുണങ്ങളിൽ നിന്നു കടന്നു പോയാൽ "അമൃതം അശ്നുതെ" — മോക്ഷത്തെ അനുഭവിക്കാം (ഗീത 14–20). അതു ത്രിഗുണങ്ങൾ വിട്ട് "എനേർജി"യാകുക. അപ്പോൾ ഗുണങ്ങൾ ഈശ്വരനിൽ ലയിച്ചു — ഈശ്വരൻെറ പുരുഷോത്തമഭാഗമായി. അതു തന്നെ മോക്ഷം. അതിനെ പ്രാപിക്കുവാനുള്ള മാർഗ്ഗവും ഗീതയിൽ പ്രതിപാദിച്ചിട്ടുണ്ടു്.

## എനർജി — സൃഷ്ടികർത്താവു്

"എനർജി" എങ്ങിനെയാണു് സൃഷ്ടി നടത്തുന്നതു്? അതിനു് ഇന്ദ്രിയങ്ങൾ ഒന്നും ഇല്ലല്ലോ? എന്നീ സംശയങ്ങൾക്കു് ഉത്തരം കിട്ടേണ്ടതുണ്ടല്ലേ? സൂര്യൻ സദാ സമയവും "എനേർജി" നല്കിക്കൊണ്ടിരിക്കുന്നുണ്ടു്. ദൃശ്യപ്രപഞ്ചത്തിൽ ഉള്ളതെല്ലാം ആ "എനേർജി"യിൽ നിന്നാണു് ഉണ്ടാകുന്നതും. അവ ഓരോന്നും എനേർജിയെ സൂക്ഷിക്കുന്ന കലവറ(Store)യുമാണു്. നാം ഉല്പാദിപ്പിക്കുന്ന വിദ്യുച്ഛക്തി മുഴുവനും നാനാ തരത്തിലുള്ള കലവറയിൽനിന്നു പുറത്തെടുക്കുന്നവയാണു്. സൂര്യൻെറ എനേർജി കൊണ്ടു ചെടികൾ വളരുന്നു, മഴ പെയ്തു വെള്ളം ഉണ്ടാകുന്നു. ചെടികൾക്കു മാററം സംഭവിച്ചതാണു് കല്ക്കരി. കല്ക്കരി കൊണ്ടും വെള്ളംകൊണ്ടുംതന്നെയാണു് വൈദ്യുതകേന്ദ്രങ്ങളിലെ "ജെനറെയിററുകൾ" പ്രവർത്തിച്ചു് വീണ്ടും എനേർജി—വൈദ്യുതശക്തിയാകുന്നതു്. ഈ പ്രക്രിയ സദാ നടന്നു കൊണ്ടിരിക്കുകയാണു്. ഇതു് ഈശ്വരഭാവമായ പ്രകൃതിഗുണങ്ങളിൽ സ്വയം സംഭരിക്കുന്ന പരിണാമപ്രക്രിയകളാണു്.

ഗീത പറയുന്നതു്, "വികാരങ്ങളെയും ഗുണങ്ങളെയും തന്നെ പ്രകൃതിയിൽനിന്നു് ഉണ്ടാകുന്നവയെന്നു മനസ്സിലാക്കണം"

(ഗീത 13-19) എന്നാണ്. വീണ്ടും പറയുന്നു: സകല പ്രവൃത്തികളും പ്രകൃതി തന്നെ ചെയ്യുന്നു എന്നതാണു പരമാർത്ഥം—(ഗീത 13-29). യന്ത്രപ്പാവകളെപ്പോലെ സകല സൃഷ്ടിവർഗ്ഗങ്ങളേയും മായാശക്തികൊണ്ടു കർമ്മങ്ങളിലിട്ടു ചുററിത്തിരിക്കുന്നവനാണ് ഈശ്വരൻ.—(ഗീത 18-61). ഈ മായാശക്തി സദാ സമയവും പ്രവർത്തിക്കുന്നുണ്ട്—(ഗീത 2-22) "എല്ലാ ചരാചരങ്ങളെയും ഭരിക്കുന്നതും ഗ്രസിക്കുന്നതും ജനിപ്പിക്കുന്നതും ഈശ്വരൻ ആണ്—(ഗീത 13-16). എല്ലാ ചരാചരങ്ങളുടെയും ഹൃദയത്തിൽ സ്ഥിതിചെയ്യുന്നുണ്ട്—(ഗീത 13-17, 15-15). ഈ മായാശക്തി സർവ്വചരാചരങ്ങളിലും ഇരുന്നുകൊണ്ട് അനുമതിക്കുന്നവനും അനുഭവിക്കുന്നവനും ഭരിക്കുന്നവനും തന്നെയാണ് (ഗീത 13-22).

ഈ മായാശക്തിക്ക് ഇന്ദ്രിയങ്ങൾ ഒന്നും ആവശ്യമില്ല. പക്ഷെ എല്ലാ ഇന്ദ്രിയങ്ങളുടെയും പ്രവൃത്തി ചെയ്യുന്നുണ്ട്—(ഗീത 13-13 ആൻഡ് 14). മായാശക്തിയായ ഈശ്വരൻ വ്യക്തിയല്ല (ഗീത 7-24). മനുഷ്യശരീരം എടുക്കുന്നവനല്ല (ഗീത 9-11). (ഖുർആൻ പറഞ്ഞിരിക്കുന്നത്: ഈശ്വരൻ ഏതെങ്കിലും സൃഷ്ടിയുടെ രൂപം സ്വീകരിച്ച് പ്രത്യക്ഷപ്പെടുകയോ അല്ലെങ്കിൽ അതിൽ അവതരിക്കുകയോ ചെയ്യുകയില്ല). "എനേർജി"ക്ക് തന്റെ പ്രവൃത്തി നടത്തുവാൻ ശരീരങ്ങളോ ഇന്ദ്രിയങ്ങളോ ആവശ്യമില്ലെന്നു മുൻപറഞ്ഞ ഗീതാസൂത്രങ്ങൾ വ്യക്തമാക്കുന്നുണ്ടല്ലോ? ഇതു് "എനേർജി"യുടെ നാശമില്ലാത്ത സ്വഭാവമാണ്.

## എനർജി തന്നെ അറിവ്

ഒരുവന് അറിവ് ലഭിക്കുന്നതിന് ശരീരത്തിലെ ബാഹ്യേന്ദ്രിയങ്ങളും, സൂക്ഷ്മതരമായ അന്തരിന്ദ്രിയങ്ങളും, പിന്നെ മനസ്സും, പിന്നെ ബുദ്ധി എന്നിവയും, അവയുടെ സംയോജിതപ്രവർത്തനങ്ങളും, ആവശ്യമാണെന്ന് നമുക്കറിയാം. ഈ സംയോജിതപ്രവർത്തനം നടത്തുന്നതിന്ന് ഒരു ശക്തി അത്യന്താപേക്ഷിതമാണ്. ഈ ശക്തി ഒരു സ്ഥൂലപദാർത്ഥം—മേററർ (Matter)—ആയി

രിപ്പാൻ സാദ്ധ്യമല്ല. കാരണം, സ്ഥൂലപദാർത്ഥം അചേതനമാണ്. സ്ഥൂലപദാർത്ഥമല്ലെങ്കിൽ പിന്നെ അതു് എന്തായിരിക്കണം? ആധുനികപരമാണുശാസ്ത്രജ്ഞന്മാരുടെ ഭാഷയിൽ 'മേററർ' അല്ലാത്തതു് എനർജിയാണ്. അതായതു് സ്ഥൂലപദാർത്ഥമല്ലാതെ മറെറന്തൊന്നു് പ്രപഞ്ചത്തിലുണ്ടോ അതു് എനർജിയാണ്. അപ്പോൾ എനർജിയാണു് ചേതനമായിട്ടുള്ളതു്. അതായതു് ജീവസ്വരൂപമായിട്ടുള്ളതു്. അപ്പോൾ ഇന്ദ്രിയങ്ങളുടേയും മനസ്സിൻേറയും ബുദ്ധിയുടേയും പ്രക്രിയകൾ നടത്തുന്നതു് ജീവസ്വരൂപമായ എനർജിയാണ്.

അടുത്ത ചോദ്യം ഉദിക്കുന്നതു് ജ്ഞാതാവ് ആരാണെന്നുള്ളതാണ്. ജ്ഞാനത്തെ അനുഭവിക്കുന്ന ജ്ഞാനി ആരാണ്? അതും മേററർ ആയിരിപ്പാൻ നിവൃത്തിയില്ല. കാരണം, മേററർ അചേതനമായ പദാർത്ഥമായതുകൊണ്ടുതന്നെ. അപ്പോൾ ജ്ഞാനവും മേറററിൽനിന്നു് വ്യത്യസ്തമായ എനർജിതന്നെ. പക്ഷെ ജ്ഞാതാവിൻേറ ബോധം അല്ലെങ്കിൽ വസ്തുതകളുടെ സത്യം ഗ്രഹിക്കുവാനുള്ള ശക്തി—കഴിവു്—ബുദ്ധി—ഓരോ വ്യക്തിയിലും പലതായിട്ടാണു് നാം കണ്ടുവരുന്നതു്. ഓരോ വ്യക്തിയിൽ തന്നെയും അവരുടെ ബോധം ഓരോ ദിവസം കഴിയുംന്തോറും മാറിക്കൊണ്ടിരിക്കുന്നതാണെന്നും നമുക്കു് അറിയാം. അതായതു് ബുദ്ധി അസ്ഥിരമായതാണെന്നു് നാം കാണുന്നു. അസ്ഥിരമായതു് മാററം സംഭവിക്കുന്നതുകൊണ്ടാണല്ലൊ. എപ്പോഴും മാററം സംഭവിച്ചുകൊണ്ടിരിക്കുന്നതു് ചൈതന്യമായിരിപ്പാൻ—എനർജിയായിരിപ്പാൻ—നിവൃത്തിയില്ല. മാററം സ്ഥൂലപദാർത്ഥങ്ങൾക്കു മാത്രമേ സാധാരണഗതിയിൽ സംഭവിക്കുകയുള്ളു. അപ്പോൾ ബുദ്ധി സ്ഥൂലപദാർത്ഥങ്ങൾ—മേററർ—കൊണ്ടാണു് സംവിധാനം ചെയ്തിട്ടുള്ളതെന്നു് വ്യക്തമാകുന്നു. നാം മുമ്പു് കണ്ടതുപോലെ 'മേററർ' അചേതനമാണ്. ജീവസ്വരൂപമല്ല പക്ഷെ ബുദ്ധിയുടെ ജ്ഞാതാക്കളായ വ്യക്തികൾക്കു് ചൈതന്യമുണ്ടു്—ചേതനമാണ്. അപ്പോൾ ജ്ഞാതാക്കളുടെ ബുദ്ധി എന്നു പറയുന്നതു്

ചൈതന്യത്തിന്റേയും മേററിന്റേയും സംഘാതമാണ്—പല തിന്റേയും സമ്മിശ്രമാണ്. ഓരോ വ്യക്തിയിലും ഈ സംഘാതം വ്യത്യസ്തമാണ്. കാരണം, ഓരോരുത്തരിലേയും ബുദ്ധി വ്യത്യസ്തമായതാണെന്നു് നമുക്കു് അനുഭവമുള്ളതാണ്. ഈ സംഘാതത്തെ അല്ലെങ്കിൽ ബുദ്ധിയെയാണ് വ്യക്തിത്വമായി നാം പറയുന്നതും കാണുന്നതും. ശരീരത്തിലെ ദേഹി, ജീവാത്മാവ് എന്നൊക്കെ ഋഷികൾ പറഞ്ഞിട്ടുള്ളതു് ഈ ബുദ്ധിയെയാണ്. ഈ ബുദ്ധിയാണ് സുഖദുഃഖങ്ങൾക്കു് വിധേയനായി ജനനമരണങ്ങളെ നേരിട്ടു കൊണ്ടിരിക്കുന്നതു്.

ഓരോ വ്യക്തിയിലും ബുദ്ധി വ്യത്യസ്തമാണ്. പക്ഷെ ബുദ്ധിയിൽ ജ്ഞാനവും അജ്ഞാനവുമുണ്ടെന്നു് നമുക്കറിയാം ഓരോരുത്തരിലും അറിവും അറിവില്ലായ്മയും കാണുന്നതുതന്നെ അതിന്നു് ദൃഷ്ടാന്തം. 'എ' 'ബി' എന്ന രണ്ടു വ്യക്തികളുണ്ട്. അവരുടെ ബുദ്ധി പലതിലും യോജിപ്പുണ്ട്. പച്ചവെള്ളത്തിന്റെ വിശേഷതയെക്കുറിച്ചു് അവക്കു് രണ്ടുപേക്കും ഒരേ ജ്ഞാനമുണ്ട്. അതുപോലെ തന്നെ അഗ്നിയുടെ ചൂടിനെക്കുറിച്ചും അവർ ഒരേ വിധത്തിൽ ബോധവാന്മാരാണ്. 'എ'യിലേയും 'ബി'യിലേയും ഈ ബോധം—ജ്ഞാനം—വ്യത്യസ്തവും പലതും ആയിരിക്കുന്നതിന്നു് കഴിയുമോ? അങ്ങിനെ വ്യത്യസ്തമാണെങ്കിൽ ഒരേ ബോധം അവർക്കുണ്ടാകുവാൻ നിവൃത്തിയില്ല. അവരുടെ ബോധങ്ങൾ തുല്യമാണെങ്കിൽ—സമമാണെങ്കിൽ—സത്യമാണെങ്കിൽ രണ്ടും ഒന്നായി തന്നെ ഇരിക്കണം. പരമാത്ഥജ്ഞാനമാണ് സത്യമായിട്ടുള്ളതു്. അപ്പോൾ 'എ'യിലും 'ബി'യിലും തുല്യസ്വഭാവമുള്ളതായി ഒരു ഭാവമുണ്ട്. ആ തുല്യഭാവം അവരുടെ ബുദ്ധിയിൽ അടങ്ങിയിരിക്കുന്നതും പരിശുദ്ധവും പരമാത്ഥവുമായ ജ്ഞാനമാണ്—സത്യമാണ്. ഇപ്രകാരംതന്നെ 'സി' എന്ന വ്യക്തിയിലേയും പരമാത്ഥജ്ഞാനം 'എ'യിലേയും 'ബി'യിലേയും പരമാത്ഥജ്ഞാനത്തിന്നു് തുല്യമായിരിക്കുമെന്നു് കാണാവുന്നതാണ്. ഇതുപോലെ പ്രപഞ്ചത്തിലെ എല്ലാ വ്യ

ക്തികളിലെയും പരമാത്മജ്ഞാനം ഒന്നാണെന്നും ഒരേ ഭാവമാണെന്നും അതുമാത്രമാണ് സത്യമായിട്ടുള്ളതെന്നും കാണാവുന്നതാണ്. അത ഛാന്ദോഗ്യോപനിഷത്തിൽ ഉദ്ദാലകമഹർഷി പുത്രൻ ശ്വേതകേതുവിനോട് പറഞ്ഞതുപോലെ, ഈ പ്രപഞ്ചം രണ്ടല്ലാത്ത ഒന്നുമാത്രമാണ്. അതായത് ഒന്നിൽനിന്ന് ഭിന്നമാണെന്നുള്ള പ്രശ്നം ഒരിക്കലും ഉദിക്കുന്നില്ലെന്ന് സമർത്ഥിക്കുവാനാണ് രണ്ടല്ലാത്ത ഒന്ന് എന്ന് ദാർശനികന്മാർ പറഞ്ഞത്. ഈ ഒന്നാണ് പരമാർത്ഥജ്ഞാനത്തിൻെറ ജ്ഞാതാവ്. ഇത് ചൈതന്യമാണ്—ഈശ്വരനാണ്. അപ്പോഠ എല്ലാം അറിയുന്നവൻ ചൈതന്യം തന്നെ —ഈശ്വരൻ തന്നെ.

## എല്ലാ ചരങ്ങളും ഈശ്വരൻ തന്നെ

ഗീത പറയുന്നത്, നാം കാണുന്ന ചരാചരങ്ങഠ എല്ലാം ഈശ്വരൻതന്നെയെന്നാണ് (ഗീത 13_28). ഇത് വ്യക്തമാക്കുന്നതിന്നാണ വിഭൂതിയോഗം (ഗീത അദ്ധ്യായം പത്ത് മുഴവനും) അർജ്ജുനന് പറഞ്ഞുകൊടുത്തത്. അർജ്ജുനന് കേട്ടതുകൊണ്ടുമാത്രം പൂർണ്ണവിശ്വാസം വന്നില്ല. അതുകൊണ്ട് ഈശ്വരൻെറ മായാരൂപങ്ങളെ കണ്ടാൽ കൊള്ളാമെന്ന് ശ്രീകൃഷ്ണനോട് പറഞ്ഞു. (ഗീത 11_4). അപ്പോഴാണ് ആയിരക്കണക്കിനുള്ള ദിവ്യങ്ങളായ രൂപങ്ങളെ കണ്ടുകൊള്ളവാൻ പറഞ്ഞു (ഗീത 11_5, 6) അനേകം രൂപങ്ങളെ കാണിച്ചുകൊടുത്തതു്. അതോടുകൂടി അർജ്ജുനന് സംശയങ്ങഠ തീൎന്നു. കാററും കാലനും അഗ്നിയും വരുണനും ചന്ദ്രനും ബ്രഹ്മാവും പ്രപിതാമഹനും അറിയേണ്ടതും അറിവും ലോകമെങ്ങും വ്യാപിക്കപ്പെട്ടിരിക്കുന്നതും ഈശ്വരൻതന്നെയാണെന്ന് അർജ്ജുനൻ സമ്മതിച്ചു (ഗീത 11_3, 39). അതേ പ്രപഞ്ചത്തിലുള്ള മുഴവൻ എനർജിയും ചരാചരങ്ങളും ഈശ്വരൻ തന്നെ.

## നിഷ്കാമകർമ്മം

ഈ എനേർജി സദാ സമയവും പ്രവർത്തിച്ചുകൊണ്ടിരി

കുന്ന ഒന്നാണ്. ഒന്നിനോടും ബന്ധമില്ലാതെ, ഉദാസീനനായി സദാ സമയവും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ചരാചരങ്ങൾ ചെയ്യുന്നതായി തോന്നപ്പെടുന്നതു് അജ്ഞാനംകൊണ്ടാണ് (ഗീത 7_25). പരമാർത്ഥത്തിൽ എനേർജിയാണ് എല്ലാം ചെയ്യുന്നതു്. അതുതന്നെയാണ് നിഷ്കാമകർമ്മത്തിൽ അടങ്ങിയിരിക്കുന്ന മാഹാത്മ്യം. കർമ്മം ചെയ്യാതെ നിവർത്തിയില്ല. കർമ്മഫലത്തിനു് കാരണമായി ഭവിക്കരുതെന്നു മാത്രം (ഗീത 2_47). ഈ ജ്ഞാനബോധം തന്നെയാണ് ഈശ്വരനോടുള്ള ഭക്തി. അതു് ഈശ്വരനിൽ മനസ്സുള്ളതാക്കിതീർക്കുന്നു. ഈശ്വരനുവേണ്ടി കർമ്മത്തെ ചെയ്യിപ്പിക്കുന്നു; ഈശ്വരനിലലയ്യ ലയിപ്പിക്കുന്നു (ഗീത 18_65). അതേ, നാശമില്ലാത്ത ആത്മാവിനു് പ്രളയകാലത്തുപോലും നാശമില്ലാത്ത മായാശക്തിയാകാമെന്നു്—എനേർജിയാകാമെന്നു്—ഈശ്വരനാകാമെന്നു്. ഇതിനേക്കാൾ വലിയ രഹസ്യം ഏതൊന്നുണ്ടു് പ്രപഞ്ചത്തിൽ? "ഇതി ഗുഹ്യാത് ഗുഹ്യതരം ജ്ഞാനം മയാ ആഖ്യാതം". (ഗീത 18_63). "ഇങ്ങനെ രഹസ്യത്തേക്കാൾ ഏററവും രഹസ്യമായ ജ്ഞാനം തന്നെ ഈശ്വരനാൽ പറയപ്പെട്ടു." അതാണ് "ശ്രീമദ് ഭഗവദ്ഗീത."

ഗീത പറയുന്നതു്, അദ്ധ്യക്ഷനായ പരമേശ്വരൻ നിമിത്തമായി മൂലപ്രകൃതി ചരാചരങ്ങളെ ജനിപ്പിക്കുന്നുവെന്നും (ഗീത 9_10), പ്രളയകാലത്തു് എല്ലാ ചരാചരങ്ങളും പരമേശ്വരന്റെ പ്രകൃതിയെ പ്രാപിക്കുന്നതാണെന്നും കല്പാരംഭത്തിൽ വീണ്ടും അവയെ പുറത്തു വിടുന്നതാണെന്നുംമാണ്. ഗീത പറയുന്ന വചനം തന്നെ നോക്കുക: "ഹേ അർജ്ജുനാ! പ്രളയകാലത്തു് സകല ചരാചരങ്ങളും എന്റെ (ഈശ്വരന്റെ) പ്രകൃതിയെ പ്രാപിക്കുന്നു. കല്പാരംഭത്തിൽ വീണ്ടും ഞാൻ (ഈശ്വരൻ) അവയെ പുറത്തേയ്ക്കു് വിടുന്നു (ഗീത 9_7).

## പരമേശ്വരൻ

പരമേശ്വരഭാവം എന്താണ്? ദേവന്മാരെ ആരാധിക്കുന്നവർ ദേവന്മാരെ പ്രാപിക്കുമെന്നും പരമേശ്വരനെ ആരാധിക്കുന്ന

വർ പരമേശ്വരനെ പ്രാപിക്കുമെന്നും ഗീത പറയുന്നുണ്ട് (ഗീത 9-25, 7-23). ഏതേതു ഭക്തൻ ഏതേതു മൂർത്തിയെ ആരാധിച്ചാലും ഫലം കിട്ടുന്നതു പരമേശ്വരനിൽനിന്നു മാത്രമാണ് (ഗീത 7-21). പല പേരിലറിയപ്പെടുന്ന ദേവന്മാരെന്നു പറയുന്നവരിൽ നിന്നു കിട്ടുന്ന ഫലമെല്ലാം അവസാനമുള്ളതാണ്. ശാശ്വതമല്ല (ഗീത 7-23). ദേവന്മാർ എന്നു പറയുന്നവരെല്ലാം പരമേശ്വരന്റെ ഓരോ അംശം മാത്രം. ശ്രീകൃഷ്ണൻപോലും പരമേശ്വരന്റെ ഒരു അംശമാണെന്ന് അർജ്ജുനന് പറഞ്ഞുകൊടുത്തിട്ടുണ്ട് (ഗീത 10-42). പരമേശ്വരൻ എന്ന അർത്ഥത്തിൽ ശ്രീകൃഷ്ണനേയും പറയുവാൻ നിവൃത്തിയില്ലാത്തതാണ്. ശിവൻ, സനൽകുമാരൻ (സ്കന്ദൻ), ശ്രീരാമൻ, ശ്രീകൃഷ്ണൻ എന്നിവർ ഗീതയിൽ പറയുന്ന യോഗീശ്വരന്മാരാണ്. പരമേശ്വരൻ അക്ഷരനും അവ്യക്തമൂർത്തിയുമാണ്.

## ആരാധന

ഈ യോഗീശ്വരന്മാരെല്ലാം ആരാധനയ്ക്കു അർഹരാകുന്നതു് ഒരു പരിധിവരെയേയുള്ളുവെന്നാണല്ലോ? ദേവന്മാരെ ആരാധിക്കുന്നവർ ദേവന്മാരെ പ്രാപിക്കുന്നുവെന്നും, അവരിൽനിന്നു കിട്ടുന്നുവെന്നു കണക്കാക്കപ്പെടുന്ന ഫലം ശാശ്വതമല്ലെന്നും പറഞ്ഞതിൽ നിന്നു വ്യക്തമാകുന്നതു്.

"ഉത്തമം ബ്രഹ്മസത്ഭാവോ ധ്യാന-
ഭാവസ്തുമധ്യമാഃ
അധമ: സ്തോത്രപാഠാദിർബഹി:
പൂജാധമാധമാഃ"

അതായതു് ബ്രഹ്മത്തിന്റെ സത്ഭാവത്തോടു് ഐക്യമടയാനുള്ള ജീവന്റെ ശ്രമമാണുത്തമം, ധ്യാനത്തിൽ ഏർപ്പെടുന്നതു് മദ്ധ്യമം, നാമോച്ചാരണം അധമം, ബാഹ്യാരാധനം അധമാധമവും (മഹാനിർവാണതന്ത്രം 14-122). ഗീത പറയുന്നതു് എന്താണ്?

"അവ്യക്തം വ്യക്തിമാപന്നം
മന്യന്തേ മാമ ബുദ്ധയഃ
പരം ഭാവമജാനന്തോ
മാം അവ്യയം അനുത്തമം" (ഗീത 7-24)

അൎത്ഥം:- എന്റെ (പരമേശ്വരന്റെ) നാശരഹിതവും ശ്രേഷ്ഠവുമായ പരഭാവത്തെ അറിയാത്ത ബുദ്ധിഹീനന്മാർ അവ്യക്തമായ എന്നെ —വ്യക്തിയെ പ്രാപിച്ചവനായിട്ട് വിചാരിക്കുന്നു.

"അവ ജാനന്തി മാം മൂഢാ
മാനുഷീം തനുമാശ്രിതം
പരംഭാവമജാനന്തോ
മമഭൂതമഹേശ്വരം" (ഗീത 9-11)

അൎത്ഥം:- എന്റെ (പരമേശ്വരന്റെ) ഭൂതമഹേശ്വരനെന്ന ഭാവത്തെ അറിയാത്ത മൂഢന്മാർ എന്നെ മനുഷ്യശരീരമെടുത്തവനെന്നു തെററായി അറിയുന്നു —നിന്ദിക്കുന്നു.

മുകളിൽ പറഞ്ഞ മൂന്നു ശ്ലോകങ്ങളും വ്യക്തമാക്കുന്നതു പരമേശ്വരൻ വ്യക്തിരൂപം എടുക്കുന്നതല്ലെന്നും ആരാധനക്കു് അൎഹൻ ഒരേ ഒരുവൻ—പരമേശ്വരൻ. ആ പരമേശ്വരനു് എന്തു പേർ പറഞ്ഞാലും കൊള്ളാം, ഉള്ളതു് ഒന്നു മാത്രമാണു്. അതിനു പ്രാജ്ഞന്മാർ പല പേരുകളും പറയുകയാണു്. ആരാധനക്കു് അൎഹൻ പരമേശ്വരൻ ഒന്നു മാത്രം. പരമേശ്വരൻ പ്രപഞ്ചം മുഴുവനും നിറഞ്ഞിരിക്കുകയാണു് (ഗീത 9-4). ചരാചരങ്ങളും എല്ലാം പരമേശ്വരനിൽ നിന്നു നാനാ രൂപം എടുത്തവയാണു് (ഗീത 13-30). ചരാചരങ്ങളും ഓരോന്നും പരമേശ്വരന്റെ അംശങ്ങളും തന്നെയാണു്. ശ്രീരാമാനുജൻ പറഞ്ഞതുപോലെ ചരാചരങ്ങളെയെല്ലാം പരമേശ്വരന്റെ ഓരോ അവയവങ്ങളായി കാണുന്നതിനു് അൎഹരാണു്. ഗീത എത്ര പരിശുദ്ധമായിട്ടാണു വ്യക്തമാക്കിയിരിക്കുന്നതു് ഈ മഹാരഹസ്യം.

"സമം സൎവേഷുഭൂതേഷു
തിഷ്ഠന്തം പരമേശ്വരം
വിനിശ്യൽസ്വവിനിശ്യന്തം
യഃപശ്യതി സപശ്യതി" (ഗീത 13-27)

അർത്ഥം:- യുവനൊരുത്തൻ എല്ലാ ഭൂതങ്ങളിലും സമമായിരിക്കുന്ന പരമേശ്വരനെ സകലഭൂതങ്ങളും നശിക്കുമ്പോഴും നശിക്കാത്തവനായി കാണുന്നുവോ അവൻ പരമാർത്ഥത്തെ കാണുന്നു. അതായതു് എല്ലാററിലും പരമേശ്വരൻ ഉണ്ടു്. എല്ലാം പരമേശ്വരൻെറ അംശങ്ങളാം തന്നെ. അപ്പോാം എല്ലാം ആരാധനയ്ക്കു് അർഹരല്ലേ? അർഹരാണു്. പക്ഷെ എല്ലാം അടങ്ങിയതാണു പരമേശ്വരൻ. ആ പരമേശ്വരൻ നിലകൊള്ളുന്നതു് അവ്യക്തമായിട്ടാണു്. എന്താണു് ആരാധന? സ്നേഹമാണു് — ഭക്തിയാണു് ആരാധന. എല്ലാററിനേയും സ്നേഹിക്കുവിൻ. എല്ലാ ചരാചരങ്ങളിലും പരമേശ്വരനെ കാണുവിൻ. അതാണു പരമേശ്വരനോടു കാണിക്കുന്ന ഏററവും വലിയ സ്നേഹം — ഭക്തി ആരാധന. ആ ജ്ഞാന ഭക്തനേയാണു് — യോഗീശ്വരനേയാണു പരമേശ്വരനു് ഏററവും പ്രിയം. ആ ഭക്തൻ വാസ്തവത്തിൽ ഒരു കൊച്ചു പരമേശ്വരനാണു് — ഈശ്വരനാണു് ഗീത പറയുന്നതു് "ഇവർ എല്ലാവരും ശ്രേഷ്ഠന്മാർ തന്നെ; എന്നാൽ ജ്ഞാനിയാകട്ടെ പരമാത്മാ തന്നെ എന്നാണു് എൻെറ (ഈശ്വരൻെറ) അഭിപ്രായം. എന്തുകൊണ്ടെന്നാൽ അവൻ എന്നിലുറച്ച ആത്മാവോടു കൂടി എന്നെ തന്നെ പരമമായ ഗതിയായിട്ടു് കരുതി ഉറച്ചിരിക്കുന്നു (ഗീത 7-18). ആ ജ്ഞാനീശ്വരൻെറ ആത്മാവു് ശരീരം വെടിയുമ്പോാം പരമേശ്വരൻ തന്നെയായിത്തീരുന്നതാണു് ഗീത ഭക്തനെക്കുറിച്ചു് പറയുന്നതു് "ഏതൊരുത്തൻ ഈശ്വരനെ ഏകാന്തമായ ഭക്തിയോഗം കൊണ്ടു് സേവിക്കുന്നുവോ അവൻ ത്രിഗുണങ്ങളെ നല്ലവണ്ണം കടന്നീട്ടു് ബ്രഹ്മഭാവത്തിനു് അർഹനായിത്തീരുന്നു (ഗീത 14-26). അപ്പോാം ചുരുക്കി പറയുകയാണെങ്കിൽ ആരാധനയ്ക്കു് അർഹൻ പരമേശ്വരൻ തന്നെ.

## മോക്ഷം — അമൃതത്വം

യോഗീശ്വരനു വേദങ്ങളിലും യജ്ഞങ്ങളിലും തപസ്സുകളിലും ദാനങ്ങളിലും പറഞ്ഞിരിക്കുന്ന പുണ്യഫലങ്ങളെല്ലാം നിസ്സാരം. അവൻ മൂലകാരണമായ പരമമായ സ്ഥാനത്തെയാണു പ്രാ

പിക്കുന്നതു് (ഗീത 8-28). ആ പരമമായ സ്ഥാനത്തെ പ്രാപിച്ചാൽ പുനർജന്മമില്ലാത്തതാണു പരമമായ സ്ഥാനത്തെയാണു് ഉൽകൃഷ്ടമായ പ്രാപ്യസ്ഥാനമെന്നു പറയുന്നതു്, അതുതന്നെയാണു അവ്യക്തമെന്നും അക്ഷരനെന്നും പറയുന്നതു് (ഗീത 8-21) അതു തന്നെ പരമേശ്വരൻ.

ഈ അക്ഷരനിൽ ജീവികളുടെ ആത്മാവു ലയിക്കുന്നതിനേയാണു മോക്ഷമെന്നു പറയുന്നതു്. "മായാം തരന്തി" മായയെ തരണം ചെയ്യുന്നു (ഗീത 7-14). "മാം പ്രപദ്യതെ" എന്നെ പ്രാപിക്കുന്നു (ഗീത 7-23). "മദ്ഭാവം യാന്തി" എന്റെ ഭാവത്തെ പ്രാപിക്കുന്നു (ഗീത 8-5). "മാം ഏവ ഏഷ്യസി" എന്നെ തന്നെ പ്രാപിക്കും (ഗീത 8-7). "ദിവ്യം പരമം പുരുഷം യാതി" പ്രകാശരൂപനായ പരമപുരുഷനെ പ്രാപിക്കുന്നു (ഗീത 8-8). "ബ്രഹ്മനിർവാണം അധിഗച്ഛതി" ബ്രഹ്മനിർവ്വാണത്തെ കടന്നു പോകുന്നു (ഗീത 5-24) ബ്രഹ്മനിർവ്വാണം ലഭന്തെ ബ്രഹ്മനിർവ്വാണത്തെ ലഭിക്കുന്നു (ഗീത 5-25), ബ്രഹ്മഅധിഗച്ഛതി, ബ്രഹ്മത്തെ തരണം ചെയ്യുന്നു (ഗീത 5-6). "പരാംശാന്തിം അധിഗച്ഛതി" ഉൽകൃഷ്ടമായ ശാന്തിയെ തരണം ചെയ്യുന്നു (ഗീത 4-39). "മാമികാം പ്രകൃതിം യാന്തി" എന്റെ പ്രകൃതിയെ പ്രാപിക്കുന്നു (ഗീത 8-7). "പരാംഗതിംയാതി" ഉൽകൃഷ്ടമായ ഗതിയെ പ്രാപിക്കുന്നു (ഗീത 9-32). "മാം ഏവ പ്രാപ്നുവന്തി" എന്നെ തന്നെ പ്രാപിക്കുന്നു (ഗീത 12-4). അമൃതം അശ്നുതെ, അമൃതത്തെ മോക്ഷത്തെ അനുഭവിക്കുന്നു (ഗീത 14-20). "പരാം ശാന്തിം ശാശ്വതം സ്ഥാനം പ്രാപ്സ്യസി" ഉൽകൃഷ്ടമായ ശാന്തിയേയും നിത്യമായ പരമപദത്തേയും പ്രാപിക്കും (ഗീത 18-62). ഈ വാക്കുകളിൽകൂടി ഗീത വ്യക്തമാക്കുന്നതു ജീവാത്മാവിനു പരമാത്മാവിൽ - പരമേശ്വരനിൽ ലയിക്കുവാൻ അർഹതയുണ്ടെന്നും—ജീവാത്മാവിനു പൂർണ്ണമായ സ്ഥാനം പ്രാപിക്കാമെന്നും പരമേശ്വരഭാവം ആകാമെന്നും ആണു്. ആ ഭാവം അവ്യക്തവും നാശരഹിതവും ആണു്. അതു എനേർജിയാണെന്നു നാം കണ്ടതാണു്. ജീവാത്മാവു് എനേർജിയാകുക എന്ന

താണ് ഈ ഗീതാവാക്യങ്ങൾ എല്ലാം പറയുന്നത്. ശാശ്വതമായ ധർമ്മത്തിൻേറയും നിത്യമായ സുഖത്തിൻേറയും നാശമില്ലാത്ത അമൃതത്തിൻേറയും ഇരിപ്പിടം ഈശ്വരൻ തന്നെയാണ്. അതായത് ഈശ്വരഭാവം തന്നെയാണെന്നു താല്പര്യം. ഈ സ്ഥാനത്തെ പ്രാപിക്കുന്നതിനേയാണ് (ഗീത 14-27) ജനനമരണങ്ങളിൽ നിന്നു വേർപെടൽ എന്നു പറയുന്നത്. ഇതു തന്നെ മോക്ഷം.

## ഭൂതങ്ങളും എനേർജിയും

പ്രപഞ്ചത്തിലെ ചരാചരങ്ങൾ എല്ലാം സത്വം (Neutron) രജസ് (Electron) തമസ് (Proton) എനേർജി (Energy) എന്നിവയുടെ കേന്ദ്രങ്ങളാണെന്നു നാം മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. ധാതുക്കളും ജീവികളും ഈ നാലെണ്ണത്തിൻെറ സമ്മിശ്രം തന്നെ. ഇതു പരമാണുശാസ്ത്രം സമ്മതിച്ചിട്ടുള്ളതാണ്. ഇതു പോലെ തന്നെ ധാതുവിനേയും എനേർജിയേയും അന്യോന്യം മാററപ്പെടാവുന്നതാണ് (Matter and energy are Interchangeable) എന്നും പരമാണുശാസ്ത്രത്തിലെ "ക്ളൊഡ് ചേംമ്പർ" (Cloud Chamber) പരീക്ഷണങ്ങൾ വ്യക്തമാക്കീട്ടുള്ളതാണ്. ഈ മാററങ്ങൾ സദാ സമയവും പ്രപഞ്ചത്തിൽ സൂര്യകിരണങ്ങളുടെ സമ്മർദ്ദത്തിൻകീഴിൽ സംഭവിച്ചു കൊണ്ടിരിക്കുന്നുണ്ടെന്നും പ്രാണവായു (Oxygen) യവക്ഷാരവാതകമായും (Nitrogen) യവക്ഷാരവാതകം അംഗാരമായും (Carbon) അന്തരീക്ഷത്തിൽ സ്വയം മാറിക്കൊണ്ടിരിക്കുന്നുണ്ടെന്നും മററും പരമാണുശാസ്ത്രം അടുത്ത കാലത്തു വ്യക്തമാക്കിയിട്ടുണ്ട്.

പ്രപഞ്ചത്തിൽ കാണുന്ന എനേർജിയെല്ലാം ഹൈഡ്റജൻ അണുക്കൾ പ്രോട്ടോണും ഇലക്ട്രോണുമായി—അതായതു "തമസ്സും" "രജസ്സും" ആയി മാറുന്നതിൽ നിന്നു ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. ഈ എനേർജി സൂര്യനിൽ നിന്നു ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. സദാ സമയവും ഈ എനേർജി സൂര്യനിൽ നിന്നു പ്രവഹിച്ചു കൊണ്ടിരിക്കുന്നുണ്ട്. പരമാണു ശാസ്ത്രം

ഇപ്രകാരമാണ്: "The natural power station already making use of this principle is, ofcourse, the sun and it has been pouring out energy from the fusion of neuclei for billions of years and it is likely to continue doing so for billions of years more, (Atoms and Energy by F. R. Elwell)

1951-ൽ പെസഫിക്കിൽ ഹൈഡ്റജൻ ബോംബ് പൊട്ടിച്ചതതോടുകൂടി, പ്രപഞ്ചത്തിലെ വെള്ളവും ഇരുമ്പും മണ്ണും മനുഷ്യനും എന്നുവേണ്ട ചരാചരങ്ങൾ എല്ലാം തന്നെ എനേർജിയും പ്രോട്ടോണും ഇലക്ട്രോണും ന്യൂട്രോണും ആയി തീരുമെന്നു ശാസ്ത്രജ്ഞന്മാർക്ക ബോധം വന്നിട്ടുണ്ട്. ഇതു പോലെ തന്നെ ജീവാത്മാവായ ന്യൂട്രോൺ സംഘങ്ങൾക്കും എനേർജിയാകാവുന്നതാണ്. ഈ പരമാർത്ഥം തന്നെയാണ പരമാണ ശാസ്ത്രം പറയുന്നതു്. ഇതു തന്നെയാണ ഗീത പറയുന്ന മോക്ഷശാസ്ത്രം.

പരമേശ്വരൻ പരമാത്മാവെന്നും (ഗീത 13-22) പുരുഷോത്തമനെന്നും (ഗീത 15, 18), അക്ഷരനെന്നും (ഗീത 8-21) അവ്യക്താമൂർത്തിയെന്നും (ഗീത 9-3), പരബ്രഹ്മമെന്നും (ഗീത 13-12) പല പേരുകരം പറയുന്നുണ്ട്. പരമേശ്വരനു പര എന്നും അപര എന്നും അല്ലെങ്കിൽ ക്ഷേത്രജ്ഞനെന്നും ക്ഷേത്രമെന്നും പറയുന്ന രണ്ടു പ്രകൃതികരം ഉണ്ട് (ഗീത 13-1, 26). പരയും ക്ഷേത്രജ്ഞനും ഒന്നു തന്നെയാണ്. ഇതു പരമേശ്വരൻെറ അവ്യക്തരൂപം തന്നെയാണ് — മായാശക്തിയാണ്, ജീവസ്വരൂപമായ പ്രകൃതിയാണ് (ഗീത 7-5). ഇതിൽനിന്നു വേറെയായുള്ളതിനേയാണ് അപര എന്നും ക്ഷേത്രമെന്നും ബ്രഹ്മമെന്നും പ്രകൃതിയെന്നും പറയുന്നതു്.

## ബ്രഹ്മം

"ബ്രഹ്മ അക്ഷരസമൂൽഭവം" — ബ്രഹ്മം അക്ഷരനിൽ നിന്നു — പരമേശ്വരനിൽ നിന്നു് ഉൽഭവിക്കുന്നു (ഗീത 3-15). അതായതു എനേർജിയിൽ നിന്നു് മൂലപ്രകൃതിയായ ബ്രഹ്മം ഉൽഭവിക്കുന്നുവെന്നാണ പറയുന്നതു്. എനേർജിയിൽ നിന്നു് ഉൽഭവിക്കുന്നതു ന്യൂട്രോൺ (Neutron) എന്നു പറയുന്ന പരമാണുക്കളാണ്. അതു തന്നെ മൂലപ്രകൃതി. ഇതു ഹൈഡ്റജൻെറ മറെറാരു രൂപ

മാണ്. "സ്വഭാവ: അദ്ധ്യാത്മമുച്യതേ"—പരമേശ്വരന്റെ സ്വഭാവത്തേയാണ് അദ്ധ്യാത്മമെന്നു പറയുന്നതു് (ഗീത 8-3). അതു ചരാചരങ്ങളുടെ മൂലബീജമായ ആത്മാവാണ്. ഈ ബ്രഹ്മ പ്രകൃതിയിൽ നിന്നു് — ന്യൂട്രോണിൽ നിന്നു പരമാണുക്കളായ ഇലക്ട്രോണും (രജസ്) പ്രോട്ടോണും (തമസ്) ഉണ്ടാകുന്നു. ഒരു ഇലക്ട്രോണും (Electron) ഒരു പ്രോട്ടോണും (Proton) ചേർന്നാൽ, എനേർജിയുടെ സമ്മർദ്ദത്തിന്റെ ഏററക്കുറവനുസരിച്ച്, ഒരു ന്യൂട്രോണോ അല്ലെങ്കിൽ ഒരു ഹൈഡ്റജൻ അണുവൊ (Hodrogen Atom) ഉണ്ടാകുന്നതാണ്. പ്രപഞ്ചം മുഴുവനും എനേർജിയും പരമാണുക്കളായ ന്യൂട്രോണും പ്രോട്ടോണും കല്പാരംഭത്തിൽ നിറഞ്ഞിരിക്കുകയായിരുന്നു. ഇന്നു് ഇവകളുടെ നാനാ വിധത്തിലുള്ള സംഘങ്ങളും എനേർജിയും കുറെ ഇലക്ട്രോണും പ്രോട്ടോണും ന്യൂട്രോണും ഒററപ്പെട്ടും നിറഞ്ഞിരിക്കുകയാണ്. കല്പാരംഭത്തിൽ ഉണ്ടായിരുന്നതിൽ ഒരെണ്ണം പോലും കൂടുകയോ കുറയുകയോ ഉണ്ടായിട്ടില്ല.

അക്ഷരഭാവമെന്നും (ഗീത 8, 3-4) അധി ദൈവതമെന്നും (ഗീത 8-4) പുരുഷനെന്നും (ഗീത 13-8) അക്ഷരപുരുഷനെന്നും (ഗീത 15-16) പറയുന്നതു ബ്രഹ്മമായ ന്യൂട്രോണിനെയാണ്. ക്ഷരഭാവമെന്നും (ഗീത 8, 3-4) അധിഭൂതമെന്നും (ഗീത 8-4) പ്രകൃതിയെന്നും (ഗീത 13-8, 9-10), ക്ഷരപുരുഷനെന്നും (ഗീത 15-16) പറയുന്നതു ഇലക്ട്രോൺ പ്രോട്ടോൺ എന്നതിനെയാണ്—ഹൈഡ്റജനെയാണ് - തേജസ്സിനെയാണ് (ഛാന്ദോഗ്യോപനിഷത്തു് 6-23).

## ജീവോൽപത്തി

"കർമ്മ ബ്രഹ്മോൽഭവം വിദ്ധി" കർമ്മം ബ്രഹ്മത്തിൽ നിന്നു് ഉണ്ടാകുന്നതാണെന്നു് മനസ്സിലാക്കണം (ഗീത 3-15). "യജ്ഞ: കർമ്മസമുൽഭവ:" യജ്ഞം കർമ്മത്തിൽനിന്നു് ഉണ്ടാകുന്നു, "യജ്ഞാത്പർജന്യ: ഭവതി" യജ്ഞത്തിൽ നിന്നു മഴയുണ്ടാകുന്നു. പർജന്യാത് അന്ന സംഭവ:" മഴയിൽ നിന്നു് അന്ന

മുണ്ടാകുന്നു) ഗീത 3-14). പ്രപഞ്ചത്തിൽ കാണുന്ന ജീവികഠം ഉണ്ടാകുന്ന പരിണാമസിദ്ധാന്തമാണ് ഈ പറഞ്ഞതു്.

"തസ്മാത് സർവഗതം ബ്രഹ്മ
നിത്യം യജ്ഞേ പ്രതിഷ്ഠിതം" (ഗീത 3-15)

അതായതു് എങ്ങും നിറഞ്ഞിരിക്കുന്ന ബ്രഹ്മം എല്ലായ്പ്പോഴും യജ്ഞത്തിൽ പ്രതിഷ്ഠിതമാണ്. ചരാചരങ്ങഠം രൂപം കൊള്ളുവാനുള്ള മൂലവസ്തുക്കളാണ് ഇലക്ട്രോണും പ്രോട്ടോണും ന്യൂട്രോണും. ചരാചരങ്ങഠം രൂപം എടുത്തു കഴിഞ്ഞാൽ ന്യൂട്രോൺ ഇലക്ട്രോൺ കൊണ്ടും പ്രോട്ടോൺ കൊണ്ടും മൂടപ്പെട്ടു. അതായതു ന്യൂട്രോൺ ഇലക്ട്രോണിലും പ്രോട്ടോണിലും പ്രതിഷ്ഠിതമായി. പ്രപഞ്ചത്തിലെ ചരാചരങ്ങളെ സൃഷ്ടിക്കുവാനുള്ള ഉദ്ദേശത്തോടെ പരമേശ്വരൻ ഇലക്ട്രോണിനേയും പ്രോട്ടോണിനേയും ന്യൂട്രോണിൽ നിന്നു പുറത്തുവിടുന്ന (വിസർഗ: ഗീത 8-3) പ്രവർത്തിയാണ് യജ്ഞം.

"ഭൂതഭാവോൽഭവാകാരോ
വിസർഗ: കർമ്മസംജ്ഞിത" (ഗീത 8-3)

അർത്ഥം:—കർമ്മമെന്നു പറയുന്നതാണു ജീവികളുടെ ഉൽഭവത്തിനു കാരണമായ വിസർഗ്ഗം. അതായതു പരമേശ്വരനിൽ നിന്നു്—എനേർജിയിൽ നിന്നു ഭൂതങ്ങഠം രൂപം കൊള്ളുന്നതിനുള്ള പ്രക്രിയകഠം ആണ് ഈ വിസർഗ്ഗം. ബ്രഹ്മത്തിൽ നിന്നു പരമാണുക്കളും അവയുടെ വിവിധ സംഘങ്ങളും ചേർന്നു ജീവികഠം ഉണ്ടാകുന്നതിനുള്ള നാനാ വിധമായ പ്രക്രിയകളെയാണു (Reaction) കർമ്മമെന്നു പറയുന്നതു്. ഇതു തന്നെയാണു പ്രവർത്തിതമായ ധർമ്മചക്രം (ഗീത 3-16). പരമേശ്വരൻെറ മായാപ്രവർത്തികഠം ഇതു തന്നെ. പക്ഷെ സക്തനല്ലാതെ ഉദാസീനനെപ്പോലെ ഇരിക്കുന്ന പരമേശ്വരനെ ഈ കർമ്മങ്ങഠം ബന്ധിക്കുന്നില്ല (ഗീത 9-9). പരമേശ്വരൻ ഈ കർമ്മത്തിൻെറ നേതൃത്വം എടുക്കുന്നില്ല (ഗീത 4-14). സർവ്വകർമ്മഫലത്യാഗിയാണു പരമേശ്വരൻ.

## പരമാണുശാസ്ത്രവും ജീവോൽപത്തിയും

എനേർജിയിൽ നിന്നു പരമാണുക്കളായ ന്യൂട്രോണും ഇല

ക്ട്രോണും പ്രോട്ടോണും ഉദ്ഭവിക്കുന്നു. അവ പ്രപഞ്ചം മുഴുവനും നിറഞ്ഞിട്ടുണ്ട്. ഒരു ഇലക്ട്രോണും പ്രോട്ടോണും ചേർന്ന് ഒരു ഹൈഡ്റജൻ അണുവും (Atom), ഇതു പോലെ തന്നെ ഒരു പ്രോട്ടോണും ഒരു ഇലക്ട്രോണും ഒരു ന്യൂട്രോണും ചേർന്നു് ഒരു "ഡ്യൂട്ടീറിയം" (Deutirium) അണുവും ഉദ്ഭവിക്കുന്നുണ്ട്. ഈ മൂന്നു വിധമുള്ള പരമാണുക്കൾ രണ്ടെണ്ണം വീതം ചേർന്നാൽ ഒരു "ഹീലിയം" അണുവും ഏഴു വീതം ചേർന്നാൽ ഒരു യവക്ഷാര വാതക (Nitrogen) അണുവും, എട്ടു വീതം ചേർന്നാൽ ഒരു പ്രാണവായു അണുവും, ആറു വീതം ചേർന്നാൽ ഒരു കരിയുടെ (Carbn) അണുവും, ഈ പറഞ്ഞ പരമാണുക്കൾ മൂന്നും നാനാ വിധത്തിൽ ചേർന്നു് ഉണ്ടായിട്ടുള്ളതാണു പ്രപഞ്ചത്തിൽ കാണുന്ന ഹൈഡ്റജൻ മുതൽ പ്ളൂട്ടോണിയം വരെയുള്ള നൂറിൽ താഴെയുള്ള ധാതുക്കൾ (Elements). ഇതു പരമാണുശാസ്ത്രജ്ഞന്മാർ വസ്തുനിഷ്ഠമായ പരീക്ഷണങ്ങളിൽക്കൂടി തെളിയിച്ചിട്ടുള്ളതാണ്. ഈ ധാതുക്കൾ തന്നെയാണു സാംഖ്യദർശനത്തിൽ കപിലമഹർഷി ദർശിച്ചനിരിന്ദ്രിയവസ്തുക്കൾ. സൂര്യൻ ഹൈഡ്റജനും മററു ഗ്രഹങ്ങളും ഉപഗ്രഹങ്ങളും നക്ഷത്രങ്ങളും ആസ്റ്റെറോയിഡുകളും എല്ലാം തന്നെ ഇപ്രകാരം രൂപമെടുത്ത പല ധാതുക്കളാണ്. ഭൂമിയാകട്ടെ ഈ ധാതുക്കളുടെയെല്ലാം സമ്മിശ്രവസ്തുവാണ്.

ഗീത പറയുന്നതു് യജ്ഞത്തിൽ നിന്നു മഴയുണ്ടാകുന്നുവെന്നാണല്ലോ. ഹൈഡ്റജൻെറ രണ്ടു് അണുക്കളും പ്രാണവായുവിൻെറ ഒരു അണുവും കൂടി ചേർന്നാൽ ഉണ്ടാകുന്നതു വെള്ളത്തിൻെറ ഒരു അണുവാണ് $2H_2+O_2 \longrightarrow 2H_2O$ വെള്ളം തന്നെ മഴ. വെള്ളത്തിൽ നിന്നു് അന്നമുണ്ടാകുന്നുവെന്നും ഗീത പറയുന്നുണ്ട്. അന്നം ഭക്ഷണമാണ്. ഭക്ഷണത്തിൽ അടങ്ങിയിരിക്കുന്നതു ഹൈഡ്റജൻ, പ്രാണവായു, കരി എന്നിവയുടെ അണുക്കളാണ് (Atoms) ഭക്ഷണം പലതരം പ്രോട്ടീനുകൾ, പഞ്ചസാരകൾ, കൊഴുപ്പുകൾ മുതലായവയാണ്. പഞ്ചസാരയുടെ ഒരു അണുവിൽ പന്ത്രണ്ടു കരിയുടെ അണുക്കളും 22 ഹൈഡ്റജൻ അണുക്കളും പതിനൊന്നു പ്രാണവായു അണുക്കളും ഉണ്ട്. ഈ

പറഞ്ഞ അന്നത്തിലുള്ള പ്രോട്ടീൻ വസ്തുക്കൾ തന്നെയാണ ജീവികളുടെ അവയവങ്ങളിലുള്ള ഓർഗാനിക്ക് വസ്തുക്കൾ. രസതന്ത്രശാസ്ത്രജ്ഞന്മാരുടെ ഗവേഷണങ്ങളുടെ ഫലമായി ഈ ഓർഗാനിക്ക വസ്തുക്കളെ അവയുടെ പ്രാഥമിക തൽഭവവസ്തുക്കളിൽ നിന്നു നിർമ്മിക്കാമെന്നു് ഇന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. അതായതു് കരിമ്പിനെ ആശ്രയിക്കാതെതന്നെ പഞ്ചസാരയുണ്ടാക്കാമെന്ന ചുരുക്കം ഈ പ്രക്രിയകളെല്ലാം സമുദ്രത്തിന്റെ അഗാധതലങ്ങളിൽ അനായാസേന സൃഷ്ടിക്കപ്പെടുന്ന കരുത്തേറിയ സമ്മർദ്ദത്തിൻകീഴിൽ സ്വയം സംഭവിച്ചുകൊണ്ടിരിക്കുകയും പ്രോട്ടീൻ വസ്തുക്കൾ രൂപമെടുക്കുകയും ചെയ്യുന്നുണ്ടു്. ഇപ്രകാരം കരി, ഹൈഡ്റജൻ, പ്രാണവായു എന്നിവയുടെ അണുക്കൾ (Atoms) കൂടി ചേൎന്നു പ്രോട്ടീൻ വസ്തുക്കളുണ്ടാകുന്നതിനു വളരെ ഉയർന്ന തോതിലുള്ള എനേർജി ആവശ്യമുണ്ടു്. ഈ എനേർജിയുടെ സമ്മർദ്ദത്തിൽ മാത്രമേ പ്രോട്ടീൻ അണുക്കൾ രൂപം കൊള്ളുന്നുള്ളു. ഇതു തന്നെയാണ് ഗീത പറയുന്നതു്:

"മയാധ്യക്ഷേണ പ്രകൃതിഃ
സൂയതേ സചരാചരം" (ഗീത 9–10)

അതായതു പരമേശ്വരൻ നിമിത്തമായി മൂലപ്രകൃതിയിൽ നിന്നു് ചരാചരങ്ങൾ ജനിക്കുന്നു.

## ബയോളജിയും പരമാണുവും

കരി, ഹൈഡ്റജൻ, പ്രാണവായു എന്നിവയിൽനിന്നുണ്ടായ പ്രോട്ടീൻ അണുക്കളാണ കാലക്രമേണ ആദ്യത്തെ ജീവജാലങ്ങളായി രൂപാന്തരപ്പെട്ടതു്. അവയാണ പ്രപഞ്ചത്തിലെ എല്ലാ ജീവികളുടെയും മുൻഗാമികൾ. ആദ്യം ഒററ ജീവബിന്ദു മാത്രമുള്ള ജീവി ഉൽഭവിച്ചു. പിന്നീടു് ഒന്നിലധികം ജീവബിന്ദുക്കളുള്ള ഓർഗാനിസങ്ങൾ സ്വയം ഉണ്ടായി. മത്സ്യം, കൂർമ്മം, വരാഹം, കുരങ്ങു്, നരസിംഹം, കാട്ടുമനുഷ്യൻ, മനുഷ്യൻ മുതലായ നാനാവിധ ജീവികളും ക്രമപ്രകാരം ഉണ്ടായി. ഇതു് എങ്ങനെ സംഭവിച്ചു? ജീവബിന്ദുവിൽ കരിയുടെയും ഹൈഡ്റജന്റെയും പ്രാണവായുവിന്റെയും അണുക്കളാണല്ലോ ഉള്ളതു്.

ഈ ഓരോ അണുവും പ്രോട്ടോണും ഇലക്ട്രോണും ന്യൂട്രോണും എനേർജിയുടെയും കേന്ദ്രമാണ്. ഈ ജീവബിന്ദുവിൽ കരിയിലും ഹൈഡ്രജനിലും പ്രാണവായുവിലും ഉണ്ടായിരുന്ന ന്യൂട്രോൺ അന്യോന്യം ബന്ധിച്ച് ഒരു പ്രത്യേക സംഘമായി എനേർജിയിൽ ചലിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഈ ബിന്ദുവിൽ ആ ചലിക്കുന്ന ന്യൂട്രോൺ സംഘത്തെ ജീവബിന്ദുവിൻെറ ആത്മാവായി കണക്കാക്കാം. ജീവബിന്ദുവിനു നാശം സംഭവിക്കുക എന്നു പറഞ്ഞാൽ കണ്ണുകൾക്കു കാണ്മാൻ കഴിയാത്ത തരത്തിൽ മാററം സംഭവിക്കുക എന്നാണ്. അതായതു പ്രോട്ടോണും ഇലക്ട്രോണും ന്യൂട്രോണും എനേർജിയും അന്യോന്യം വേർപെട്ടു. ഇലക്ട്രോണും പ്രോട്ടോണും ഒററ ഒററയായും കൂട്ടങ്ങളായും വേർതിരിയും. എന്നാൽ ആത്മാവായിരുന്ന ന്യൂട്രോൺ സംഘമായിത്തന്നെയാണ് അന്തരീക്ഷത്തിൽ പോകുന്നതു്. ഈ ന്യൂട്രോൺ സംഘം പ്രപഞ്ചത്തിൽ കിടന്നു സൂര്യരശ്മികൾ തട്ടി സംഘത്തിലെ ന്യൂട്രോണിൻെറ എണ്ണം വർദ്ധിക്കുകയും രണ്ടു ജീവബിന്ദുവുള്ള ജീവിയുടെ ന്യൂട്രോൺ സംഘമായി—ആത്മാവായി പരിണമിക്കുകയും ചെയ്യുന്നു. ഇതു് അതിനു യോജിച്ച യോനിയിൽ പ്രവേശിക്കുകയും—അതായതു് ഒരു ജീവിയുടേതിൽത്തന്നെ പ്രവേശിക്കുകയും ഇതിൽ നിന്നു രണ്ടു ജീവബിന്ദുവുള്ള ജീവിയായി ശരീരം എടുക്കുകയും ചെയ്യുന്നു. ഇപ്രകാരം മൂന്നും, നാലും, ആയിരം, ലക്ഷം, കോടി അങ്ങനെ പല സംഘങ്ങളുള്ള ജീവാത്മാവുകൾ—ന്യൂട്രോൺ—ബ്രഹ്മം ഉണ്ടായിക്കഴിഞ്ഞതിനു കോടിക്കണക്കിനു കൊല്ലങ്ങൾക്കു ശേഷം ഭൂമുഖത്തു സ്വയം പ്രത്യക്ഷപ്പെട്ടു. ഇവ ഓരോന്നും അവർക്കു് അനുയോജിതമായ യോനിയിൽ പ്രവേശിച്ചു്, ശരീരം എടുക്കുന്നു.

മൂലബീജമായ ബ്രഹ്മത്തിൻെറ അംശങ്ങളായ ബീജങ്ങളാണ് ഈ ജീവാത്മാവുകൾ—ന്യൂട്രോൺ സംഘങ്ങൾ എല്ലാം. നിരിന്ദ്രിയവസ്തുക്കളുടെ ആത്മാവിൽ നിന്നു ജീവികളുടെ ആത്മാവിനുള്ള വ്യത്യാസം എനേർജി ന്യൂട്രോണിനെ മൂടപ്പെട്ടതോടൊപ്പം ന്യൂട്രോൺ എനേർജിയിൽ ഓടിക്കൊണ്ടിരിക്കുന്നുണ്ടെന്നും

ആണ്. നിരിന്ദ്രിയവസ്തുക്കളിൽ ന്യൂട്രോൺ നിശ്ചലനാണ്—ഇളകാത്തതാണ്. സോപ്പുപൗഡർ വെള്ളത്തിൽ കലക്കി ഇളക്കികൊണ്ടിരിക്കുമ്പോൾ കുമിളകൾ ഉയർന്നു വരുന്നതുപോലെ ആത്മാവ് എനേർജിയിൽ കലങ്ങുമ്പോൾ കുമിളകൾ പോലെ ഉയർന്നു ശരീരം മുഴുവനും വ്യാപിക്കുകയും ശരീരത്തെ പ്രകാശിപ്പിക്കുകയുമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നതു്. ആ പ്രകാശത്തെയാണു ജീവൻ എന്നു പറയുന്നതു്.

ഈ ന്യൂട്രോൺ സംഘമായ ജീവാത്മാവുകൾക്ക് ഒരു തരത്തിലും നാശം (ഇല്ലായ്മ) വരുത്തുവാൻ വെള്ളത്തിനോ, അഗ്നിക്കോ, കാററിനോ, ആയുധങ്ങൾക്കോ സാദ്ധ്യമല്ല. ന്യൂട്രോൺ എന്നും ഉള്ളതാണ്. ഉണ്ടായാൽ പിന്നെ ഇല്ലാതാവുകയില്ല. പക്ഷേ ജീവാത്മാവുകൾക്കു പരമേശ്വരനിൽ ലയിക്കാമെന്നാണല്ലോ ഗീത പറയുന്നതു്. ന്യൂട്രേണിനു് എനേർജിയാകാമെന്നു നാം പരമാണു ശാസ്ത്രത്തിൽ കണ്ടതാണ്. ന്യൂട്രോൺ സംഘമാണു ജീവാത്മാവ്. അപ്പോൾ ജീവാത്മാവിനും എനേർജിയാകാവുന്നതാണ്—പരമേശ്വരനാകാവുന്നതാണ്. എനേർജിയിൽനിന്നു ന്യൂട്രോണും, ന്യൂട്രോണിനു് എനേർജിയാകാമെന്നും ഉള്ള "ഗുഹ്യതമം ജ്ഞാനം"—ഏററവും രഹസ്യമായ ജ്ഞാനമാണ് അനുഭവജ്ഞാനസഹിതം അസൂയാരഹിതനായ അർജ്ജുനനു് ശ്രീകൃഷ്ണൻ പറഞ്ഞുകൊടുത്തതായി ഗീത പറയുന്നതു് (ഗീത 9-1).

## ജീവാത്മാവും പരമാത്മാവും

ഗീതയിലെ മിക്ക ശ്ലോകങ്ങളും ജീവാത്മാവ് പരമാത്മഭാവത്തിലേയ്ക്കു പ്രവേശിക്കുവാനുള്ള വഴികളെയാണ് ഉപദേശിക്കുന്നതു്. "ബ്രഹ്മ അധിഗച്ഛതി"—ബ്രഹ്മത്തെ കടന്നുപോകാനുള്ള വഴികളാണു ഗീത കാണിക്കുന്നതു്. ഗീത പറയുന്നതു് എല്ലാം ഉപേക്ഷിച്ച്—സന്യസിച്ചു കാട്ടിൽ പോയി തപസ്സു ചെയ്യുവാനാണെന്നും, അല്ല ഭിക്ഷാടനത്തിനു പോകുവാൻ തയാറായ അർജ്ജുനനെ യുദ്ധത്തിനു പ്രേരിപ്പിച്ച വിപ്ളവമാണ് ഉപദേശിക്കുന്നതെന്നും, ഗീതാതത്വത്തെ മനുഷ്യനു ജീവിതത്തിൽ ഉപയോഗപ്രദമാക്കാൻ സാദ്ധ്യമല്ലെന്നും മററുമുള്ള പല അഭിപ്രായങ്ങൾ സാധാരണ കേൾക്കാറുണ്ടല്ലോ.

പരമേശ്വരൻ സക്തനല്ലാതെ കർമ്മഫലത്യാഗിയായി കർമ്മങ്ങൾ ചെയ്യുന്നു. ആ കർമ്മങ്ങൾ പരമേശ്വരനെ ബന്ധിക്കുന്നില്ല (ഗീത 9_9). അതായതു് ഫലത്തെ ആഗ്രഹിക്കാതെ കർമ്മത്തെ ചെയ്യുന്നു. ''അസക്ത: കർമ്മ ആചരൻ പുരുഷ: പരം ആപ്നോതി''—അസക്തനായിട്ടു കർമ്മത്തെ ചെയ്യുന്ന മനുഷ്യൻ പരത്തെ—പരമേശ്വരനെ പ്രാപിക്കുന്നു (ഗീത 5_19). കർമ്മങ്ങൾ പരമേശ്വരനെ സ്പർശിക്കുന്നില്ല (ഗീത 4-14). എല്ലാ സമയവും ചെയ്യേണ്ടതായ കർമ്മത്തെ ചെയ്യുക. ഫലത്തെ ആഗ്രഹിക്കാതെയാകണം (ഗീത 2_47). അപ്പോൾ കർമ്മത്തിൽ അകർമ്മത്തെയും അകർമ്മത്തിൽ കർമ്മത്തെയും കാണുന്നതാണു്, എന്നു് മാത്രമാണു ഗീത പറയുന്നതു് (ഗീത 4-18).

ഇപ്രകാരം കർമ്മം ചെയ്യുന്നവനു് കിട്ടിയതിലും കിട്ടാത്തതിലും സമഭാവനയുണ്ടാകും. അവൻ യോഗീശ്വരനാണു്. അവനു് ആത്മാവിനെ ശരീരത്തിൻെറ ദ്വാരങ്ങളിലും അടക്കീട്ടു മൂർദ്ധാവിൽ നിർത്തുവാൻ കഴിയുന്നതാണു്.

''അഭ്യാസ യോഗ യുക്തേന
ചേതസാ നാന്യ ഗാമിനാ
പരമം പുരുഷം ദിവ്യം
യാതി പാർത്ഥാനു ചിന്തയൻ'' (ഗീത 8_8).

അഭ്യാസ പരിശീലനോപായം നിമിത്തം മററുള്ളതിൽ പോകാത്ത മനസ്സുകൊണ്ടു ധ്യാനിക്കുന്നവൻ പ്രകാശരൂപനായ പരമപുരുഷനെ പ്രാപിക്കുന്നു; എന്നാണു ഗീത പറയുന്നതു്. അതായതു ഹൈഡ്രജൻ ബോംബ് പൊട്ടിക്കുന്നതു പോലെ യോഗീശ്വരനും തൻെറ ആത്മാവിലെ ന്യൂട്രോണിനെ പൊട്ടിക്കുന്നുവെന്നാണു പറയുന്നതു്. അങ്ങനെ പൊട്ടിക്കുമ്പോൾ ന്യൂട്രോൺ എനേർജിയായി മാറുന്നു—അതേ പരമാണു ശാസ്ത്രത്തിൽ കണ്ട ന്യൂട്രോൺ എനേർജിയായതുപോലെ ജീവാത്മാവായ ന്യൂട്രോൺ സംഘം എനേർജിയായി മാറുന്നു—എനേർജിയിൽ ലയിക്കുന്നു. അതേ പരമേശ്വരനിൽ ലയിക്കുകയാണു ചെയ്യുന്നതു്. ഇതു തന്നെയാണു് ''ഗുഹ്യതമം ജ്ഞാനം''—ഏററവും രഹസ്യമായ ജ്ഞാനം.

## അവതാരങ്ങൾ

ഗീത പറയുന്നതു് ഭൂതങ്ങളുടെ (ചരാചരങ്ങളുടെ) വെവ്വേറെയുള്ള ഭാവം ഒന്നിലിരിക്കുന്നതാണെന്നും അതിൽ നിന്നു തന്നെ വിസ്താരമായതാണെന്നും — നാനാ രൂപമമായതാണെന്നും ആണു് (ഗീത 13-20). പ്രപഞ്ചത്തിൽ കാണുന്നതെല്ലാം ഈശ്വരഭാവമായ രണ്ടു പ്രകൃതികൾ കൊണ്ടാണു് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും ഗീത വ്യക്തമാക്കിയിട്ടുണ്ടു് (ഗീത 7-6). ഈശ്വരനിൽ നിന്നു് അപ്പുറമായി വേറെ ഒന്നും തന്നെയില്ലെന്നും എല്ലാം ചരടിൽ മണിക്കുട്ടമെന്നപോലെ ഈ പ്രപഞ്ചം മുഴുവനും കോർക്കപ്പെട്ടിരിക്കുകയാണെന്നും ഗീത പറയുന്നുണ്ടു് (ഗീത 7-7). വെള്ളത്തിലെ രസവും സൂര്യചന്ദ്രന്മാരിലെ പ്രകാശവും വേദങ്ങളിലെ ഓംകാരവും മനുഷ്യനിലെ മനുഷ്യത്വവും ഭൂമിയിലെ പരിശുദ്ധമായ ഗന്ധവും അഗ്നിയിലെ തേജസ്സും എല്ലാ ജീവികളിലെ ജീവനും തപസ്വികളിലെ തപസ്സും സർവ്വചരാചരങ്ങളുടേയും നിത്യമായ ബീജവും ബുദ്ധിമാന്മാരുടെ ബുദ്ധിയും തേജസ്വികളുടെ തേജസ്സും ബലവാന്മാരുടെ കാമവും രാഗവും ചേരാത്ത ബലവും ജീവികളിലെ ധർമ്മവിരുദ്ധമല്ലാത്ത കാമവും ഈശ്വരൻ തന്നെയാണെന്നാണു് ഗീത പറയുന്നതു് (ഗീത 7-8 to 11). അഹം സർവ്വസ്യപ്രഭവഃ മത്തഃ സർവ്വം പ്രവർത്തതേ — ഈശ്വരൻ എല്ലാററിൻേറയും ഉല്പത്തി സ്ഥാനമാണു്. ഈശ്വരനിൽ നിന്നു തന്നെ എല്ലാം പ്രവർത്തിക്കുന്നു (ഗീത 10-8) എന്നും ഗീത പറയുന്നുണ്ടു്. ഇതിൽ നിന്നു് വ്യക്തമാകുന്നതു് ഗീതാകാരനു് പ്രപഞ്ചത്തിൽ കാണുന്നതെല്ലാം ഈശ്വരൻ തന്നെയാണെന്നും നമ്മുടെ കണ്ണിൽ ചരാചരങ്ങളെ വിഭിന്നമായി തോന്നിക്കുന്നുണ്ടെങ്കിലും അവകൾ എല്ലാം ബന്ധപ്പെട്ടിട്ടുണ്ടെന്നും അവകളെല്ലാം ഒന്നായി തന്നെ നിലകൊള്ളുന്നുണ്ടെന്നുമാണു്. ഭൂമിയും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും വിഭിന്നങ്ങളല്ല. എല്ലാം പലവിധ ധാതുക്കൾ (elements) കൊണ്ടു തന്നെ കോർക്കപ്പെട്ടിട്ടുണ്ടു്. ധാതുക്കളാണെങ്കിൽ എനർജിയും ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ എന്നിവയുടെ സംഘാതമാണു്. അപ്പോൾ എല്ലാം എനർജിയിൽ തന്നെ സ്ഥിതി ചെയ്യുന്നു; അതായതു് ഈശ്വരനിൽ തന്നെ ഇരിക്കുന്നു. പ്രപഞ്ചം മുഴുവനും എനർജിയുടെ രൂപഭേദങ്ങൾ തന്നെ. എല്ലാ

ചരാചരങ്ങളും ഈശ്വരാവതാരങ്ങാം തന്നെ. ശ്രീരാമനും ശ്രീകൃഷ്ണനും ഹൈഡ്രജൻ മുതൽ പ്ലൂട്ടോണിയം വരെയുള്ള എല്ലാ ധാതുക്കളും മണ്ണും മനുഷ്യരും അങ്ങിനെ എല്ലാം തന്നെ ഈശ്വരാവതാരമാണ്. സാധാരണക്കാരൻ ഈശ്വരാവതാരങ്ങാം എന്നു പറയുന്നു. എല്ലാററിലും സമത്വം ദർശിച്ച യോഗീശ്വരൻ എല്ലാം ഒന്നാണെന്നും ഈശ്വരാവതാരമാണെന്നും പറയുന്നു. ''ഏകമേവാദ്വിതീയം''— ഇതു് രണ്ടല്ലാത്ത ഒന്നാണ്.

## കുചേലനും കുബേരനും

പഞ്ചസാരത്തരിക്ക പഞ്ചസാരയോടും കരിമ്പിൻ നീരിനോടും ഉള്ള ബന്ധമാണ ജീവാത്മാവിനു ബ്രഹ്മത്തോടും പരമേശ്വരനോടുമുള്ളതെന്നു പറയാവുന്നതാണ്. ബ്രഹ്മം പരമേശ്വരൻെറ അപരാപ്രകൃതിയാണെങ്കിലും ജീവാത്മാവിനെ സംബന്ധിച്ചിടത്തോളം ബ്രഹ്മം മാതാവാണ്, പരമേശ്വരൻ പിതാവും. ഇതു ഗീത വ്യക്തമാക്കിയിട്ടുണ്ട് (ഗീത 14-3, 4). ജീവാത്മാവിനു പുരാണങ്ങളിൽ പറയുന്ന വിഷ്ണു പിതാവായ പരമേശ്വരനും ബ്രഹ്മാവു മാതാവായ ബ്രഹ്മവുമാണ്. പരമേശ്വരൻെറയും ബ്രഹ്മത്തിൻെറയും മക്കളാണ ജീവാത്മാവുകാം. ഈ പിതാവിനേയും മാതാവിനേയും മനസ്സിലാക്കിയവനാണ പുരാണങ്ങളിൽ പറയുന്ന ശിവൻ. പരമേശ്വരനും ബ്രഹ്മത്തിനും മനുഷ്യരൂപങ്ങാം ഒന്നും ഇല്ല. പരമേശ്വരൻ എനേർജിയാണ്. ബ്രഹ്മം ന്യൂട്രോണാണ്. ജീവാത്മാവുകാംക്കെല്ലാം ശിവനാകാവുന്നതാണ്. ജ്ഞാനാഗ്നിയുള്ളവനാണ ശിവൻ. ഭ്രൂമദ്ധ്യത്തിലുള്ള ജ്ഞാനാഗ്നിയെ ആക്കു് കാണ്മാനും പ്രയോഗിക്കുവാനും കഴിയുന്നുവൊ അവനെയാണ ശിവൻ എന്നു പറയുന്നതു്. അതേ മനുഷ്യസ്വരൂപമുള്ളവനാണ ശിവൻ.

ശിവൻ യോഗീശ്വരനാണ്. ആക്കും യോഗീശ്വരനാകാവുന്നതാണ്. ഓരോരുത്തരും പ്രവർത്തിക്കുന്ന കർമ്മങ്ങളാണ് അതിലേക്കു നയിക്കുന്നതു്. കുചേലനാക്കുന്നതും കുബേരനാക്കുന്നതും ശിവനാക്കുന്നതും ഈ കർമ്മം തന്നെ. ഗീത പറയുന്നതു് എന്താണ്? സൃഷ്ടിയുടെ ആദികാലത്തു ബ്രഹ്മം യജ്ഞത്തോടു കൂടി പ്രജകളെ സൃഷ്ടിച്ചു. എന്നിട്ടു് അവരോടു പറഞ്ഞു ''യജ്ഞം

കൊണ്ടു നിങ്ങൾ അഭിവൃദ്ധിപ്പെട്ടുവിൻ, യജ്ഞം നിങ്ങൾക്ക് ഇഷ്ടമായ സുഖത്തെ തരും.'' അതായതു പരമേശ്വരനും ബ്രഹ്മവും ജീവാത്മാവിൻെറ സുഖദുഃഖത്തിൽ ഉത്തരവാദിയല്ലെന്നും ജീവാത്മാവു ചെയ്യുന്ന യജ്ഞ (കർമ്മം) മാണു സുഖദുഃഖങ്ങൾക്കു കാരണമാകുന്നതെന്നുമാണ്. പരമേശ്വരൻ ആരുടേയും പാപത്തേയും പുണ്യത്തേയും എടുക്കുന്നില്ല (ഗീത 5–15). കർമ്മത്തേയും ഫലത്തേയും ചേർത്തുവയ്ക്കുന്നില്ല. സ്വഭാവമാണു പുണ്യത്തേയും കർമ്മത്തേയും ചേർത്തു വയ്ക്കുന്നതു് (ഗീത 5–14). സ്വഭാവമാണു ജീവാത്മാവു് (ഗീത 8–3). ജീവാത്മാവു് ഓരോ ശരീരത്തിലും ഇരിക്കുന്നതുകൊണ്ടു് ഒരു വക പരിചയം സമ്പാദിക്കുന്നു. ആ പരിചയം തന്നെയാണു സ്വഭാവം. അതായതു സുഖദുഃഖങ്ങളോടുള്ള അനുഭവബന്ധമാണു സ്വഭാവം. ''അസ്യ ഗുണസംഗഃസദ്സദ്യോനി ജന്മസുകാരണം'' ജീവാത്മാവിനു സുഖദുഃഖാദികളോടുള്ള അനുഭവബന്ധം നിമിത്തം നല്ലതും ചീത്തയുമായ യോനിയിൽ ജന്മമെടുക്കുന്നതിനു കാരണമാകുന്നു (ഗീത 13–21).

ഇപ്രകാരമെല്ലാം സംഭവിക്കുന്നതിനുള്ള ഉപകരണം പരമേശ്വരൻ തന്നെ. ജീവാത്മാവു ചെയ്യുന്നതിനെല്ലാം സാക്ഷിഭൂതനാണു പരമേശ്വരൻ (ഗീത 13–22). ''താൻ പാതി ദൈവം പാതി'' എന്ന പഴഞ്ചൊല്ലു് കേൾക്കാറുണ്ടല്ലോ. അതു പരമാത്ഥമാണ്. ജീവാത്മാവു് കർമ്മം ചെയ്യുന്നു, അതാണു താൻ പാതി. ആ കർമ്മത്തിനു പരമേശ്വരൻെറ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ധർമ്മചക്രത്തിൽ നിന്നു സ്വയം തന്നെ ഉണ്ടാകുന്ന തിരിച്ചടി (reaction) യാണു ''ദൈവം പാതി'' എന്നു പറയുന്നതു്. ഈ പകുതിയെ പ്രവർത്തിപ്പിക്കാൻ പരമേശ്വരൻ അതു നോക്കി ഇരിക്കേണ്ടതില്ല. പക്ഷെ ഓരോ ശരീരത്തിലുള്ള പരമേശ്വരിപ്രകൃതിയായ ''പര'' സ്വയം പ്രവർത്തിക്കുകയാണു ചെയ്യുന്നതു്. പരമേശ്വരൻ ജീവാത്മാവിനു ബന്ധുവല്ല, ശത്രുവുമല്ല. ആത്മാവിനു് ആത്മാവു തന്നെ ബന്ധു, ആത്മാവു തന്നെ ശത്രു (ഗീത 6–5). അതായതു് ഓരോരുത്തനും അവൻെറ ബന്ധുവും ശത്രുവും ആത്മാവു തന്നെ. പരമേശ്വരനു് എല്ലാം സമമാണ്. ആരോടും പ്രത്യേക സ്നേഹവും കോപവുമില്ല. പക്ഷെ വ്യത്യാസമുണ്ടെന്നു തോന്നുന്നതു ''താൻ പാതി ദൈവം പാതി'' എന്ന തത്വം അറിയാത്തതു കൊണ്ടാണ്.

കുചേലനും കുബേരനും പരമേശ്വരന്റെയും ബ്രഹ്മത്തിന്റെയും മക്കാം. അതേ ഒരേ പിതാവിന്റെയും മാതാവിന്റേയും മക്കാം. മക്കാം ഓരോരുത്തരും അവരുടെ യജ്ഞ (കർമ്മം) മനുസരിച്ചു ജനിച്ചു വളരുന്നു. ഒരേ മാതാപിതാക്കന്മാരുടെ മക്കാം ഓരോരുത്തരും വ്യത്യാസപ്പെട്ടല്ലെ കാണുന്നതു്. മാതാപിതാക്കന്മാർ ഒന്നു്. അതായത്തു മക്കാം എല്ലാവക്കും പരമേശ്വരനും ബ്രഹ്മാവും ഒന്നു തന്നെ. പക്ഷെ മക്കാം വ്യത്യാസമുണ്ടു്. അതിനു കാരണം ജീവാത്മാവുകളുടെ വ്യത്യാസം തന്നെ. ഓരോ ആത്മാവും ശരീരത്തിൽ ഇരിക്കുമ്പോാം മനസ്സുകൊണ്ടും വാക്കുകൊണ്ടും കർമ്മംകൊണ്ടും ചെയ്യുന്ന യജ്ഞം വ്യത്യാസപ്പെട്ടതാണു്. ഈ യജ്ഞത്തിന്റെ ഫലമാണു ജീവാത്മാവുകാം ഓരോന്നും വ്യത്യാസപ്പെട്ടു കാണുന്നതു്. ഇന്നലെ കുബേരനോ കുചേലനോ ആയിരുന്നപ്പോാം ചെയ്ത യജ്ഞത്തിന്റെ ഫലമാണു് ഇന്നു കുചേലനൊ കുഷ്ഠരോഗിയോ ആയതെന്നു് ഉന്നു് ആരും അറിയുന്നില്ല. ഈ അറിയാത്തതു തന്നെയാണു സംസാരസാഗരത്തിന്റെ രഹസ്യം.

ജീവാത്മാവു് ഈ സംസാരസാഗരത്തിൽ നീന്തി തുടിക്കുകയാണു്. ഈ കുചേല കുബേരവ്യത്യാസത്തിനു പരമേശ്വരനെ കുററക്കാരനാക്കി പറഞ്ഞു കൂടാത്തതാണു്. ഇപ്രകാരം സംഭവിപ്പിക്കേണ്ടതാണല്ലോ നിഷ്പക്ഷനായ പരമേശ്വരൻ ചെയ്യേണ്ടതു്. സത്യം സത്യമായും അനീതി അനീതിയായും അക്രമം അക്രമമായും കാണേണ്ടതാണല്ലോ സത്യസന്ധനായ പരമേശ്വരന്റെ ചുമതല. ജീവാത്മാവു ചെയ്യുന്നതിനെല്ലാം ഫലം നല്കേണ്ടതു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ധർമ്മചക്രത്തിന്റെ ചുമതലയാണു്. പക്ഷെ ഇന്നു വെച്ചു വാഴ ഇന്നു ഫലം തരാറില്ലല്ലോ. ഫലം നല്കുന്നതിനു സമയം വേണം. ജീവാത്മാവു ചെയ്യുന്നതെല്ലാം സ്വയം അനുഭവിച്ചേ തീരൂ. അതു് ആരാലും പകു വെട്ടുകുവാൻ സാദ്ധ്യമല്ല. ആത്മാവിനു ബന്ധുവും ശത്രുവും ആത്മാവുതന്നെ. ഇതു മനസ്സിലാക്കുക എന്നതാണു് ഏററവും മഹത്തായ ജ്ഞാനം. ഇതു തന്നെ മോക്ഷശാസ്ത്രം. ശ്രീമദ് ഭഗവദ്ഗീത പ്രതിപാദിക്കുന്ന മഹാരഹസ്യവും ഇതു തന്നെ.

ഓം. തത്. സത്. ഓം.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M294.592 Acc. No. 75[illegible]

This book should be returned on or before the date last stamped below.

| | |
|---|---|
| 3 JAN | 18 SEP 1984 |
| 17 SEP 1979 | 19 SEP 1987 |
| 23 JUL 1982 | 1 NOV 1988 |
| 29 SEP 1983 | 18 FEB 1989 |
| 17 OCT 198[illegible] | 8 JAN 1990 |
| 24 OCT 1983 | 4 SEP 1991 |
| 21 NOV 1983 | 27 DEC 1990 |
| 29 NOV 1983 | 21 SEP 2008 |
| 16 APR 1984 | 4 JAN 2011 |
| 16 MAY 1984 | 1 NOV 2014 |
| 28 MAY 1984 | |
| 9 JUL 1984 | |
| 28 NOV 1985 | |

M294.592 75519
Ram-G

രാമചന്ദ്രൻ, സി.കെ.
ഗീതയും അറ്റോമിക് എനർജിയും

KOTTAYAM PUBLIC LIBRARY

Call No. M294.592 Acc. No. 75619

Author [illegible]

Title [illegible]